# മഹാകവി കെ. വി. സൈമൺ



**എം. വി. സെബാസ്റ്റ്യൻ, കൊട്ടേക്കാട്**

**'റിയൽ ലൈഫ് വോയ്സ്' മാസികയിൽ
2012 ജൂലായ് മുതൽ 2014 ജൂലായ് വരെയുള്ള
25 ലക്കങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച
ലേഖനപരമ്പരയാണിത്.**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ജനനം, വിദ്യാഭ്യാസം | 3 |
| 2. | വിവാഹം, പ്രസംഗങ്ങൾ | 8 |
| 3. | വേദവിഹാരം - മഹാകാവ്യം | 14 |
| 4. | വേദവിഹാരം: അതിന്റെ 'പോരായ്മകൾ' | 19 |
| 5. | വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ | 22 |
| 6. | വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ | 24 |
| 7. | വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ | 27 |
| 8. | വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ | 30 |
| 9. | വേദവിഹാരം: ...അവഗണിക്കപ്പെട്ട ഒരു മഹാകാവ്യം | 32 |
| 10. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 36 |
| 11. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 40 |
| 12. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 43 |
| 13. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 46 |
| 14. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 49 |
| 15. | വേദവിഹാരം: മനോഹരമീ മഹാകാവ്യം! | 52 |
| 16. | മഹാകവി സ്നാനപ്പെടുത്തിയ ശ്രീ. ടി. കെ. ജോൺ | 55 |
| 17. | ഷാലബത്യാ (ഉത്തമഗീതവ്യാഖ്യാനം) | 59 |
| 18. | നിക്കൊലാവ്യമതം അഥവാ പട്ടം | 63 |
| 19. | നിക്കൊലാവ്യമതം അഥവാ പട്ടം | 65 |
| 20. | വെളിപ്പാടു പുസ്തകവ്യാഖ്യാനം | 69 |
| 21. | സംവാദം: നീലത്താമര | 72 |
| 22. | സംവാദം: സ്നാനം | 74 |
| 23. | മറുഭാഷാനികഷം | 77 |
| 24. | ശാപതാചാരത്തിന്റെ പാഷാണ്ഡത | 80 |
| 25. | സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനീരൂപണം | 84 |
| 26. | സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനീരൂപണം | 87 |
| 27. | സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനീരൂപണം | 89 |
| 28. | തിരശ്ശീല വീഴുന്നു | 91 |

# ജനനം, വിദ്യാഭ്യാസം

1

*"വാഴ്ത്തുക നീ മനമേ എൻ പരനേ*
*വാഴ്ത്തുക നീ മനമേ*
*വാഴ്ത്തുക തൻ ശുദ്ധനാമത്തെ ചേർത്തു*
*പാർത്ഥിവൻ തന്നുപകാരത്തെയോർത്തു"*

കേരളക്രൈസ്തവർ ഇന്നും തങ്ങളുടെ സഭായോഗങ്ങളിൽ പാടുന്ന സ്തോത്രഗീതം! രചന: മഹാകവി കെ.വി.സൈമൺ. ജനനം: 1883 ഫെബ്രുവരി 7. മരണം: 1944 ഫെബ്രുവരി 20. മഹാകവി കെ. വി. സൈമൺ ഒരു ഫെബ്രുവരി മാസത്തിൽ ജനിയ്ക്കുകയും, മറ്റൊരു ഫെബ്രുവരി മാസത്തിൽ നിത്യതയിലേക്ക് പറന്നുയരുകയും ചെയ്തു.

### ജനനം

ആറന്മുള മഹാക്ഷേത്രത്തിൽനിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറാണ് ഇടയാറന്മുള ഗ്രാമം. ആ ഗ്രാമത്തിന്റെ കിഴക്കേ അതിർത്തിക്കടുത്താണ് കുന്നുംപുറത്ത് ഭവനം. ഈ കുന്നുംപുറത്തു ഭവനത്തിൽ, വറുഗീസിന്റെയും കാണ്ടമ്മയുടെയും മകനായി സൈമൺ ജനിച്ചു. സംഗീതത്തിലും സാഹിത്യത്തിലും നല്ല താൽപ്പര്യമുള്ള വളായിരുന്നു കാണ്ടമ്മ. ബൈബിളിലും, ഹൈന്ദവ പുരാണങ്ങളിലും നൈപുണ്യം നേടിയവനായിരുന്നു വറുഗീസ്. മാതാപിതാക്കളുടെ ഈ വാസനകൾ മകനും ലഭിച്ചു. "മാതാപിതാക്കളിൽനിന്ന് അവരുടെ ദശമസന്താനമായ സൈമനു ലഭിച്ച ജന്മസിദ്ധി കളാണ്, പിൽക്കാലത്ത് വളർന്നുമുറ്റി അദ്ദേഹത്തിന്റെ ചില പ്രകൃഷ്ടഗുണങ്ങളായി പരിലസിച്ചത്" എന്നു പ്രൊഫ. കെ.എം.ഡാനിയേൽ എഴുതിയിരിക്കുന്നു. (*മഹാകവി കെ.വി. സൈമൺ ജന്മശതാബ്ദി സ്മരണിക*, പേജ് 2).

കർത്തൃദാസൻ എം.ഈ. ചെറിയാൻ 'സ്വകുടുംബം നല്ല അഭ്യാസക്കളരി' എന്ന ശീർഷകത്തിൽ എഴുതുന്നത് ഇപ്രകാരമാണ്:

> ദൈവം തന്റെ പ്രവർത്തകരെ യാദൃച്ഛികമായോ ത്വരിതമായോ തിര ഞ്ഞെടുക്കുന്നില്ല. മോശെയെ ഫറവോന്റെ അരമനയിൽ രാജകുമാര നായും മിദ്യാനിലെ സമതലങ്ങളിൽ അജപാലകനായും 40 വർഷങ്ങൾ വീതം പരിശീലിപ്പിച്ചശേഷമാണ് യിസ്രായേലിനെ ഉദ്ധരിക്കുവാൻ നിയോഗിച്ചത്. സൈമണെ ഒരു മിഷനറിയായി രൂപപ്പെടുത്താൻ

അന്യരാജ്യങ്ങളിലെങ്ങും ദൈവം അയക്കേണ്ടിവന്നില്ല. സൈമന്റെ കുടുംബം നല്ല ഒരു അഭ്യസനക്കളരിയായിരുന്നു. (*സ്മരണിക*, 241-242)

(ഇന്നത്തെ മാതാപിതാക്കളിൽനിന്നും തങ്ങളുടെ മക്കൾക്ക് ലഭിയ്ക്കുന്ന വാസനകൾ എന്തൊക്കെയാണ്? ആഢംഭരഭ്രമവും, വസ്ത്രഭ്രമവും, അലങ്കാരഭ്രമവും, സിനിമാഭ്രാന്തും, സീരിയൽ ഭ്രാന്തും.....ഒക്കെയല്ലേ? അസഭ്യവാക്കുകൾ, ദ്വയാർത്ഥപ്രയോഗങ്ങൾ.... ഇതെല്ലാമാണ് പൈതൃകമായി പല മക്കൾക്കും ലഭിക്കുന്നത്. ആത്മികമായി എന്തു നന്മയാണ് മാതാപിതാക്കൾ മക്കൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്? വിശ്വാസിക്കുടുംബങ്ങളിൽ നിന്നും വിശ്വാസികളായ മക്കൾ ഉയർന്നുവരട്ടെ. അവരെ ആത്മികതയുടെ പന്ഥാവിലൂടെ നടത്താനുള്ള ഭാരിച്ച ഉത്തരവാദിത്വം അവരുടെ മാതാപിതാക്കൾക്കുണ്ട് എന്ന കാര്യം വിസ്മരിച്ചു കൂടാ).

**വിദ്യാഭ്യാസം**

ഔപചാരികവിദ്യാഭ്യാസം ഏറെയൊന്നുമില്ലാ സൈമന്. 1896ൽ, അതായത് അദ്ദേഹത്തിനു 13 വയസ്സുള്ളപ്പോൾ, നടത്തിയ നാട്ടുഭാഷാ പ്രാഥമികപരീക്ഷയിൽ ജയിച്ചു. ഇത്രയേയുള്ളൂ ഔപചാരികവിദ്യാഭ്യാസം. ഇതോടെ എം.റ്റി.സ്ക്കൂളിലെ ഒരു അസിസ്റ്റൻഡ് അധ്യാപകനായി 13-ാമത്തെ വയസ്സിൽ നിയമിക്കപ്പെട്ടു. 21 വർഷം അദ്ദേഹം അവിടെ അധ്യാപകനായിരുന്നു. ജോലി ലഭിച്ചെങ്കിലും, സ്വന്ത പരിശ്രമത്താൽ അദ്ദേഹം പഠനം തുടർന്നു. സംസ്കൃതം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, തെലുങ്ക്, കർണ്ണാടകം, ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു, സിറിയക് എന്നിങ്ങനെ വിവിധ ഭാഷകൾ അദ്ദേഹം പഠിച്ചു. അദ്ദേഹത്തെപ്പറ്റി എം.പി.അപ്പൻ എഴുതിയ കവിതയിലെ രണ്ടുവരി ഇപ്രകാരമാണ്:

അതുലിതം തവബുദ്ധി ഹാ! പതിനെട്ടുഭാഷ പഠിച്ചതും
കുതുകദായകമായിടുന്നൊരു ലീലയായ് പ്രതിഭാനിധേ!
(*സ്മരണിക*, 17)

“അദ്ദേഹത്തെ ചലിക്കുന്ന ഒരു വിജ്ഞാനകോശമായി നാട്ടുകാർ പരിഗണിച്ചു.....നാട്ടുകാരും പരിചയക്കാരും അദ്ദേഹത്തെ സൈമൺ സാർ എന്നാണ് വിളിച്ചിരുന്നത്” എന്നു പ്രൊഫ. കെ.എം.ഡാനിയേലും (*സ്മരണിക*, 4), “അറിവിനോടു ഇത്ര വളരെ ബഹുമാനവും, അറിവു നേടുന്നതിൽ ഇത്ര വളരെ അഭിനിവേശവും ഉള്ള അധികം പേരെ ഞാൻ കണ്ടിട്ടില്ല” എന്നു ഡോ. കെ.എം.ജോർജ്ജും (*സ്മരണിക*, 343) അഭിപ്രായപ്പെട്ടിരിക്കുന്നത് എത്രയോ സമുചിതമായിരിക്കുന്നു!

(പഠിക്കുവാൻ കഴിവുകളുണ്ടായിട്ടും അവസരമുണ്ടായിട്ടും ഉഴപ്പി നടക്കുന്നവരാണ് ഇന്നത്തെ തലമുറയിൽ ഏറെയും. വിറ്റു പെറുക്കി പഠിപ്പിക്കുവാൻ വീട്ടുകാർ തയ്യാറാണ്. മക്കൾ പക്ഷേ പഠിക്കാൻ തയ്യാറല്ല. പെറ്റ തള്ളവരെ സഹിക്കാത്ത രീതിയിലുള്ള പരിഷ്കാരങ്ങൾ തലമുടിയിലും കൃതാവിലും വരുത്തി, “ദേ, ഇപ്പൊ ഊർന്നു വീഴും” എന്ന തോന്നലുളവാക്കുന്ന രീതിയിലുള്ള പാന്റും ധരിച്ച്, പാൻപരാഗും വായിലിട്ടുചവച്ച്, ഏതോ വിഡ്ഢിലോകത്തിൽ ജീവിക്കുന്ന കുറെ മനോരോഗികൾ.....ഓ, ഒരെണ്ണം കൂടിയുണ്ട്. കയ്യിന്മേലുള്ള കറുത്ത ചരടുകൊണ്ടുള്ള കെട്ടുകൾ. പണ്ടൊക്കെ ഇത് അരയിൽ കെട്ടിയിരുന്നതാണ്. വിശ്വാസികളുടെ മക്കളിലും ചിലർ ഈ റൂട്ടിലൂടെ തന്നെയാണ് സഞ്ചരിക്കുന്നത് എന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. ഇന്നത്തെ തലമുറയിലെ കുട്ടികൾ മഹാകവി കെ.വി. സൈമണെ കണ്ടുപഠിക്കട്ടെ. വായനാശീലം വളർത്തിയെടുക്കട്ടെ)

**ബ്രദറൺ സഭയിലേക്ക്**

കെ.വി.സൈമൺ മർത്തോമാസഭാംഗമായിരുന്നു. “ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ...” എന്ന ഗാനം എഴുതിയ സാധുകൊച്ചുകുഞ്ഞുപദേശിയും മഹാകവി കെ.വി.സൈമണും ഒരേ കാലഘട്ടത്തിൽ ജീവിച്ചവരും, ഒരേ ഇടവകയിലെ അംഗങ്ങളുമായിരുന്നു. തമിൾ ഡേവിഡ് എന്ന സുപ്രസിദ്ധ സുവിശേഷപ്രസംഗകനാണ് സൈമണെ മാനസാന്തരത്തിലേക്ക് നയിച്ചത്. അന്നു സൈമണ് 12 വയസ്സ് മാത്രമായിരുന്നു പ്രായം. 20-ാം വയസ്സിൽ അദ്ദേഹം സ്നാനമേറ്റു. ബൈബിൾ കൂടുതലായി പഠിച്ചുവന്നപ്പോൾ, പട്ടത്വവും ശിശുസ്നാനവുമൊക്കെ മുറുകെ പിടിക്കുന്ന മർത്തോമാസഭയുമായി പൊരുത്തപ്പെട്ടു പോകാൻ കഴിയില്ലെന്നായി. 1915ൽ, തനിക്ക് 32 വയസ്സുള്ളപ്പോൾ മർത്തോമാസഭയോട് സൈമൺ വിടപറഞ്ഞു. 3 വർഷത്തിനു ശേഷം, 1918ൽ വിയോജിതസഭ എന്ന പേരിൽ പ്രാർത്ഥനായോഗങ്ങൾ തുടങ്ങി. വിവിധ സ്ഥലങ്ങളിൽ വിയോജിതസഭകൾ രൂപം കൊണ്ടു. 11 വർഷങ്ങൾക്കുശേഷം, 1929ൽ വിയോജിതസഭ ബ്രദറൺസഭയുമായി ഏകോപിപ്പിച്ചു.

അങ്ങനെ കെ.വി.സൈമൺ ബ്രദറുകാരനായി ജീവിച്ചു. മർത്തോമാസഭയുമായി ആശയപരമായ തുടർയുദ്ധങ്ങൾതന്നെ അദ്ദേഹം നടത്തി. ശിശുസ്നാനത്തിനെതിരെ *ശിശുസ്നാനകുഠാരം* എന്ന പുസ്തകവും, പട്ടത്വത്തിനെതിരെ *നിക്കൊലാവ്യമതം* എന്ന പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചു. മർത്തോമ്യനും *സഭാതാരക* മാസികയുടെ പത്രാധിപരുമായിരുന്ന കെ. എൻ. ദാനിയേലുമായി ഉഗ്രമായ സംവാദങ്ങൾ അദ്ദേഹം നടത്തി. ഉരുളയ്ക്ക് ഉപ്പേരി എന്നപോലെയാണ്

ആ പോരാട്ടങ്ങളിൽ സൈമൺ മറുപടി പറഞ്ഞിരുന്നത്. പട്ടത്വം സംബന്ധിച്ച് നടന്ന ആ പോരാട്ടക്കളത്തിൽ നിന്നും ഒരു എപ്പിസോഡ് ഇവിടെ പകർത്തുന്നു:

**കെ.എൻ.ദാനിയേൽ:** (*പട്ടത്വം സംബന്ധിച്ച് സൈമൺ റാന്നിയിൽ ചെയ്ത പ്രസംഗത്തെ പരിഹസിച്ചുകൊണ്ട്*) ഈ പുതിയ യുക്തി ചിലവാക്കാൻ കണ്ടുപിടിച്ച സ്ഥലവും നല്ലതുതന്നെ. കുറെക്കൂടി കിഴക്കോട്ട് ശബരിമലവരെ പോയിരുന്നുവെങ്കിൽ ഇത്തരം യുക്തികൾ ചിലവാകാൻ കുറെക്കൂടി സൗകര്യമുണ്ടായിരുന്നു.

**കെ.വി.സൈമൺ:** മിസ്റ്റർ ദാനിയേൽ ഈ വാചകം കൊണ്ട് റാന്നി നിവാസികളെ പരിഹസിക്കുന്നു..... കിഴക്കോട്ട് ചെല്ലുന്തോറും ആളുകൾ മൂഢന്മാരാണെന്നു... ഞങ്ങൾക്ക് അഭിപ്രായമില്ല. കോട്ടയത്തും തിരുവല്ലായിലും എന്നപോലെ റാന്നിയിലും മൂഢന്മാർ ഉണ്ടായിരിക്കാം. എങ്കിലും യോഗ്യന്മാർ മേൽപറഞ്ഞ സ്ഥലങ്ങളിലുള്ളതുപോലെ റാന്നിയിലും ഉണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. താരകാധിപരുടെ (*അതായത്, ദാനിയേലിന്റെ*) സ്വദേശമായ മേലുകര അയിരൂർ മുതലായ സ്ഥലങ്ങൾ, (*എന്റെ സ്വദേശമായ*) ഇടയാറന്മുളയ്ക്കു കിഴക്കാണെന്നു ഓർമ്മിക്കാതെയാണ് അദ്ദേഹം ഈദൃശം പ്രകടിപ്പിച്ചത്. എവിടെയും യോഗ്യന്മാരും അയോഗ്യന്മാരും ഉണ്ടായിരിക്കുമെന്നല്ലാതെ കിഴക്കൻദേശങ്ങളിൽ എല്ലാം വകതിരിവില്ലാത്തവരാണു താമസിക്കുന്നതെന്നു പറവാൻ ഞങ്ങൾക്കു കഴിയുന്നില്ല.

സ്നേഹിതൻ ഒരു ദേശത്തെ നിവാസികളെ ഒട്ടുക്കു ആക്ഷേപിച്ചതാണ് വകതിരിവില്ലായ്മയെന്നും കിഴക്കുദിക്കിൽ താമസിക്കുന്നതുകൊണ്ട് ആർക്കും അപകർഷം ഉണ്ടാകുന്നതല്ലെന്നും അദ്ദേഹം അതിനൊരു ദൃഷ്ടാന്തഭൂതനാണെന്നുമാണ് അദ്ദേഹത്തോട് ഈ മറുപടിമൂലം ഞങ്ങൾക്കു പറവാനുള്ളത്. (*നിക്കൊലാവ്യമതം*, 6,7).

എതിരാളിയെ തീർത്തും നിഷ്പ്രഭനാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ മുന്നേറ്റത്തിനു ഒരു ഉദാഹരണം മാത്രമാണിത്. എം. ഈ. ചെറിയാന്റെ വാക്കുകളിൽ പറഞ്ഞാൽ, "ശിശുസ്നാനഖണ്ഡനത്തിനു കെ.എൻ. ദാനിയേലുമായി നടന്ന എറ്റുമുട്ടലുകൾ വർഷങ്ങൾ ദീർഘിച്ചു.... പിൻതലമുറകൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം ഈ വാദപ്രതിവാദങ്ങളെല്ലാം അദ്ദേഹം പുസ്തകമാക്കി" (*സ്മരണിക*, 351)

(ഇന്ന് സ്ഥിതിയാകെ മാറിയോ? മഹാകവി കെ.വി.സൈമണെ ബഹുമാനത്തോടെ കാണേണ്ടതായ ബ്രദറുകാരിൽ ചിലർ, അദ്ദേഹം വിട്ടെറിഞ്ഞുപോന്ന മർത്തോമാസഭക്കാരുമായും അതുപോലെ സി.എസ്. ഐ., യാക്കോബായ,

ഇവാഞ്ചലിക്കൽ, ഓർത്തഡോക്സ്, കൽദയ സുറിയാനി തുടങ്ങിയ ഇതര പട്ടത്വസഭകളുമായും സഹകരിച്ച് സുവിശേഷപ്രവർത്തനത്തിൽ കൈകോർത്ത് അശേഷം ഉളുപ്പില്ലാതെ നിൽക്കുകയോ!! E U, Campus Crusade, Child Evangelism Fellowship, Gideons തുടങ്ങിയ സംഘടനകളിൽ, ആത്മാക്കളെ നേടാനുള്ള 'ദാഹം' കൊണ്ട് ഇവർ പ്രവർത്തിക്കുന്നു. ഈ സംഘടനകളുടെ പല തിന്റെയും അമരത്തുള്ളത് പട്ടക്കാരോ പട്ടക്കാരുടെ അനുയായികളോ അണ്. മഹാകവി കെ.വി. സൈമൺ ഇപ്പോൾ ജീവനോടുണ്ടായിരുന്നുവെങ്കിൽ, അദ്ദേ ഹത്തിന്റെ നാക്കും തൂലികയും ഈ ദോഷത്തിനെതിരെ ശക്തമായി ചലിക്കുമായിരു ന്നു എന്നോർക്കുക.

വിശ്വസിച്ചു സ്നാനമേറ്റവരായ ദൈവമക്കളോട് ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. ശിശുസ്നാനം, പട്ടത്വം എന്നിങ്ങനെയുള്ള വൈകൃതങ്ങൾ വലിച്ചെറിഞ്ഞാണ് പിതാക്കന്മാർ വിശ്വാസത്തിലേക്ക് വന്നത്. അവ വീണ്ടും പുണരരുതേ. ദൈവ ത്തിന്റെ സഭയുടെ പണിക്ക് ഈ ശിശുസ്നാനവാദികളും പട്ടത്വസ്നേഹികളും എന്തിന്? "ഞങ്ങളുടെ ദൈവത്തിന്റെ ആലയം പണിയുന്നതിൽ നിങ്ങൾക്ക് ഞങ്ങളുമായി കാര്യമൊന്നുമില്ല" എന്നു തന്റേടത്തോടെ പറഞ്ഞ സെരുബ്ബാ ബേലിനേയും യേശുവയേയും മറക്കാതിരുക്കുക -എസ്രാ 4:37)

ooo

# വിവാഹം, പ്രസംഗങ്ങൾ

2

## വിവാഹം

*ആദ്യന്തമില്ലാത്ത നിത്യന്റെ കാന്ത്യാ*
*പ്രദ്യോതനൻപോൽ പ്രകാശിച്ചു നിൽക്കും*
*സദ്യോഗമാർന്നുള്ള ദിവ്യാനനങ്ങൾ*
*ഇദ്ദമ്പതിക്കേകെ ശ്രീയേശുനാഥാ!*

(ആദിയും അവസാനവുമില്ലാത്ത നിത്യനായ (ദൈവത്തിന്റെ) ശോഭയാൽ, ഈ ദമ്പതികൾക്ക് സൂര്യനെപ്പോലെ പ്രകാശിച്ചു നിൽക്കുന്നതും, നല്ല ചേർച്ചയുള്ളതും, വിശുദ്ധിയുള്ളതുമായ മുഖങ്ങൾ നൽകണേ, യേശു നാഥാ!)

നവദമ്പതികൾക്ക് ആശംസ നേർന്നുകൊണ്ട് മഹാകവി കെ.വി.സൈമൺ രചിച്ച സുന്ദരമായ മംഗളഗാനത്തിന്റെ ആദ്യത്തെ വരികളാണിത്. വിവാഹിതരായവർ സന്തോഷമുള്ളവരും ഐക്യമുള്ളവരും വിശുദ്ധിയുള്ളവരും ആയിരിക്കണമെന്നും, അങ്ങനെ ആയിരിക്കണമെങ്കിൽ നിത്യനായ ദൈവത്തിന്റെ കൃപ വേണമെന്നും വിളിച്ചറിയിക്കുകയാണ് അദ്ദേഹം ഈ വരികളിലൂടെ. എത്രയോ അർത്ഥഗർഭമായ വരികൾ! ചില സഹോദരിമാർ ഈ ഗാനം സംഘം ചേർന്ന് മനോഹരമായി പാടിയതിന്റെ ഒരു ഓഡിയോ സീ.ഡി. ഈയിടെ കേൾക്കുവാൻ ഇടയായി. എത്ര സുന്ദരം! എത്ര കർണ്ണാനന്ദകരം! ഈ മധുരമനോജ്ഞവും ശ്രവണസുഭഗവുമായ വരികൾ കൈരളിക്ക് സമ്മാനിച്ച മഹാകവിയുടെ സ്വന്തം വിവാഹജീവിതം എപ്രകാരമായിരുന്നു എന്നു പരിശോധിക്കുമ്പോൾ, അദ്ദേഹമെഴുതിയ വരികളുടെ ആസ്വാദ്യത പിന്നെയും വർദ്ധിക്കുന്നതു കാണാനൊക്കും.

1900 ൽ, 17-ാം വയസ്സിലായിരുന്നു സൈമന്റെ വിവാഹം. ഭാര്യ:റാഹേലമ്മ. ‘അയിരൂരമ്മ’ എന്ന പേരിലാണ് അവർ പിൽക്കാലത്ത് അറിയപ്പെട്ടത്. കെ. വി. സൈമൺ-റാഹേലമ്മ ദമ്പതികൾക്ക് ഒരു മകൾ ആണ് ഏകസന്താനം. ഇവരുടെ കുടുംബജീവിതത്തിലെ സ്വരചേർച്ച മനസ്സിലാക്കുന്നതിനു, എം. ഇ. ചെറിയാന്റെ താഴെ കൊടുത്തിരിക്കുന്ന വെളിപ്പെടുത്തലുകൾ ശ്രദ്ധിക്കാം:

> സൈമൺ ഒരു വിജ്ഞാനഭണ്ഡാഗാരമായിരുന്നെങ്കിൽ ഭാര്യ കഷ്ടിച്ച് സാമാന്യവിദ്യാഭ്യാസം മാത്രമുള്ളവളായിരുന്നു ....മണിക്കൂറുതോറും ആ

മിഷനറിഭവനത്തിൽ വേദപഠനത്തിനും സംശയനിവാരണത്തിനും സംഗീതാഭ്യസനത്തിനും മറ്റും മറ്റും എത്തുന്നവരെ സ്നേഹപൂർവ്വം സത്കരിക്കാനാണ് ആ മഹതി ജീവിതം ഉഴിഞ്ഞുവെച്ചത്. ഭർത്താവ് ആത്മാവിനു ഭക്ഷണവും ഭാര്യശരീരത്തിനു ഭക്ഷണവും നല്കി അതിഥികളെ സ്വീകരിച്ചു. ആ ചെറിയ, പഴയവീട്ടിൽ ചെന്നവരാരും ഒരു വിധത്തിലും ക്ഷീണിതരായി മടങ്ങിയിട്ടില്ല. **തെരുക്കളിലെ ഭക്തന്മാർ പലരും ഭവനങ്ങളിൽ അഭക്തന്മാരാണ്** ...സൈമൺ നാട്ടിലും വീട്ടിലും ഒരുപോലെ ഭക്തനായിരുന്നു. (*മഹാകവി കെ.വി.സൈമൺ ജന്മ ശതാബ്ദി സ്മരണിക*, 254,255)

[തെരുക്കളിലെ ഭക്തന്മാർ പലരും സ്വന്തം ഭവനങ്ങളിൽ അഭക്തന്മാരാണ് എന്ന വിമർശനം കേട്ട് ദൈവജനം ഉണരേണ്ടതുണ്ട്. പല വിശ്വാസികളുടേയും കുടുംബജീവിതം താറുമാറാണ്. ഭർത്താവിനു കീഴടങ്ങിയിരിപ്പാൻ വിമുഖത കാട്ടുന്ന ഭാര്യ; ഭാര്യയെ ഒരു **ഇണ** ആയി കാണാതെ **ഇര** ആയി കാണുന്ന ഭർത്താവ്; ഭർത്താവിനെ ഭരിക്കുന്ന ഭാര്യ; ഭാര്യയെ പേടിച്ചു കഴിയുന്ന ഭർത്താവ്; മക്കളെ നിയന്ത്രിക്കുന്നതിൽ പരാജയവും എന്നാൽ ഭർത്താവിനെ വരച്ച വരയിൽ നിർത്തുന്നതിൽ വിജയവുമായ ഭാര്യ; ഏതു കൊലകൊമ്പനെയും നേരിടുമെങ്കിലും ഭാര്യയുടെ മുന്നിൽ മാത്രം കയ്യും കാലും വിറയ്ക്കുന്ന ഭർത്താവ്; മക്കളെ ശാസിക്കാനും ശിക്ഷിക്കാനും വൈമനസ്യമുള്ള മാതാപിതാക്കൾ; മാതാപിതാക്കളെ ഭരിക്കുന്ന മക്കൾ .....കുടുംബജീവിതത്തിൽ വിള്ളൽ വരുത്തി നമ്മുടെ വിശ്വാസജീവിതം തന്നെ നശിപ്പിക്കാനുള്ള ശത്രുവായ പിശാചിന്റെ ശ്രമങ്ങൾ നല്ലൊരളവുവരെ വിജയിച്ചുതന്നെയാണ് കാണപ്പെടുന്നത്. എത്ര കുടുംബബന്ധങ്ങളാണ് ശിഥിലമാക്കപ്പെട്ടത്! അടയും ശർക്കരയുംപോലെ കഴിഞ്ഞ എത്ര ഭാര്യാഭർത്താക്കന്മാരാണ് ഇസ്രയേലും അറബ്‌രാഷ്ട്രങ്ങളും പോലെയായിത്തീർന്നത്! ഇനി, വേർപിരിയാതെ ഒരുമിച്ച് കഴിയുന്നവർ എന്നു പുറമെ കാണുന്ന എത്ര ഭവനങ്ങളിൽ ശരിയായ ഐക്യമുണ്ട്? ദൈവജനമേ ഉണരുക; കരുതിയിരിക്കുക; നിന്റെ കുടുംബജീവിതത്തിന്റെ അടിത്തറയിളക്കി ചിക്കിപ്പരത്താൻ പിശാച് തക്കം പാർത്തു നടക്കുന്നു]

**പ്രസംഗങ്ങൾ**

ഉജ്ജ്വലമായിരുന്നു മഹാകവി കെ.വി.സൈമന്റെ പ്രസംഗങ്ങൾ. ശ്രോതാക്കളെ പിടിച്ചിരുത്തുകയും പിടിച്ചുകുലുക്കുകയും ചെയ്യുന്ന പ്രാസഭംഗിയുള്ള, പ്രൗഢഗംഭീരങ്ങളായ പദവിന്യാസങ്ങൾ...കർണ്ണകഠോരങ്ങളായ ചില രാഷ്ടീയ

പ്രസംഗങ്ങൾ പോലെയോ, ബോറടിപ്പിക്കുന്ന ചില പാതിരിപ്രസംഗങ്ങൾ പോലെയോ ആയിരുന്നില്ലാ അത്. അധരങ്ങളിൽനിന്ന് അനസ്യൂതം അടർന്നുവീണ് അഴകുള്ള അലമാലകളായി ആരെയും അമ്പരിപ്പിച്ചുകൊണ്ട് മുന്നേറുന്ന മൊഴിമുത്തുകൾത്തന്നെയായിരുന്നു അവ. ആ പ്രസംഗങ്ങൾ **നേരിട്ടു കേൾക്കാൻ ഭാഗ്യമുണ്ടായ** കുറെയാളുകളുടെ സാക്ഷ്യമൊഴികൾ ശ്രദ്ധിക്കുക:

(i) **മഹാകവി ഉള്ളൂർ** (*സമകാലീനനായ കവി*)

"ശബ്ദസൗഷ്ടവം, ഗാനകുശലത, വാഗ്മിത്വം മുതലായ സിദ്ധികളെക്കൊണ്ട് ഏതു സദസ്സിനെയും വശീകരിക്കാനുള്ള ശക്തി അദ്ദേഹത്തിനു അധീനമായിരുന്നു" (*കേരളസാഹിത്യചരിത്രം അഞ്ചാം വാല്യം*, പേജ് 40)

(ii) **ഷെവ. പി. ജേക്കബ് സ്റ്റീഫൻ** (*കുടുംബസുഹൃത്ത്*)

"ഏതാണ്ട് രണ്ടു മണിക്കൂർ നീണ്ടുനിൽക്കുന്ന സൈമൺസാറിന്റെ പ്രസംഗം പ്രൗഢഗംഭീരമായിരുന്നു. ഒരു വലിയ ജനസമൂഹം അക്കാലത്ത് അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിക്കുന്നതിനു തടിച്ചുകൂടുമായിരുന്നു. ബൈബിളും ഗീതയും ഖുറാനും ഉദ്ധരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ എന്നെ വളരെയധികം സമാകർഷിച്ചിട്ടുണ്ട്. കൺവൻഷൻ ദിവസങ്ങളിൽ എല്ലാദിവസവും രാവിലെ അദ്ദേഹം കുട്ടികൾക്കുവേണ്ടി ബൈബിൾക്ലാസ്സുകൾ നടത്തുമായിരുന്നു. ഹൃദ്യമായ ആ ക്ലാസ്സുകളിലും ചിലപ്പോഴൊക്കെ സംബന്ധിക്കുന്നതിനു എനിക്കു അവസരം ലഭിച്ചിട്ടുണ്ട്. പൊക്കം കുറഞ്ഞ, അല്പം തടിച്ച ശരീരത്തോടുകൂടിയ ഉന്നതശീർഷനായ സൈമൺസാർ ഒരു മുറിക്കൈയൻ ഷർട്ടും ഒറ്റമുണ്ടും ധരിച്ച് അനുവാചക ഹൃദയങ്ങളിൽ കല്ലോലമാലകൾ സൃഷ്ടിച്ചുകൊണ്ടു പ്രസംഗപീഠത്തിൽ നിൽക്കുന്ന കാഴ്ച ഇന്നും എന്റെ മനോമുകരത്തിൽ പ്രതിബിംബിക്കുകയാണ്" (*ജന്മശതാബ്ദിസ്മരണിക*, 145, 146)

(iii) **സരസകവി മൂലൂർ** (*സമകാലീനനായ കവി*)

> *"ഇസ്സൈമൻ, കൊച്ചുമർത്യൻ സുമതി*
> *പൊടിപൊടിപ്പൂ പ്രസംഗപ്രവാഹം"* (*സ്മരണിക*, 149)

(iv) **വിദ്വാൻ എം. എം. ജോൺ** (*ശിഷ്യൻ*)

"പ്രഭാഷണത്തിനിടയ്ക്കു അദ്ദേഹത്തിന്റെ സ്വതസിദ്ധമായ മധുരകണ്ഠം ഇടറുകയോ പതറുകയോ ചെയ്കയില്ല. ലളിതകോമളങ്ങളായ പദാവലികൾ രസനാഗ്രത്തിൽ നൃത്തം ചെയ്യും. നവനവോന്മേഷശാലിനിയായ ആ പ്രതിഭയിൽനിന്ന് അഹമഹമികാധിയാ ആശയധാരകൾ അനുസ്യൂതം ആവിർഭവിച്ചുകൊണ്ടിരിക്കും. പ്രഭാഷണം പുരോഗമിക്കുന്നതോടൊപ്പം പ്രസംഗവേദിയും സജീ

വമാകും. സംഗീതമാധുരിയിൽ സദസ്സു ലീനമാകും. ആധ്യാത്മിക ചൈതന്യ പ്രവാഹത്തിൽ നീന്തിത്തുടിക്കുന്ന വിശ്വാസികളുടെ കൂട്ടത്തിലേക്കു സ്വർഗ്ഗം ഇറങ്ങിവരികയോ എന്നു തോന്നും."(*സ്മരണിക*, 157)

(v) **മഹോപാദ്ധ്യായ പി. എം. ദാനിയേൽ** (*സംസ്കൃതം വിദ്യാർത്ഥി*)

"ചില പ്രസംഗങ്ങൾ മൂന്നു മണിക്കൂർവരെ ദീർഘിച്ചിട്ടുള്ളതായിട്ടറിയാം. മുമ്പുകൂട്ടി പോയിന്റു കുറിച്ചോ നോട്ടു തയ്യാറാക്കിയോ അദ്ദേഹം പ്രസംഗിക്കാറില്ല. എന്നാൽ ആ വാക്പ്രസരത്തിന് എന്തൊരു അടുക്കും ചിട്ടയും! ആദ്യവസാനം ശ്രുതിമധുരമായി ആ നാദധാര ഒഴുകിക്കൊണ്ടിരിക്കും.... ശങ്കരാചാര്യർ, ഭർത്തൃ ഹരി, കാളിദാസൻ, വ്യാസൻ, വാല്മീകി ആദിയായവരുടെ കവിതാശകലങ്ങളും, തായുമാനവർ, തിരുവള്ളുവർ തുടങ്ങിയവരുടെ സൂക്തങ്ങളും അയത്നമായി സന്ദർഭോചിതം ഉദ്ധരിച്ച് വ്യഖ്യാനിച്ച് ഫലിപ്പിക്കുന്നത് ഒന്നു കേൾക്കേണ്ടതു തന്നെയാണ്...ഫലിതപ്പൊടിക്കൈകൾ ഇടയ്ക്കിടെ പ്രയോഗിച്ച് ശ്രോതാക്കളെ കുടുകുടെച്ചിരിപ്പിക്കുന്നതിലും അതികുശലനായിരുന്നു ഈ അനുഗൃഹീത വാഗ്മി....ഗംഭീരവും ആശയപുഷ്കലവും ആപാതമധുരവും ആയ ആ പ്രസംഗം കേൾക്കാൻ ശ്രോതാക്കൾ പല ദേശങ്ങളിൽനിന്നും വന്നു തിക്കിത്തിരക്കിക്കൂടുക സർവസാധാരണമാണ്." (*സ്മരണിക*, 169)

(vi) **ഡോ. ഹാബേൽ വർഗീസ്** (*ദൃക്സാക്ഷി*)

"മഹാകവി കെ.വി.സൈമൺ പ്രസംഗിക്കുന്നു എന്നു കേട്ടാൽ കേരളത്തിന്റെ ഏതുകോണിലായാലും ശരി ക്രൈസ്തവർ മാത്രമല്ല അക്രൈസ്തവസ്നേഹിതർ കൂടി ആയിരക്കണക്കിനു തടിച്ചുകൂടുകയായി. അദ്ദേഹത്തിന്റെ സംഗീതമാധു രിയിലും പ്രസംഗധോരണിയിലും വിശിഷ്ട ജീവിതശൈലിയിലും ആകൃഷ്ടരായ ജനങ്ങൾ നടന്നു, കാതങ്ങൾ താണ്ടി, ഈ മഹായോഗങ്ങളിൽ പങ്കെടുക്കു മായിരുന്നു. ചന്ദ്രികയുള്ള രാത്രികാലങ്ങളിൽ ഇടയാറന്മുള മണൽപ്പുറം, അന ന്തിവിദൂരമായ ആറാട്ടുപുഴ മണൽപ്പുറം തുടങ്ങിയുള്ള സ്ഥലങ്ങളിൽവെച്ചു നടക്കുന്ന മഹായോഗങ്ങൾ അവസാനിച്ച് ജനങ്ങൾ പിരിഞ്ഞുപോകുന്നതു കണ്ടാൽ ഒരുൽസവത്തിന്റെ പ്രതീതി തന്നെ ഉണ്ടായിരിക്കും" (*സ്മരണിക*, 186)

"സംഗീതാത്മകമായ പശ്ചാത്തലമൊരുക്കിക്കൊണ്ടാണ് മഹാകവി തന്റെ സുവിശേഷപ്രഭാഷണങ്ങളാരംഭിക്കുക. പല യോഗങ്ങളിലും താൻ തലേ ദിവസം രചിച്ച ഗാനങ്ങൾ ശിഷ്യവൃന്ദത്തോടു ചേർന്ന് കർണ്ണാനന്ദകരമായി ആലപിച്ച് സദസ്യരെ ആനന്ദഭരിതരാക്കുന്നു..."(*സ്മരണിക*, 188)

“സന്ദർഭോചിതമായ പദങ്ങൾ, പദ്യങ്ങൾ, ഗാനങ്ങൾ ഇവ ആജ്ഞാനുവർത്തികളായി അദ്ദേഹത്തിന്റെ മുമ്പിൽ നൃത്തം വച്ചിരുന്നുവോ എന്നു തോന്നും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചാൽ. ‘ഉപദേശിപ്രസംഗം’ എന്നു ഒരു കാലത്ത് ചിലർ പുച്ഛിച്ചിരുന്ന ക്രൈസ്തവസുവിശേഷപ്രസംഗശൈലിയുടെ അലകും പിടിയും മാറ്റി ഒരു പുതിയ പ്രസംഗസരണി വെട്ടിത്തുറന്ന മഹാൻ എന്ന നിലയിൽ കവിയെ എക്കാലത്തും ക്രൈസ്തവലോകം മാനിക്കും എന്നതിനു സംശയമില്ല. ഇതുപോലെ ഒന്ന് മുമ്പൊരിക്കലും കേരളം കേട്ടിരുന്നില്ല.” (*സ്മരണിക*, 191)

(vii) **എൻ. കെ. ദാമോദരൻ** (*സംസ്കൃതം വിദ്യാർത്ഥി*)

“വിസ്മയനീയമായിരുന്നു സൈമൺസാറിന്റെ പ്രഭാഷണചാതുര്യം. അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾക്കു കൈയും കണക്കുമില്ല. ഇടതടവില്ലാതെ ആ വാക്പ്രവാഹം സംഗീത തരംഗിതമായിരിക്കും. നിരവധി തമിഴ്പ്പാടലുകളും, കീർത്തനങ്ങളും, മുക്തകങ്ങളും ഇടയ്ക്കിടെ ഉണ്ടായിരിക്കും. അദ്ദേഹം ശാസ്ത്രീയമായിത്തന്നെ സംഗീതം അഭ്യസിച്ചിരുന്നു. അദ്ദേഹത്തെപ്പോലെ സംഗീതത്തിന്റെ വശീകരണശക്തി പ്രസംഗകലയിൽ പ്രയോജനപ്പെടുത്തിയിട്ടുള്ളവർ ചുരുക്കമാണ്.” (*സ്മരണിക*, 234)

മേൽപ്പറഞ്ഞ ദൃക്സാക്ഷിവിവരണങ്ങൾ പരിശോധിക്കുമ്പോൾ, മഹാകവി കെ. വി. സൈമന്റെ പ്രസംഗങ്ങൾക്ക് താഴെപ്പറയുന്ന സവിശേഷതകൾ ഉണ്ടായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്: (1) ശബ്ദഗാംഭീര്യം, (2) സംഗീതാത്മകമായ പശ്ചാത്തലം, (3) ഫലിതങ്ങൾ, (4) മറ്റു മതഗ്രന്ഥങ്ങളിൽനിന്നും കാവ്യങ്ങളിൽനിന്നും ഉള്ള സന്ദർഭോചിതമായ ഉദ്ധരണികൾ, (5) ഇടതടവില്ലാതെയുള്ള വാക്പ്രവാഹം. അദ്ദേഹത്തിന്റെ കാലത്ത് ജീവിച്ചിരുന്ന മഹാകവി ഉള്ളൂർ, സരസകവി മൂലൂർ തുടങ്ങിയവർ അദ്ദേഹത്തിന്റെ കവിതകളേയും മഹാകാവ്യമായ *വേദവിഹാര*ത്തെയും മുക്തകണ്ഠം പ്രശംസിച്ചതുകൂടാതെ, അദ്ദേഹത്തിന്റെ പ്രസംഗങ്ങളേയും അങ്ങേയറ്റം പുകഴ്ത്തിപ്പറയുന്നുണ്ട് എന്ന വസ്തുത ശ്രദ്ധേയം തന്നെ! അതായത്, ഒരു കവി എന്ന നിലയിൽ മാത്രമല്ല, നല്ലൊരു പ്രഭാഷകൻ എന്ന നിലയിലും കെ. വി. സൈമനെ ഉയർത്തിക്കാണിക്കാൻ സാക്ഷാൽ ഉള്ളൂരും മൂലൂരും കാണിക്കുന്ന താൽപര്യം കൗതുകകരം തന്നെ! കേവലം ഒരു കവി എന്ന ലേബലിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല കെ. വി. സൈമന്റെ വ്യക്തിപ്രഭാവം. കവിതയെഴുതിയാലും പ്രസംഗിച്ചാലും ലേഖനമെഴുതിയാലുമൊക്കെ അദ്ദേഹം ദൈവവചനമായ ബൈബിൾ എന്ന അടിസ്ഥാ

നത്തിൽ കാലൂന്നി മാത്രമേ തന്റെ തൂലിക ചലിപ്പിച്ചിട്ടുള്ളൂ. എന്നിട്ടും, ഉള്ളൂരിനെപ്പോലുള്ള ലോകത്തിലെ പുകഴ്പെറ്റ ഇതരകവിവരന്മാർ, അവർ അക്രൈസ്തവരായിരുന്നിട്ടുകൂടി, കെ.വി.സൈമനെയും അദ്ദേഹത്തിന്റെ അക്ഷരങ്ങളേയും വാക്കുകളേയും അത്ഭുതത്തോടെ നോക്കിക്കാണുകയും, തങ്ങളുടെ വിസ്മയം മറ കൂടാതെ പ്രകടിപ്പിക്കുകയും ചെയ്തു!

ooo

# വേദവിഹാരം - മഹാകാവ്യം

3

കെ.വി.സൈമന് മഹാകവിപ്പട്ടം ലഭിച്ചത് ഈ മഹാകാവ്യത്തിലൂടെയാണ്-*വേദവിഹാരം*. 1931ലാണ് വേദവിഹാരം പ്രസിദ്ധീകരിച്ചത്. അമ്പത് അധ്യായങ്ങളും പന്തീരായിരത്തോളം വരികളും ഒരു ലക്ഷത്തിലധികം പദങ്ങളുമുള്ള മനോഹരമായ മഹാകാവ്യം! ദൈവവചനമായ ബൈബിളിലെ ആദ്യപുസ്തകമായ 'ഉല്പത്തി'യാണ് ഈ മഹാകാവ്യത്തിൽ നിറഞ്ഞുനിൽക്കുന്നത്. ആദ്യത്തെ പത്ത് അധ്യായങ്ങൾ കേക എന്ന വൃത്തത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ബാക്കിയുള്ള അധ്യായങ്ങളിൽ കേകയെക്കൂടാതെ, കാകളി, കളകാഞ്ചി, മാകന്ദമഞ്ജരി, ശീലാവതി, കല്യാണി, പറയൻ തുള്ളൽ, ഭുജംഗപ്രയാതം, അന്നനട, പഞ്ചചാമരം, ഇന്ദുവദന, ദ്രുതകാകളി, മോഹിനി എന്നീ വൃത്തങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

**മഹാകവി ഉള്ളൂർ**

*വേദവിഹാര*ത്തിനു അവതാരിക എഴുതിയിരിക്കുന്നത് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ ആണ്. "ഈ ഗ്രന്ഥത്തിന്റെ പ്രണേതാവായ വിദ്വാൻ കെ.വി.സൈമൺ എന്ന യുവാവുമായി എനിക്കു കുറെ മുൻപുതന്നെ പരിചയമുണ്ടായിരുന്നു" എന്നും, "ഇത്തരത്തിലുള്ള യുവാക്കന്മാരെയാണ് കൈരളിയുടെ ആരാധനത്തിന് ഇപ്പോൾ ആവശ്യമുള്ളത്" എന്നും അഭിപ്രായപ്പെട്ട ഉള്ളൂർ, "ആകപ്പാടെ വേദവിഹാരം ആനന്ദപ്രദമായ ഒരു കാവ്യതല്ലജമായിപ്പരിണമിച്ചിട്ടുണ്ട്. ഈ ഗ്രന്ഥകാരനും ഗ്രന്ഥത്തിനും ഭാസുരമായ ഭാവിയെ ആശംസിച്ചുകൊണ്ട് വിരമിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് തന്റെ അവതാരിക അവസാനിപ്പിക്കുന്നത്. (*വേദവിഹാരം* നാലാം പതിപ്പ്, പേജ് 9,10)

**മഹാകവി വള്ളത്തോൾ**

കെ.വി.സൈമനേയും *വേദവിഹാര*ത്തേയും അഭിനന്ദനങ്ങൾകൊണ്ട് മൂടുകയാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ ചെയ്യുന്നത്. "സോദോം നഗരത്തിൽ നൃത്തം വച്ച സൈമൺ സരസ്വതി" എന്നാണ് അദ്ദേഹം കെ. വി. സൈമണെ വിശേഷിപ്പിക്കുന്നത് (*വേദവിഹാരം* 11). "കെ.വി.സൈമൺ അവർകളുടെ കവിതാവാസന വേദത്തിൽ (ബൈബിളിൽ) വിഹരിച്ചതിന്റെ ഫലമാണ് *വേദവിഹാരം*" എന്നും, "ഉല്പത്തിപ്പുസ്തകത്തിന്റെ കാവ്യഭംഗി കളിയാടുന്ന ഒരു

സവിസ്തരവ്യാഖ്യാനമാണ് ശ്രീമാൻ സൈമന്റെ തൂലികയിൽ സമ്പാദിക്കപ്പെട്ടിരിക്കുന്നത്" എന്നും പ്രശംസിച്ച മഹാകവി വള്ളത്തോൾ, "പ്രമേയത്തിന്റെ പവിത്രതയും പ്രതിപാദത്തിന്റെ വിചിത്രതയും ഈ കൃതിയെ ഉയർത്തിനിർത്തുന്ന രണ്ടു കനകത്തൂണുകളത്രെ" എന്നുംകൂടി പുകഴ്ത്താൻ മറന്നില്ല.

**മഹാകവി കുമാരനാശാൻ**

ആധുനിക കവിത്രയം എന്നറിയപ്പെടുന്ന മൂന്നു മഹാകവികൾ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരാണല്ലോ. ഇക്കൂട്ടത്തിൽ ഉള്ളൂരും വള്ളത്തോളും മഹാകവി കെ. വി. സൈമന്റെ *വേദവിഹാര*ത്തെ പ്രശംസിച്ചുവെങ്കിലും, കുമാരനാശാന് നിർഭാഗ്യവശാൽ അതിനുള്ള അവസരം ലഭിച്ചില്ല. *വേദവിഹാരം* പ്രസിദ്ധീകരിച്ചത് 1931 ലാണെന്നു ആദ്യമേ പറഞ്ഞുവല്ലോ. എന്നാൽ, മഹാകവി എൻ. കുമാരനാശാൻ 1924 ജനുവരി 16ന് പല്ലനയാറ്റിൽ വെച്ചുണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞു. മലയാളസാഹിത്യചരിത്രത്തിലെ ഒരു ദു:ഖദിനമായിരുന്നു അത്. സാന്ദീപനിയുടെ വാക്കുകൾ ശ്രദ്ധിക്കാം:

> കുടുംബസമേതം തോന്നക്കൽ താമസിക്കവേ ആലുവായിൽ ഒരു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ ആശാൻ ക്ഷണിക്കപ്പെട്ടു. കൊല്ലത്തുനിന്നും ആലപ്പുഴയ്ക്ക് ബോട്ടിലാണ് അദ്ദേഹം യാത്ര ചെയ്തത്. ആശാൻ സഞ്ചരിച്ചിരുന്ന ആ റഡീമർ ബോട്ട് പല്ലനയാറിൽ അപ്രതീക്ഷിതമായി മുങ്ങിപ്പോയി. 1924 ജനുവരിയിലാണ് ഈ അത്യാഹിതമുണ്ടായത്. അതോടെ മലയാളഭാഷയ്ക്ക് ഒരു മഹാകവിയും സമുദായത്തിനൊരു പരിഷ്കർത്താവും നഷ്ടപ്പെട്ടു. (*ലീല,* പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്. പേജ് 5).

മഹാകാവ്യം എഴുതാതെ മഹാകവിപ്പട്ടം കിട്ടിയ ആശാൻ... *വീണപൂവ്*, *നളിനി*, *ലീല*, *ചണ്ഡാലഭിക്ഷുകി* എന്നിങ്ങനെ സഹൃദയരുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ച കുറെ കൃതികൾ സമ്മാനിച്ച ആശാൻ... തന്റെ കാലത്തെ മലയാള കവിതയുടെ പരിതാപകരമായ സ്ഥിതി മാറ്റാൻ ശ്രമിച്ച ആശാൻ... അദ്ദേഹത്തിന്റെ ആകസ്മിക വേർപ്പാടിനെപ്പറ്റിയുള്ള വാർത്ത കേട്ട് കൈരളി മൊത്തമായും വിശിഷ്യാ മലയാളസാഹിത്യലോകവും ഞെട്ടിവിറങ്ങലിച്ചു, വിതുമ്പിനിന്നു. പിന്നീട്, ആറേഴ് വർഷങ്ങൾക്കു ശേഷമാണ് *വേദവിഹാരം* വെളിച്ചം കണ്ടത്. *വേദവിഹാര*ത്തെപ്പറ്റി ആശയഗംഭീരനായ ആശാന്റെ അഭിപ്രായം അറിയാൻ കഴിഞ്ഞില്ലായെന്നത് ഒരു അഭാവമായി അനുവാചകർക്ക് അനുഭവപ്പെട്ടാൽ അതിൽ അതിശയം അശേഷമില്ല.

**സരസകവി മൂലൂരും മറ്റുള്ളവരും**

എക്കാലവും മഹാകവി കെ.വി.സൈമന്റെ ഒരു അഭ്യുദയകാംക്ഷിയായിരുന്നു സരസകവി എന്ന പട്ടം ലഭിച്ച മൂലൂർ എസ്. പത്മനാഭപ്പണിക്കർ. *വേദവിഹാര*ത്തിനോടുള്ള ബന്ധത്തിൽ മഹാകവിയും സരസകവിയും അതു തുറന്നു പറയുകയും ചെയ്തു. സരസകവി മൂലുരിന്റെ വാക്കുകൾ ഉദ്ധരിക്കാം: "ശ്രീമാൻ കെ. വി. സൈമൺ അവർകൾ രചിച്ച 'വേദവിഹാരം' എന്ന ഈ കിളിപ്പാട്ടിന് ഒരു പ്രസ്താവന എഴുതാൻ എനിക്കുള്ളിടത്തോളം അവകാശം ഇതരന്മാർക്കാർക്കും തന്നെ ഇല്ലെന്നു ഗ്രന്ഥകർത്താവ് അഭിപ്രായപ്പെടുന്നതിൽ പക്ഷാന്തരം എനിക്കുമില്ല" (*വേദവിഹാരം* 15). മൂലൂരിനെക്കൂടാതെ അക്കാലത്തെ പ്രമുഖ പണ്ഡിതരായ പലരും, ഹൈന്ദവരുൾപ്പെടെ, മഹാകവി കെ.വി.സൈമണേയും *വേദവിഹാര*ത്തെയും നിർലോഭം അഭിനന്ദിച്ചുകൊണ്ട് എഴുതിയ എഴുത്തുകൾ *വേദവിഹാര*ത്തിന്റെ ആദ്യപുറങ്ങളിൽ കൊടുത്തിട്ടുണ്ട്.

സമകാലീനരായ കവികളുടെയും മറ്റു പണ്ഡിതശ്രേഷ്ഠരുടെയും പ്രശംസ മാത്രമല്ല, അക്കാലഘട്ടത്തിനുശേഷമുള്ള സാഹിത്യലോകത്തെ കുലപതിമാരും *വേദവിഹാര*ത്തെ ശക്തമായി ശുപാർശ ചെയ്തുകൊണ്ട് രംഗത്തുവന്നിട്ടുണ്ട്. *വേദവിഹാര*ത്തിന്റെ അഴക് ഇന്നത്തെ വിശ്വാസികൾ പലർക്കും അറിഞ്ഞുകൂടാ എന്നു തോന്നുന്നു. അതുകൊണ്ട്, നമ്മുടെ സമൂഹത്തിൽ, നമ്മോടൊപ്പം ജീവിച്ച/ജീവിക്കുന്ന സാഹിത്യനിരൂപകർക്ക് എന്താണ് പറയാനുള്ളത് എന്നു പരിശോധിക്കുന്നത് ഉചിതമായിരിക്കുമല്ലോ.

**ഡോ. സുകുമാർ അഴിക്കോട്**

"കേരളത്തിൽ സംസ്ക്കാരസംഘട്ടനത്തിന്റെ കർക്കശതയെ ലഘൂക രിച്ച് ജീവിതസമന്വയത്തിന്റെ മാധുര്യം വളർത്തുന്ന കൃതിയാണ് ഈ മഹാകാവ്യം" (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദിസ്മരണിക, 72)*

**ഡോ. എം. ലീലാവതി**

"കഥകളുടെ ആഖ്യാനത്തിൽ വൈദേശികാന്തരീക്ഷത്തിന്റെ അപരിചിതത്വം മുഴച്ചുനിൽക്കുന്നതു തടയാൻ വേണ്ടുന്ന വിധത്തിലാണ് വർണ്ണനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്" (*സ്മരണിക* 116)

**നാലാങ്കൽ**

നാലാങ്കൽ, "പമ്പയിലെ രാജഹംസം" എന്ന ശീർഷകത്തിൽ മഹാകവി കെ. വി. സൈമണെ പ്രശംസിച്ചുകൊണ്ട് രചിച്ച കവിതയിലെ ചില വരികൾ ഇതാ:

പണ്ഡിതവരരും കവിപുംഗവരും
പമ്പാതീരം വിണ്ണാക്കി
അവരിലൊരാളെന്നോർമ്മയിലിന്നും
നവമാലികപോൽ വിലസുന്നൂ.
കവിതാനൈപുണി ചിറകു വിതിർത്തീ
**കേ. വി. സൈമണി**ലകൃതകമായ്.
എൻ മനമേ, നീ താമരമൊട്ടായ്
എതിരേല്ക്കുകയിക്കുലപതിയെ;
**വേദവിഹാര** ബൃഹസ്പതി തന്നുടെ
പാദം തൊഴുകെൻ കവിതേ, നീ! (*സ്മരണിക* 71)

**ഡോ. കെ. അയ്യപ്പപ്പണിക്കർ**

'പറുദീസാനഷ്ടം' (Paradise Lost) എഴുതിയ മിൽട്ടനോടാണ് മഹാകവി സൈമണെ ഡോ. കെ. അയ്യപ്പപ്പണിക്കർ സാമ്യപ്പെടുത്തിയത്. "വേദവിഹാരം ഒരൈതിഹാസിക കാവ്യമാണെന്നുള്ളതിൽ പക്ഷാന്തരമില്ല" (*സ്മരണിക* 334) എന്നു അഭിപ്രായപ്പെടുന്ന അദ്ദേഹം, ഒരു കാര്യം അത്യുൽസാഹത്തോടെ സാക്ഷ്യപ്പെടുത്തുന്നു: "കൽക്കത്തയിൽ നിന്നിറങ്ങിയിരുന്ന 'ദ് ഗാർഡിയൻ' എന്ന ഇംഗ്ലീഷ് പത്രത്തിൽ വേദവിഹാരത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരുന്നു; 'രാമായണവും മഹാഭാരതവും പോലെയുള്ള ഒരിതിഹാസമാണത്' (*സ്മരണിക* 333).

***വേദവിഹാരം*—ഇന്ന് അവഗണിക്കപ്പെട്ടുവോ?**

മഹാകവി ഉള്ളൂർ, മഹാകവി വള്ളത്തോൾ, സരസകവി മൂലൂർ തുടങ്ങി അനേകരാൽ ലുബ്ധില്ലാതെ പ്രശംസിക്കപ്പെട്ട *വേദവിഹാരം* എന്ന മഹാകാവ്യം, ഇന്നത്തെ സാഹിത്യലോകവും വിദ്യാഭ്യാസലോകവും തള്ളിക്കളഞ്ഞ നിലയിലല്ലേ കാണപ്പെടുന്നത്? ഞാൻ സ്കൂളിൽ പഠിച്ചപ്പോഴോ കോളേജിൽ പഠിച്ചപ്പോഴോ മഹാകവി കെ. വി. സൈമണെയോ അദ്ദേഹത്തിന്റെ മഹാകാവ്യത്തെയോ കേട്ടിട്ടുപോലുമില്ല. ഇപ്പോഴത്തെ വിദ്യാർത്ഥികൾക്കും അതേ അനുഭവം. മഹാകവി കെ.വി.സൈമണോ? കുട്ടികൾക്ക് അതിശയം! അങ്ങനെയൊരു മഹാകവിയുണ്ടോ?

*മലയാളകവിതാസാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിൽ അതിന്റെ* എഴുത്തുകാരിയായ ഡോ. എം. ലീലാവതി, *വേദവിഹാര*ത്തെപ്പറ്റി ഇങ്ങനെപ്പറഞ്ഞിരിക്കുന്നു:

> അമ്പതു അദ്ധ്യായങ്ങളും ഏകദേശം ആറായിരം ഈരടികളുമുള്ള ഒരു ഇതിഹാസകാവ്യമാണ് വേദവിഹാരം.... സൊദോം നഗരവർണ്ണനം, പറുദീസാവർണ്ണനം മുതലായവ വള്ളത്തോളിന്റെ സവിശേഷപ്രശംസ നേടി

യിട്ടുണ്ട്. അനർഗ്ഗമായ വാചോവിലാസം, അഗാധമായ സംസ്കൃതഭാഷാപാണ്ഡിത്യം, നൂതനമായ കല്പനകൾ, സമൃദ്ധമായ ഉക്തിവൈചിത്ര്യങ്ങൾ ഇവയെല്ലാം കൂടി ഈ കൃതിക്ക് ആഴവും പരപ്പും നൽകിയിരിക്കുന്നു. (*മലയാളകവിതാസാഹിത്യചരിത്രം,* പേജ് 174)

ഇവ്വിധം പലരാലും പ്രശംസിക്കപ്പെട്ട *വേദവിഹാരം* എന്തുകൊണ്ട് ഇന്ന് വേണ്ടവിധം മാനിക്കപ്പെടാതെ പോയി? മഹാകവി കെ.വി.സൈമണെ ജനം ഇന്ന് തിരിച്ചറിയാത്തത് എന്തുകൊണ്ടായിരിക്കാം? ഈ ലേഖകന്റെ അന്വേഷണഫലമായി കണ്ടെത്തിയ കാരണങ്ങൾ അടുത്ത അദ്ധ്യായത്തിൽ വിശദീകരിക്കാം.

# വേദവിഹാരം: അതിന്റെ 'പോരായ്മകൾ' 4

മഹാകവി കെ. വി. സൈമന്റെ മഹാകാവ്യമായ *വേദവിഹാരം* എന്തുകൊണ്ടും മികച്ച ഒന്നാണെന്നു അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഏറെയാണെന്നും, അക്കൂട്ടത്തിൽ ഉള്ളൂർ, വള്ളത്തോൾ, മൂലൂർ തുടങ്ങിയവരുണ്ടെന്നും നേരത്തേ വിശദീകരിച്ചുവല്ലോ. പിന്നീടു വന്ന നിരൂപകരും മുന്നേയുണ്ടായിരുന്നവർ അഭിപ്രായപ്പെട്ടതിനെ പിന്തുണയ്ക്കുകയല്ലാതെ, പോരായ്മകളൊന്നും ചൂണ്ടിക്കാണിക്കുവാൻ ഇടയായില്ല. ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ഇത്തരുണത്തിൽ ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമാണ്: "*വേദവിഹാരം* പ്രത്യക്ഷപ്പെട്ടപ്പോൾ മഹാകവി വള്ളത്തോൾ മുതലായ പ്രമുഖകവികളും പുന്നശ്ശേരി നമ്പിയെപ്പോലെയുള്ള മഹാപണ്ഡിതന്മാരും സൈമന്റെ കവിതയെ മുക്തകണ്ഠം പ്രശംസിക്കുവാൻ മുന്നോട്ടുവന്നു" (*മഹാകവി കെ.വി. സൈമൺ ജന്മശതാബ്ദി സ്മരണിക*, പേജ് 77).

സാഹിത്യപഞ്ചാനൻ പി.കെ.നാരായണപിള്ള, അന്നോളമെഴുതിയിട്ടുള്ള ഇതര ക്രൈസ്തവകൃതികളുമായി *വേദവിഹാര*ത്തെ താരതമ്യം ചെയ്തു കൊണ്ട്, *വേദവിഹാര*ത്തിന്റെ അതുല്യതയെപ്പറ്റി തുറന്നെഴുതുന്നത് ശ്രദ്ധിക്കൂ: "സാധാരണ ക്രൈസ്തവ വേദങ്ങൾ ഭാഷയിലേക്കു വിവർത്തനം ചെയ്തു കണ്ടിട്ടുള്ളത് പ്രായേണ പൊതുവെയുള്ള കേരള സാഹിത്യവീഥിയിൽനിന്ന് വിഭിന്നമായ വിധത്തിലാണ്. അതുകൊണ്ട്...പൊതുവിൽ മലയാളികളെ ആകർഷിക്കുന്നതിന് അവ അപര്യാപ്തങ്ങളെന്നാണെന്റെ വിശ്വാസം. നിങ്ങളാകട്ടെ, ക്രൈസ്തവ വേദത്തെ അക്രൈസ്തവർക്കുകൂടി ആത്മ നിർവിശേഷമായ രീതിയിൽ കിളിപ്പാട്ട് മുതലായ വൃത്തങ്ങളേയും സാധാരണ സാഹിത്യശൈലീപാകരസാദികളേയും ഭാഷാരീതിയേയും അവലംബിച്ചു കാണുന്നു. അതുകൊണ്ട് നിങ്ങളുടെ കൃതി വേർതിരിഞ്ഞു നിൽക്കാതെ അധ്യാത്മരാമായണം കിളിപ്പാട്ടു മുതലായ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൂടി നടക്കുന്നതിന് അർഹമായിരിക്കുന്നു" (*വേദവിഹാരം* 12).

ഇങ്ങനെ, പണ്ഡിതഗണത്തിന്റെ പ്രശംസ പിടിച്ചുപറ്റിയ ഈ മഹാകാവ്യവും മഹാകവിയും അർഹമായ വിധം ആദരിക്കപ്പെട്ടതായി ഇന്നു കാണുന്നില്ലാ എന്നത് ഒരു പരമാർത്ഥമാണ്. *വേദവിഹാര*ത്തിന്റെ പോരായ്മകൾ എന്തൊക്കെയാണ്?

പാഠ്യപദ്ധതിയിൽനിന്നും സ്ഥിരമായി അകറ്റിനിർത്തപ്പെടാൻമാത്രം എന്തു വൈകല്യമാണ് *വേദവിഹാര*ത്തിനുള്ളത്? ഇന്നത്തെ തലമുറയുടെ സാഹിത്യ വിജ്ഞാനശേഖരത്തിൽ *വേദവിഹാര*ത്തിനു മതിയായ ഇടം ലഭിക്കാതെ പോയതെന്തുകൊണ്ട്? ഇതിലും മഹാകഷ്ടമാണ് വിശ്വാസികളിൽ പലർക്കും മഹാകവി കെ. വി. സൈമന്റെ മഹാകാവ്യത്തെപ്പറ്റി അറിവില്ലാ എന്നത്.

ഏകദേശം 12 വർഷങ്ങൾക്കുമുമ്പ്, വിശ്വാസിയും ബിസിനസ്സുകാരനുമായ ഒരു സുഹൃത്തിനോട് ഞാൻ കെ.വി.സൈമൺസാറിനേയും അദ്ദേഹത്തിന്റെ *വേദ വിഹാര*ത്തെയുംക്കുറിച്ച് സംസാരിക്കുകയായിരുന്നു. ഞാൻ പറയുന്നത് സാകൂതം കേട്ടുകൊണ്ടിരുന്ന ആ സുഹൃത്ത് ഒരാവേശത്തിനു എന്നോടു ചോദിച്ചു: "വേദവിഹാരം ഒരു കോപ്പി എനിക്കു വാങ്ങണം; ഇവിടെ അടുത്തൊരു ക്രിസ്ത്യൻ ബുക്ക് സ്റ്റാൾ ഉണ്ട്. വിശ്വാസികളുടേതാണ്. നമുക്ക് ഇപ്പോൾത്തന്നേ അങ്ങോട്ടു പോകാം." അങ്ങനെ ഞങ്ങൾ അവിടെ ചെന്നു. സുഹൃത്ത് ചോദിച്ചു: "മഹാകവി കെ.വി.സെമന്റെ മഹാകാവ്യമായ വേദവിഹാരം ഉണ്ടോ?" ബുക്ക്സ്റ്റാളിൽ നിന്നിരുന്ന ആളുടെ മറുപടി ഞെട്ടിപ്പിക്കുന്നതായിരുന്നു: "സോറി, അങ്ങനെയുള്ള പുസ്തകങ്ങളൊന്നും ഇവിടെയില്ല. ക്രിസ്ത്യൻ പുസ്തകങ്ങൾ മാത്രമേ ഇവിടുള്ളൂ." എന്റെ സുഹൃത്ത് അന്തംവിട്ട് എന്നെ നോക്കി. ഞങ്ങൾ ആ ബുക്ക്സ്റ്റാളുകാരനെ ബോധവത്ക്കരിക്കാനൊന്നും മിനക്കെടാതെ അവിടെനിന്നും പോന്നു. (ഒരു പക്ഷേ, അദ്ദേഹം പുതിയ വിശ്വാസിയായിരുന്നിരിക്കാം.)

ഇന്നത്തെ തലമുറയിൽ, മനുഷ്യമനസ്സുകളിൽ മഹാകവി കെ.വി.സൈമനുള്ള സ്ഥാനമില്ലായ്മ പ്രകടമാക്കുന്ന ഒരു രംഗമാണ് മുകളിൽ കൊടുത്തത്. അമ്പതു വയസ്സിനു താഴെയുള്ളവരോടു ഞാനൊന്നു ചോദിക്കട്ടെ: നിങ്ങളിൽ എത്ര പേർക്ക് മഹാകവി കെ.വി.സൈമണേയും അദ്ദേഹത്തിന്റെ *വേദവിഹാര*ത്തെയും അറിയാം? എന്താണ് *വേദവിഹാര*ത്തിന്റെ ഇതിവൃത്തം? ദൈവകരങ്ങളിൽ എടുത്തുപയോ ഗിക്കപ്പെട്ട ഒരു പോരാളിയായിരുന്നു ഈ മഹാകവി എന്നു നിങ്ങൾക്കറിയാമോ? ഹൈന്ദവമതപണ്ഡിതനായിരുന്ന കൃഷ്ണൻനമ്പ്യാതിരിയുമായും, മർത്തോമ്യ നായിരുന്ന കെ.എൻ. ദാനിയേലുമായും ഈ മഹാകവി നടത്തിയ തീപ്പൊരി ചിതറും പോരാട്ടപരമ്പരയെപ്പറ്റി നിങ്ങൾക്കറിയാമോ? ഇല്ലെങ്കിൽ നിങ്ങൾ അതറിയണം. ഈ കൈരളിയുടെ മണ്ണിൽ, സത്യവചനത്തിന്റെ അടിത്തറയിളകാതെ സൂക്ഷി ക്കാനായി, ദൈവവചനമായ വാളും കയ്യിലേന്തി, മഹാകവി കെ.വി.സൈമൺ നടത്തിയ, 'അശ്വമേധ'ങ്ങളുടെ ചൈതന്യദായകങ്ങളായ എപ്പിസോഡുകൾ ആരും അറിയാതെ പോകരുത്.

ബൈബിളിലെ സത്യങ്ങളെ സ്ഥാപിക്കുന്നതിനും വിമർശനങ്ങളെ പ്രതിരോധിക്കുന്നതിനുമായി അടർക്കളത്തിൽ അടരാടിയ ഈ ധീരയോദ്ധാവിൽനിന്നും, ഇന്നത്തെ 'തിന്നു കൊഴുത്ത്' നടക്കുന്നവരും 'ഉണ്ട്, ഉറങ്ങി' കാലം കഴിച്ചുകൂട്ടുന്നവരുമായവർക്ക് ഏറെ പഠിക്കാനുണ്ട്. ചിത്രമെഴുത്ത് കെ.എം.വർഗ്ഗീസ് 1926 ൽ, അതായത് സൈമന്റെ ജീവിതകാലത്തുതന്നെ, സൈമനെപ്പറ്റി സാക്ഷ്യപ്പെടുത്തിയത് നോക്കുക: "കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ മതപരിശോധനാർത്ഥം ജീവിതത്തിൽ വലിയൊരു ഭാഗത്തെ വിനിയോഗിച്ചിട്ടുള്ളതും ഇപ്പോഴും വ്യയം ചെയ്തുപോരുന്നതും ഗ്രന്ഥകർത്താവു ഒരുവൻ മാത്രമാണെന്നു സംശയലേശംകൂടാതെ പറയാവുന്നതാണ്". (*സത്യപ്രകാശിനി അഥവാ ഹൈന്ദവ പ്രസംഗനിരൂപണം* പേജ് 5)

മഹാകവിയുടെ കുടുംബസുഹൃത്തും അഭ്യുദയകാംക്ഷിയുമെങ്കിലും അക്രൈസ്തവനായ സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ അഭിപ്രായപ്പെട്ടത് ശ്രദ്ധിക്കുക: "കവിയുടെ ഇടക്കാലങ്ങളിലുള്ള പരിശ്രമം മതപ്രസംഗങ്ങൾ നടത്തുക, മതസംബന്ധമായ വാദപ്രതിവാദങ്ങളിൽ ഏർപ്പെടുക, സ്വപക്ഷസ്ഥാപനം ചെയ്തു ഗ്രന്ഥങ്ങൾ നിർമ്മിക്കുക, മാസികാപ്രചരണം ചെയ്ക എന്നിവയായിരുന്നു" (*വേദവിഹാരം* 17). മഹാകവി കെ.വി.സൈമൺ നടത്തിയ പോരാട്ടങ്ങളുടെ ഒരു ചിത്രം മൂലൂരിന്റെ ഈ വാക്കുകളിൽ കാണാം. അർഹതയുണ്ടായിട്ടും, *വേദവിഹാരം* വേണ്ടത്ര മാനിക്കപ്പെടാതെ പോയതിന്റെ ഒരേയൊരു കാരണം, മഹാകവി നടത്തിയ വാദപ്രതിവാദങ്ങളും പ്രസിദ്ധീകരിച്ച ഖണ്ഡനകൃതികളും പല മനസ്സുകളിലും അതൃപ്തിയുടെ അലകൾ സൃഷ്ടിച്ചതാണ്. (ഇക്കാര്യം ഈ ലേഖനപരമ്പരയിൽ പിന്നീട് വിശദീകരിക്കുന്നതാണ്.)

എങ്കിലും, വിമർശനബുദ്ധ്യാ *വേദവിഹാരം* എന്ന മഹാകാവ്യത്തെ സമീപിക്കുന്നവർക്ക്, ആ മഹാകാവ്യത്തിന്റെ ഇന്നുള്ള പ്രശസ്തിയില്ലായ്മക്ക് പറയാൻ വേറെയും കാരണങ്ങൾ ഉണ്ട്. ആ കാരണങ്ങൾ ഒരോന്നായി ഇനി വിശദീകരിക്കാം. മാത്രമല്ല, അവ എത്രത്തോളം കഴമ്പുള്ളതാണെന്നു പരിശോധിക്കുകയും ചെയ്യാം.

ooo

# വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ

5

*വേദവിഹാര*ത്തിന് ഇക്കാലത്ത് ജനസമ്മതി കുറഞ്ഞതിന്റെ കാരണങ്ങളായി നിരൂപകർ ചൂണ്ടിക്കാണിക്കുന്നത് എന്തൊക്കെയാണെന്നു പരിശോധിക്കാം. എന്നാൽ അതിനുമുമ്പ് ഒരു കാര്യം ഓർമ്മിപ്പിക്കട്ടെ: *വേദവിഹാര*ത്തിന്റെ പോരായ്മകളായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾത്തന്നെ, *വേദവിഹാരം* മികച്ച ഒരു മഹാകാവ്യം തന്നെയാണെന്ന കാര്യത്തിൽ ഇവർക്കാർക്കും സംശയ മില്ല.

നിരൂപകർ ചൂണ്ടിക്കാണിക്കുന്ന 'പോരായ്മകൾ' താഴെപ്പറയുന്നവയാണ്:

**(1) സംസ്കൃതപദങ്ങളുടെ ബാഹുല്യം**

പതിനോരായിരത്തിൽപരം വരികളിലായി ഒരു ലക്ഷത്തിലധികം പദങ്ങൾ *വേദവിഹാര*ത്തിൽ കാണുന്നുണ്ടെന്നും, ഇവയിൽ 60% സംസ്കൃതജ നൃപദ ങ്ങളാണെന്നുമാണ് ഡോ. ബി. സി. ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നത്. (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദിസ്മരണിക*, പേജ് 128). ഈ സംസ്കൃതപദങ്ങളുടെ ബാഹുല്യമാണ്, മഹാകവി കെ. വി. സൈമന്റെ മഹാ കാവ്യത്തിന്റെ ജനസമ്മതിയ്ക്ക് ഇടിവു വരുത്തിയത് എന്നാണ് പ്രൊഫ. മാത്യു ഉലകംതറ വിലയിരുത്തുന്നത്:

> "വാസ്തവത്തിൽ നസ്രാണികൾ സംസ്കൃതഭാഷാനഭിജ്ഞരാ ണെന്നുള്ള പഴി തീർക്കുവാനെന്നോണം ആവശ്യത്തിലധികം സംസ്കൃതപദങ്ങൾ പ്രയോഗിച്ചതാണ് മഹാകവി സൈമന്റെ ഈ മഹാകൃതിയെ സാധാരണവായനക്കാർക്ക് ദുരഭിഗമ്യമാക്കിത്തീർത്തത്" (*സ്മരണിക*, 96)

ഈ അഭിപ്രായം തന്നെയാണ് ഡോ. ബി. സി. ബാലകൃഷ്ണനും പങ്കു വെയ്ക്കുന്നത്. എന്നാൽ സംസ്കൃതപദങ്ങളുടെ ധാരാളമായ പ്രയോഗത്തെ ഒരിക്കലും ഒരു ദോഷമായി അദ്ദേഹം കാണുന്നില്ല; എങ്കിലും അനുവാചകരിൽ അതൃപ്തി അങ്കുരിക്കാൻ അതൊരു കാരണമായെന്നു അദ്ദേഹം അനുമാനിക്കുന്നു:

> "എഴുത്തച്ഛനെ അനുകരിച്ച മഹാകവി സൈമൺ അവർകളുടെ കൃതിയിൽ സംസ്കൃത വ്യാകരണത്തിന്റെ സഹായത്തോടെ മാത്രം

> മനസ്സിലാക്കാവുന്ന പദങ്ങൾ കാണുന്നത് ദോഷമായിച്ചൂണ്ടിക്കാട്ടാനാവില്ല....മേലുദ്ധരിച്ചപോലുള്ള പദങ്ങൾ 'വേദവിഹാരം' തുറന്നു നോക്കിയാൽ മിക്ക പുറങ്ങളിലും കാണാം. ഇതിൽ പലതിന്റെയും അർത്ഥം ഗ്രഹിക്കാൻ ഇന്നത്തെ തലമുറയിലെ പഠിപ്പുള്ള മലയാളിക്കുപോലും കഴിഞ്ഞെന്നുവരില്ല" (*സ്മരണിക*, 130)

ഇതിന് പരിഹാരമാർഗ്ഗവും അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. "ഒരോ പുറത്തും അടിക്കുറിപ്പായി ക്ലിഷ്ടപദങ്ങൾ എടുത്തുകാണിച്ച് അർത്ഥം വിവരിക്കുന്ന രീതിയിൽ വേദവിഹാരം പുനഃപ്രസിദ്ധീകരണം നടത്തുവാൻ ശ്രദ്ധിച്ചാൽ മലയാളികൾക്ക് ഉപകാരമാകും" (*സ്മരണിക*, 130). ഇതൊക്കെയാണെങ്കിലും, മഹാകവി കെ. വി. സൈമന്റെ *വേദവിഹാര*ത്തിലെ സംസ്കൃത പ്രയോഗത്തെ ഡോ. ബി. സി. ബാലകൃഷ്ണൻ ശക്തമായി ന്യായീകരിക്കുന്നതു കേൾക്കുക: "കാവ്യസന്ദർഭത്തിന്റെ ഗൗരവത്തിനു ചേരാൻ വേണ്ടിയാകാം പല ഘട്ടങ്ങളിലും ഇങ്ങനെ സംസ്കൃതം അദ്ദേഹം സ്വീകരിച്ചത്" (*സ്മരണിക*, 128).

സംസ്കൃതത്തിന്റെ അധികമായ സാന്നിദ്ധ്യം മൂലം *വേദവിഹാരം* സാധാരണക്കാരുടെ ആസ്വാദനത്തിനു പറ്റാത്ത ഒന്നായി മാറി എന്ന നിരൂപകമതത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ എനിക്ക് ഒന്നു ചോദിക്കാനുണ്ട്: *വേദവിഹാരം* എന്തുകൊണ്ട് സ്കൂൾ-കോളേജ് സിലബസ്സിൽ നിന്നും വർഷങ്ങളായി ഒഴിവാക്കപ്പെട്ടിരിക്കുന്നു? മലയാളം, സംസ്കൃതം എന്നിവ പ്രധാന വിഷയങ്ങളായി എടുത്തു പഠിക്കുന്നവർക്കു പോലും *വേദവിഹാര*ത്തിലെ ഒരു ഭാഗമെങ്കിലും പഠിക്കാനായി വർഷങ്ങളായി ഒരു സർവകലാശാലയും സിലബസ്സിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ട്?

മേൽപ്പറഞ്ഞ ചോദ്യങ്ങൾ ഞാൻ ഇടയ്ക്കിടെ ഈ ലേഖനപരമ്പരയിൽ ആവർത്തിക്കുന്നതാണ്. *വേദവിഹാരം* വിദ്യാഭ്യാസരംഗത്ത് തഴയപ്പെട്ടതിന് ഈ സംസ്കൃതപദങ്ങളുടെ ബഹുലത ഒരു കാരണമേയല്ല എന്നു ഏതു നിഷ്പക്ഷമതിയും സമ്മതിക്കും. പദ്മശ്രീ ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ള അടിവരയിട്ടു സമ്മതിക്കുന്നത് ഇങ്ങനെയാണ്:

> "സൈമൺ പ്രദർശിപ്പിച്ചിരിക്കുന്ന ഭാഷ സുന്ദരമാണെന്നു മാത്രവുമല്ല ശുദ്ധവുമാണ്. സൈമൺ അദ്ദേഹത്തിന്റെ സാഹിത്യസിദ്ധികളും സംഭാവനകളുംകൊണ്ട് മലയാളത്തിലെ മഹാകവികളുടെ പങ്ക്തിയിൽ മാന്യസ്ഥാനം അർഹിക്കുന്നു" (*സ്മരണിക*, 30)

০০০

# 6

# വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ

മഹാകവി കെ. വി. സൈമന്റെ **വേദവിഹാരം** എന്ന മഹാകാവ്യത്തിന്റെ ജനസമ്മതി കുറയാനുള്ള ഒരു കാരണം 'സംസ്കൃതപദങ്ങളുടെ ബാഹുല്യം' ആണെന്നുള്ള നിരൂപകാഭിപ്രായം കഴിഞ്ഞ അദ്ധ്യായത്തിൽ നാം പരിശോധിച്ചുവല്ലോ. ചിലരെങ്കിലും ചൂണ്ടിക്കാണിക്കാനിടയുള്ള മറ്റൊരു പോരായ്മ ഇനി ശ്രദ്ധിക്കാം:

**(2) വിദേശകഥാപാത്രങ്ങൾ**

വിദേശകഥാപാത്രങ്ങളാണ് **വേദവിഹാര**ത്തിൽ നിറഞ്ഞുനിൽക്കുന്നത്. ബൈബിളിന്റെ ആദ്യപുസ്തകമായ 'ഉല്പത്തി'യാണല്ലോ **വേദവിഹാര**ത്തിലെ പ്രമേയം. ആദാം, ഹവ്വ, അബ്രാഹാം എന്നു തുടങ്ങിയ കഥാപാത്രങ്ങളും ആ കഥാപാത്രങ്ങളുടെ പശ്ചാത്തലങ്ങളും ഒന്നുംതന്നെ ഭാരതീയമല്ല; എല്ലാം യെഹൂദന്മാരുമായി ബന്ധപ്പെട്ടവയാണ്. ഡോ. സുകുമാർ അഴിക്കോടിന്റെ ഭാഷയിൽ പറഞ്ഞാൽ:

> യെഹൂദേതിഹാസകഥകളുടെ അന്തരീക്ഷമേ ഭിന്നമാണ്; കേരളീയ സഹൃദയരിൽ ഭൂരിഭാഗം വരുന്ന ഹൈന്ദവർക്ക് അത് അപരിചിതവുമാണ്. മോസ്സസ്സ്, അബ്രാഹാം, കായിൻ, ലോത്ത്, താമാർ തുടങ്ങി തികച്ചും അശ്രുതപൂർവങ്ങളായ മനുഷ്യസംജ്ഞകളും, മിസ്രയീം, സോദോം, ഗേറാർ തുടങ്ങി അത്യന്തം അപരിചിതങ്ങളായ ദേശങ്ങളും 'വിലക്ഷണ'ങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും എല്ലാം നിറഞ്ഞ ഒരു അസാധാരണലോകമാണ് അതിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. (*മഹാകവി കെ.വി.സൈമൺ ജന്മശതാബ്ദിസ്മരണിക*, പേജ് 76).

"വേദവിഹാരം പ്രതിപാദ്യം കൊണ്ട് അഭാരതീയം" എന്നും "ഇത് പരദേശീയ കഥ" എന്നും ഡോ. കെ. അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നുണ്ട്. (*സ്മരണിക*, പേജ് 335). എന്നുവെച്ച്, അദ്ദേഹം *വേദവിഹാര*ത്തേയോ കെ. വി. സൈമണേയോ തള്ളിപ്പറയുന്നില്ല. പിന്നെയോ, അങ്ങേയറ്റം അഭിനന്ദിക്കുകയാണ് ചെയ്യുന്നത്. *വേദവിഹാര*ത്തിലെ വിദേശകഥാപാത്രങ്ങൾ മലയാളിക്ക് 'ദഹനക്കേട്' ഉണ്ടാക്കാതിരിക്കാനായി, മഹാകവി സൈമൺ ആവുന്നത്ര പരിശ്രമിച്ചിട്ടുണ്ട്

എന്നുതന്നെയാണ് നിരൂപകർ അഭിപ്രായപ്പെടുന്നത്. ആ പരിശ്രമങ്ങളെ പ്രശംസിച്ചുകൊണ്ട്, സൈമണെ ശക്തമായി ന്യായീകരിക്കാൻ നിരൂപകർ ഉത്സാഹിക്കുന്നുമുണ്ട്. ഡോ. ബി. സി. ബാലകൃഷ്ണന്റെ അപഗ്രഥനം നോക്കുക:

> മഹാകവി സൈമൺ തന്റെ കൃതിയുടെ ഇതിവൃത്തം ബൈബിളിൽ നിന്നാണ് സ്വീകരിച്ചത്. **പക്ഷേ ആവിഷ്കരണം നൂറുശതമാനം കേരളീയമായിരുന്നു**... മഹാകവി കെ. വി. സൈമൺ വേദവിഹാര ത്തിൽ ആദമിനെയും ഹവ്വയെയുമെല്ലാം കേരളീയരായിത്തന്നെയാണ് അവതരിപ്പിക്കുന്നത്. തൊപ്പിയും കളസവും ഫ്രോക്കുമൊക്കെയണിഞ്ഞ് "ഞങ്ങൾ വിദേശീയരാണേ" എന്നു പ്രഖ്യാപിച്ചുകൊണ്ടല്ല 'പഴയ നിയമ'ത്തിലെ പുരാണകഥാപാത്രങ്ങൾ വേദവിഹാരത്തിൽ വിഹരി ക്കുന്നത്. (*സ്മരണിക*, പേജ് 122)

ബൈബിളിലെ പേരുകൾ, *വേദവിഹാര*ത്തിൽ വരുമ്പോൾ കേരളീയ ഭാവത്തോടെയാണ് വരുന്നത് എന്നും കൂടി ഡോ. ബി. സി. ബാലകൃഷ്ണൻ കണ്ടെത്തുന്നുണ്ട്. ആദമൻ, ഇസ്സാഹൻ, ഇസ്ഹാകൻ, യോസേഫൻ, നോഹാവ്, ലോത്തൻ, യാകൂബൻ എന്നിങ്ങനെ പേരുകളിൽ വരുത്തിയിരിക്കുന്ന മാറ്റംകൊണ്ട്, അവയെ കേരളീയരാക്കാൻ കവിക്ക് കഴിഞ്ഞത് അഭിനന്ദനാർഹം തന്നെയാണത്രേ: "പേരുകളിൽ മലയാളത്തിന്റെ ലിംഗവചനപ്രത്യയങ്ങൾ ചേർത്ത പൊടിക്കൈ കൊണ്ട് ഇവരെയെല്ലാം കേരളീയരാക്കാൻ മഹാകവിക്കു കഴിഞ്ഞു. വായി ച്ചുപോകുമ്പോൾ കഥാപാത്രങ്ങളുമായി അനുവാചകന് ഉറ്റബന്ധമുണ്ടാക്കുന്ന ഈ വിദ്യയ്ക്ക് നമോവാകം പറയുക!!" (*സ്മരണിക*, പേജ് 123)

ഇതേ അഭിപ്രായം തന്നെയാണ് ഡോ. കെ. അയ്യപ്പപ്പണിക്കരും പങ്കു വെയ്ക്കുന്നത്. "വേദവിഹാരം പ്രതിപാദ്യം കൊണ്ട് അഭാരതീയമെങ്കിലും കാവ്യ സംസ്കാരംകൊണ്ടു തികച്ചും ഭാരതീയമാണ്" (പേജ് 335) എന്നു അഭിപ്രായ പ്പെട്ടശേഷം, "വേദപുസ്തകത്തിന്റെ 'ഭാരതീയീകരണം' ഇത്ര സമർത്ഥമായി, പൂർ ണ്ണമായി സാധിച്ചിട്ടുള്ള അനേകം കൃതികൾ വേറെയില്ല" എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. (പേജ് 336)

അപ്പോൾ, *വേദവിഹാര*ത്തിലെ വിദേശകഥാപാത്രങ്ങൾ ഒരു ന്യൂനതയേയല്ല എന്നാണ് നിരൂപകർ പലരും അഭിപ്രായപ്പെടുന്നത്. കേരളത്തിന്റെയോ ഭാര തത്തിന്റെയോ സംസ്ക്കാരങ്ങളിൽനിന്നും തികച്ചും ഭിന്നമായ സംസ്ക്കാരവും ജനങ്ങളും പേരുകളുമൊക്കെയാണ് ഉല്പത്തിപ്പുസ്തകത്തിലുള്ളതെങ്കിലും, അതിനെ സൈമൺ കാവ്യരൂപത്തിലാക്കിയപ്പോൾ അനുവാചകരുടെ ആസ്വാദന

ത്തിനായി ആവോളം അധ്വാനിച്ചിട്ടുണ്ട് എന്നു നിരൂപകർ വിലയിരുത്തുന്നത് ശ്രദ്ധേയമാണ്. "ശൈലിയുടെ അകൃത്രിമലാവണ്യവും പ്രകടമായ മലയാളിത്തവും എടുത്തുപറഞ്ഞേ തീരൂ" (പേജ് 336) എന്നുള്ള അയ്യപ്പപ്പണിക്കരുടെ പ്രസ്താവന ഇവിടെ ഉദ്ധരിക്കാതിരുന്നാൽ അത് അനുചിതമാവുകയേയുള്ളൂ.

മേൽപ്പറഞ്ഞ പണ്ഡിതമതത്തിൽനിന്നും മനസ്സിലാകുന്നത്, *വേദവിഹാര*ത്തിലെ വിദേശകഥാപാത്രങ്ങൾ അതിന്റെ ആസ്വാദനത്തിനു തടസ്സമല്ല എന്നാണ്. എങ്കിലും ആഴത്തിലേക്കിറങ്ങി പരതാൻ കൂട്ടാക്കാതെ ഉപരിതലത്തിൽനിന്നുമാത്രം കാര്യങ്ങൾ നോക്കിക്കാണാൻ ആഗ്രഹിക്കുന്ന കൂട്ടത്തിൽപ്പെട്ട അനുവാചകർക്ക്, *വേദവിഹാര*ത്തിലെ വൈദേശികാന്തരീക്ഷം വൈഷമ്യം സൃഷ്ടിച്ചിരിക്കാം. പക്ഷേ സഹൃദയഗണത്തിൽപ്പെട്ട ആസ്വാദകർക്ക് ആനന്ദദായകം തന്നെയാണ് *വേദവിഹാര*പാരായണം. എന്നിട്ടും സ്കൂൾ-കോളേജ് പാഠ്യപദ്ധതിയിൽനിന്നു വർഷങ്ങളായി 'ഭ്രഷ്ട്' കൽപ്പിക്കപ്പെട്ട് ദൂരേക്ക് അകറ്റിനിർത്തപ്പെടാനുള്ള ഒരു ദൗർഭാഗ്യം *വേദവിഹാര*ത്തിനുണ്ടായി! കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

**അടിക്കുറിപ്പ്:** മലയാളിയുടെ ആസ്വാദനത്തിനുതകുംവണ്ണം *വേദവിഹാര*ത്തെ ചമച്ചൊരുക്കാൻ മഹാകവി കെ.വി.സൈമൺ പരിശ്രമിക്കുകയും അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു എന്നുള്ള നിരൂപകരുടെ പ്രശംസ ശരിയാണെങ്കിലും, ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. പലസ്തീൻ നാടിന്റെ പശ്ചാത്തലത്തിലാണ് *വേദവിഹാര*ത്തിലെ സംഭവങ്ങൾ അരങ്ങേറുന്നത്. ആ പശ്ചാത്തലം മാറ്റി, അതിനെ ഭാരതത്തിന്റെ പശ്ചാത്തലമാക്കാൻ കവി തയ്യാറായില്ല എന്നുള്ളത്, ബൈബിളിനോട് അദ്ദേഹത്തിനുള്ള വിധേയത്വം വിളിച്ചറിയിക്കുന്നുണ്ട്. കവിയുടെത്തന്നെ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം: "...സ്ഥലകാലാദിഭേദത്തെ വിസ്മരിക്കുന്നതിനോ, പലസ്തീൻ നാട്ടിനു ചേരാതുള്ള വർണ്ണനകൾ ചെയ്ത് അതിനെ ഇന്ത്യയാക്കുന്നതിനോ ഇടയായിട്ടില്ല" (*വേദവിഹാരം*, പേജ് 33)

ooo

# 7

# വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ

*വേദവിഹാരം* എന്ന മഹാകാവ്യവും അത് രചിച്ച മഹാകവി കെ.വി. സൈമണും വേണ്ടത്ര ആദരിക്കപ്പെട്ടനിലയിൽ ഇന്ന് കാണപ്പെടാത്തതിന് നിരൂപകർ നിരത്തുന്ന കാരണങ്ങളാണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. താഴെപ്പറയുന്ന രണ്ടു കാരണങ്ങൾ നാം കഴിഞ്ഞ ലക്കങ്ങളിൽ പരിശോധിച്ചതാണ്.

(1) സംസ്കൃതപദങ്ങളുടെ ബാഹുല്യം

(2) വിദേശകഥാപാത്രങ്ങൾ

ഇനി മൂന്നാമത്തെ കാരണം പരിശോധിക്കാം:

### (3) ലൗകികപ്രശ്നങ്ങൾ കൈകാര്യം ചെയ്തില്ല

*വേദവിഹാരം* ഒന്നാന്തരമൊരു രചനയാണെങ്കിലും, ആ മഹാകാവ്യത്തിനും അതിന്റെ രചയിതാവായ മഹാകവി കെ.വി.സൈമണും സാഹിത്യകുതുകികളുടെ ഇടയിൽ കൂടുതൽ ആദരീണയത ലഭിക്കാതെ പോയത്, അദ്ദേഹം ലൗകിക പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് കവിത രചിക്കാഞ്ഞതുകൊണ്ടാണ് എന്നൊരു അഭിപ്രായം നിരൂപകരുടെ ഇടയിലുണ്ട്. ആധുനിക കവിത്രയമായ കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവർ തങ്ങളുടെ കവിതകളിൽ ലൗകികപ്രശ്നങ്ങളാണ് കൈകാര്യം ചെയ്തതെന്നും എന്നാൽ മഹാകവി കെ. വി. സൈമൺ ആത്മിക കാഴ്ചപ്പാടിനാണ് മുൻതൂക്കം കൊടുത്തതെന്നും നിരൂപകരിൽ ചിലർ വിലയിരുത്തുന്നു. ഡോ. കെ. ശ്രീനിവാസൻ പറയുന്നത് ഇങ്ങനെയാണ്:

> കവിത്രയത്തെപ്പോലെ, കെ. വി. സൈമണും ലൗകികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാവ്യങ്ങൾ രചിച്ചിരുന്നുവെങ്കിൽ അദ്ദേഹ ത്തിന്റെ കവിത ഒരു വേള അത്യുന്നതങ്ങളിലേയ്ക്ക് പറന്നുയരുമായിരുന്നു. കാവ്യദേവതയെ ഉപാസിക്കാൻവേണ്ടി ഉദ്ദേശിക്കപ്പെട്ട പ്രതിഭ, മത തത്ത്വനിർദ്ധാരണത്തിനായി അടിയറ വയ്ക്കപ്പെട്ടതിന്റെ ലാഭമോ നഷ്ടമോ ആണ് സൈമൺകവിതയുടെ രത്നചുരുക്കം എന്നു പൊതുവെ പറയാം. (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദി സ്മരണിക*, പേജ് 165).

താൻ എന്തിനാണ് കവിതയെഴുതുന്നത് എന്നതിനെക്കുറിച്ച് മഹാകവിക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. ബൈബിളിന്റെ അതിർത്തിവരമ്പുകൾക്കപ്പുറത്തേക്ക് തന്റെ പ്രതിഭയെ പ്രവേശിപ്പിച്ചുകൊണ്ട് ആസ്വാദകവൃന്ദത്തെ ആഹ്ലാദിപ്പിക്കുക എന്നത് കവിയുടെ ലക്ഷ്യമേ അല്ലായിരുന്നു. ഉദാഹരണത്തിന്, പ്രണയം പോലുള്ള വികാരങ്ങളുടെ ലോലഭാവങ്ങൾ പർവതീകരിച്ച് പ്രദർശിപ്പിക്കാൻ കവി തുനിഞ്ഞില്ല. സ്ത്രീയെ വർണ്ണിക്കാൻ കിട്ടുന്ന അവസരങ്ങളിൽ കവികളും മറ്റു സാഹിത്യകാരന്മാരും ചിത്രകാരന്മാരും ശില്പികളും പൊതുവെ കാണിക്കാറുള്ള 'ആത്മാർത്ഥത' സൈമൺ കാണിക്കുന്നുമില്ല. ഉല്പത്തി പുസ്തകത്തെ കവിതയാക്കിയപ്പോൾ, ഹവ്വയെ വർണ്ണിക്കുന്നതിൽ മഹാകവി കാണിച്ച തികഞ്ഞ സൂക്ഷ്മത അഭിനന്ദനാർഹം തന്നെയാണ്!

ആദാം ഉറക്കമുണർന്ന് ഹവ്വയെ ആദ്യമായി കാണുന്ന സന്ദർഭത്തിൽ, അന്തംവിട്ടു നിന്നുപോയ ആദാമിന്റെ ഉള്ളിലെ ചിന്തകളുടെ കാവ്യാവിഷ്കരണം എത്ര മനോഹരമാണെന്നു നോക്കൂ:

"എന്തു ഞാൻ കാണുന്നതിച്ചന്തമേറിയ കാഴ്ച!
ഹന്ത! മിന്നലീ ഭൂവിൽ പിണ്ഡിതാകൃതിയായോ?
ചന്ദ്രനേ വെടിഞ്ഞിങ്ങു ചന്ദ്രിക വരാവതോ?
സാന്ദ്രസൗഭാഗ്യമൂർത്തിയെന്തൊരു നവ സൃഷ്ടി?
വാനവപ്പരിഷയിലാരാനുമാണോ? വരി-
ല്ലാനനാദികൾക്കല്പ ഭേദമുണ്ടോർത്തുകണ്ടാൽ."

(*വേദവിഹാരം* 1:198-202)

മഗ്ദലനമറിയത്തിന്റെ സൗന്ദര്യത്തെ വർണ്ണിക്കാൻ മഹാകവി വള്ളത്തോൾ ഉപയോഗിച്ച പദാവലികളുമായി നമുക്കിതൊന്നു താരതമ്യം ചെയ്യാം:

"താഴത്തേക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ നിങ്ങൾ നിശ്ചലരായ്
നിങ്ങൾത്തൻ കൂട്ടത്തിൽ നിന്നിപ്പോളാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ?
ഉവ്വിതാ, നക്ഷത്രം തന്നെയാം രൂപമൊ-
ന്നുർവിയിലിപ്പുര വീഥിയിങ്കൽ"

(*മഗ്ദലനമറിയം*)

നാരീസൗന്ദര്യത്തെ വർണ്ണിക്കുന്നതിൽ മഹാകവി കെ.വി.സൈമണും മഹാകവി വള്ളത്തോളും ഒപ്പത്തിനൊപ്പം നിൽക്കുന്ന കാഴ്ചയാണ് ഈ വരികളിൽ

കാണുന്നതെങ്കിലും, തുടർന്നങ്ങോട്ട് അവളുടെ നിതംബത്തേയും മാറിനേയും വർണ്ണിക്കാൻകൂടി വള്ളത്തോൾ താല്പര്യം കാണിക്കുന്നുണ്ട്. മഗ്ദലനമറിയത്തേക്കാൾ ഈ വക കാര്യങ്ങൾ വർണ്ണിക്കാനുള്ള വക ഹവ്വയോടുള്ള ബന്ധത്തിൽ കൂടുതലുണ്ടായിരുന്നിട്ടും ഭക്തകവിയായ കെ.വി.സൈമൺ അത്തരമുള്ള വർണ്ണനകൾ വേണ്ടെന്നുവെച്ചത് അദ്ദേഹത്തിന്റെതന്നെ കവിതയ്ക്ക് തിരിച്ചടിയായോ? *വേദവിഹാര*ത്തെ ഒരു സുവിശേഷപ്രസംഗകൻ എഴുതിയ വെറുമൊരു 'മതപരിവർത്തനകാവ്യ'മായി സാഹിത്യലോകം തെറ്റിദ്ധരിച്ചുവോ?

പക്ഷേ, ലൗകികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മഹാകവി ശ്രദ്ധിക്കാതിരുന്നിട്ടില്ല എന്നാണ് ഡോ. എം. ലീലാവതിയെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നത് എന്നതാണ് കൗതുകകരമായ മറ്റൊരു കാര്യം. കുഞ്ചൻ നമ്പ്യാരുടെ വിമർശനരീതിയും എഴുത്തച്ഛന്റെ ഭക്തിമാർഗ്ഗവും ഒരുമിച്ച് സമ്മേളിപ്പിക്കുന്നതിന് സൈമണ് സാധിച്ചുവെന്നു ലീലാവതി വിലയിരുത്തുന്നു:

> നമ്പ്യാർ പുരാണകഥകൾ കാവ്യവിഷയമാക്കിയത് സമകാല ജീവിതവിമർശനത്തിനായിരുന്നുവല്ലോ. എഴുത്തച്ഛനാകട്ടെ ഭക്തിമാർഗ്ഗത്തിലേക്കാനയിക്കാനും. വേദവിഹാരകർത്താവ് തന്റെ കാവ്യത്തിൽ ഈ രണ്ടു ലക്ഷ്യങ്ങളും സമന്വയിക്കുന്നുണ്ട്. (*സ്മരണിക,* പേജ് 105)

എന്നിട്ടും എന്തുകൊണ്ടാണ് ഈ കവിയ്ക്ക് സ്കൂൾ-കോളേജ് തലങ്ങളിൽ 'തൊട്ടുകൂടായ്മ'? പാഠ്യപദ്ധതിയിൽനിന്നും ദൂരേയ്ക്ക് ഈ കവിയേയും അദ്ദേഹത്തിന്റെ മഹാകാവ്യത്തേയും വലിച്ചെറിഞ്ഞതിന്റെ പിന്നിലെ പ്രേരക ഘടകം എന്താണ്? സാഹിത്യസംബന്ധമായ ചർച്ചകളിലും സംവാദങ്ങളിലും ചോദിയ്ക്കപ്പെടേണ്ട ചോദ്യങ്ങളാണിവ.

ooo

# 8

# വേദവിഹാരം: നിരൂപകർ കാണുന്ന പോരായ്മകൾ

*വേദവിഹാരം* എന്ന മഹാകാവ്യത്തെ സംബന്ധിച്ച് നിരൂപകർ ചൂണ്ടിക്കാണിക്കുന്ന 'പോരായ്മ'കളാണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. താഴെപ്പറയുന്നവ നാം കഴിഞ്ഞ ലക്കങ്ങളിൽ പരിശോധിച്ചതാണ്.

(1) സംസ്കൃതപദങ്ങളുടെ ബാഹുല്യം

(2) വിദേശകഥാപാത്രങ്ങൾ

(3) ലൗകികപ്രശ്നങ്ങൾ കൈകാര്യം ചെയ്തില്ല

നാലാമത്തേതും അവസാനത്തേതുമായ വിമർശനം ഇനി പരിശോധിക്കാം:

**(4) സഭ എന്ന ആശയത്തിനു പ്രാധാന്യം കൊടുത്തു**

മഹാകവി കെ. വി. സൈമൺ സാഹിത്യലോകത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് മാറ്റിവെച്ച വ്യക്തിയായിരുന്നില്ല എന്നത് വാസ്തവം തന്നെയാണ്. അദ്ദേഹത്തിന്റെ ഉയിരിലും ഉത്സാഹത്തിലും നിറഞ്ഞുനിന്നിരുന്നത് സഭ തന്നെയായിരുന്നു. ക്രൈസ്തവലോകത്തുള്ള ദുരുപദേശങ്ങൾക്കെതിരെ ഒരു കൊടുങ്കാറ്റായി അദ്ദേഹം ആഞ്ഞടിച്ചു. സാഹിത്യലോകമല്ല, ദൈവസഭയായിരുന്നു തന്റെ മനസ്സിൽ ഉണ്ടായിരുന്നത്. ദൈവസഭയ്ക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച കെ. വി. സൈമൺസാർ... അങ്ങനെയൊരാളെ സാഹിത്യലോകത്തിനു താല്പര്യമില്ലെന്നുവേണം മനസ്സിലാക്കാൻ. എല്ലാ മതങ്ങളും ശരിയാണെന്നും, എല്ലാ മതങ്ങളും ഒരു സമുദ്രത്തിലേക്കുള്ള വ്യത്യസ്തനദികളാണെന്നും അഭിപ്രായപ്പെടുന്ന 'വിശാലഹൃദയരെ'യാണ് സാഹിത്യലോകത്തിനു താല്പര്യം. ജീവനുള്ള ദൈവത്തിനു തന്നെത്താൻ സമർപ്പിച്ച മഹാകവിക്ക് പക്ഷേ അത്ര കണ്ട് 'വിശാലൻ' ആകാൻ കഴിയുമായിരുന്നില്ല താനും.

പ്രതിഭയുണ്ടായിരുന്നുവെങ്കിലും, സഭ എന്ന ആശയത്തിനു പ്രാധാന്യം കൊടുത്തതുകൊണ്ടാണ് മഹാകവി സൈമൺ വേണ്ടത്ര മാനിക്കപ്പെടാതിരിക്കുന്നത് എന്ന് നിരൂപകരിൽ ചിലർ തുറന്നു സമ്മതിക്കുന്നുണ്ട്. റവ. ഡോ. എം. ജെ. ജോസഫ് "സൈമണിലെ ദൈവശാസ്ത്രജ്ഞൻ" എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ വിലയിരുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

> സഭ എന്ന ആശയത്തിനു ശക്തീകരണം കൊടുത്തിട്ടുള്ള ഭക്ത കവികളുടെ സേവനപരിധി ചുരുങ്ങിപ്പോകുവാൻ സാദ്ധ്യതയുണ്ട്.

> നമ്മുടെ കഥാപുരുഷനിലും ആ വീഴ്ചയുടെ ആഘാതം ഉണ്ട്.... ചില അവസരങ്ങളിൽ സത്യത്തിന് ഒരു മുഖം മാത്രമേ ഉള്ളൂവെന്നു അദ്ദേഹം ധരിച്ചിരുന്നു. (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദിസ്മരണിക*, പേജ് 198).

"ക്രൈസ്തവവിശ്വാസത്തിന്റെ മാഹാത്മ്യം ഊന്നിപ്പറയുന്നതിനുള്ള തീവ്രമായ ശ്രമത്തിൽ മറ്റു മതങ്ങളിലെയും സംസ്കാരങ്ങളിലെയും ഈശ്വര മൂല്യങ്ങളും ധാർമ്മികതയും വിസ്മരിക്കപ്പെട്ട രംഗങ്ങളും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ കാണാം"(പേജ് 199) എന്നു അഭിപ്രായപ്പെടുന്നതോടൊപ്പം, "മറ്റു മതവിശ്വാസ ങ്ങളോടുള്ള അസഹിഷ്ണുത ഒരു വേള ആ കാലഘട്ടത്തിന്റെ പ്രതിധ്വനിയാ യിരിക്കാം" (പേജ് 200) എന്നും കൂടെ അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, എല്ലാ മതങ്ങളും ദൈവത്തിങ്കലേക്കുള്ള വ്യത്യസ്ത വഴികളാണെന്നു സൈമൺ കരുതിയില്ല. അത് വെട്ടിത്തുറന്നു പറയാനും അദ്ദേഹത്തിനു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഈ 'സങ്കുചിത മനസ്ഥിതി' ഒരു കവി എന്ന നിലയിലുള്ള തന്റെ പ്രശസ്തിക്കു കോട്ടം വരുത്തുവാൻ കാരണമായി എന്നു വ്യക്തമാണ്. റവ. ഡോ. എം. ജെ. ജോസഫിന്റെ വാക്കുകൾ തന്നെ തുടർന്നും ഉദ്ധരിക്കയാണ്: "എല്ലാ മതങ്ങളിലും രക്ഷക്ക് അടിസ്ഥാനമായ സത്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് എന്ന വാദഗതിയോട് കഥാപുരുഷൻ തികച്ചും വിയോജിപ്പാണ് പ്രദർശിപ്പിച്ചത്" (പേജ് 200). ഇതു കൂടാതെ, ക്രൈസ്തവർ എന്നറിയപ്പെടുന്ന കൂട്ടത്തിൽപ്പെടുന്ന പട്ടത്വസഭകളെയും അദ്ദേഹം നല്ലതായി കണ്ടിരുന്നില്ല. ഇക്കാര്യവും "...സംഘടിതസഭയോടുള്ള അസംതൃപ്തി വെളിപ്പെടുന്നുണ്ട്" (പേജ് 200) എന്നു പറഞ്ഞുകൊണ്ട് റവ. ഡോ. എം. ജെ. ജോസഫ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

മഹാകവി കെ. വി. സൈമണും അദ്ദേഹത്തിന്റെ മഹാകാവ്യവും ഇന്നത്തെ സാഹിത്യകുതുകികളാൽ അവഗണിക്കപ്പെട്ടതിനു കാരണമായി നിരൂപകർ നിരത്തിക്കാണിക്കുന്ന കാരണങ്ങളിൽ ആദ്യത്തെ മൂന്നും അത്ര ഗൗരവമുള്ള വയല്ലെന്നു നാം വിലയിരുത്തിയിട്ടുള്ളതാണല്ലോ. എന്നാൽ ഈ നാലാമത്തേത് ഗൗരവമർഹിക്കുന്നതു തന്നെയാണ്. യഥാർത്ഥ പ്രശ്നം കിടക്കുന്നത് ഇവിടെ യാണ്. ആത്മികകാര്യങ്ങളിൽ, ദൈവവചനമായ ബൈബിൾ പ്രകാരം താൻ വെച്ചു പുലർത്തിയ ഉറച്ച നിലപാടുകൾ, അദ്ദേഹത്തിന്റെ ദുശ്ശാഠ്യമായോ സങ്കുചിത ചിന്താഗതിയായോ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു എന്നു വേണം മനസ്സിലാക്കാൻ.

ooo

# 9

# വേദവിഹാരം: മനഃപൂർവ്വം അവഗണിക്കപ്പെട്ട ഒരു മഹാകാവ്യം

മഹാകവി കെ. വി. സൈമൺ ഇതര മഹാകവികളെപ്പോലെ ആദരിക്കപ്പെട്ടതായി ഇന്നു കാണപ്പെടുന്നില്ലായെന്നും, അതിനു പറയാവുന്ന നാലു കാരണങ്ങൾ ഇന്നിന്നതൊക്കെയാണെന്നും മുകളിൽ സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞതാണല്ലോ. ഈ ലേഖകന്റെ അഭിപ്രായത്തിൽ, അതിൽ ഒരെണ്ണം മാത്രമാണ് ഗൗരവം അർഹിക്കുന്നത്. 'സഭ എന്ന ആശയത്തിന് പ്രാധാന്യം കൊടുത്തു' എന്നതാണത്.

അതായത്, മഹാകവി ഒരു സുവിശേഷപ്രസംഗകനായിരുന്നു. എന്നാൽ 'അഡ്ജസ്റ്റുമെന്റു'കൾക്ക് വിധേയനാകുന്ന 'ഫ്ളെക്സിബിലിറ്റി' ഉള്ള സുവിശേഷകനല്ലതാനും. കറ കളഞ്ഞ ഒന്നാന്തരമൊരു സുവിശേഷപ്രസംഗകൻ; ഒപ്പം ദുരുപദേശഖണ്ഡനങ്ങൾക്കായി അദ്ദേഹം അരയും കച്ചയും മുറുക്കി ഇറങ്ങുകയും ചെയ്തു. ഇങ്ങനെ, 'സ്വന്തം മതത്തിന്റെ പ്രചാരണം മാത്രം ലക്ഷ്യമാക്കി ജീവിച്ച സങ്കുചിതമനോഭാവമുള്ള' ഒരു മഹാകവിയെ ഇവിടെ ആർക്കു വേണം? കേരളത്തിലെ ജനങ്ങളിൽ ആർക്കാണ് അദ്ദേഹത്തോടു താല്പര്യമുണ്ടാവുക?

ഹൈന്ദവമതപണ്ഡിതനായിരുന്ന കൃഷ്ണൻ നമ്പ്യാതിരിയുമായി നടത്തിയ സംവാദങ്ങളിൽ നിശിതമായ വിമർശനശരങ്ങളാണ് കെ. വി. സൈമൺ വർഷിച്ചത്. ഈ ഖണ്ഡനപ്രസംഗങ്ങൾ ഏതു ഹിന്ദുവിനെയാണ് പിണക്കാത്തത്? *ശിശുസ്നാനകുഠാരം*, *നിക്കൊലാവ്യമതം* എന്നീ പുസ്തകങ്ങളിലൂടെ ശിശുസ്നാനത്തിനും പട്ടത്വത്തിനുമെതിരായി ആഞ്ഞടിച്ച സൈമനെ റോമൻകത്തോലിക്കർ, മർത്തോമക്കാർ, യാക്കോബായക്കാർ, ഇവാഞ്ചലിക്കൽകാർ, ഓർത്തഡോക്സുകാർ, CSIകാർ എന്നിങ്ങനെയുള്ള പട്ടത്വസഭകളിൽപ്പെട്ട ആർക്കാണു താല്പര്യമുണ്ടാവുക? *മറുഭാഷാനികഷം* എന്ന പുസ്തകത്തിലൂടെ പെന്തെക്കോസ്തുകാരെയും കണക്കിനു കളിയാക്കുന്ന മഹാകവി അവിടെയും ആർക്കും സ്വീകാര്യനല്ല.

(മഹാകവിയുടെ ഗീതങ്ങൾ പലരും ആരാധനയ്ക്കും മറ്റും പാടുന്നുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. 'അംബയെരൂശലേം...' പോലുള്ള മഹാകവിയുടെ ക്ലാസ്സിക് രചനകൾ പെന്തെക്കോസ്തുകാരുടെ കൺവൻഷനുകളിൽ അതീവമനോഹരമായി അവതരിപ്പിച്ചു കേൾക്കാറുള്ളതും ഇവിടെ സ്മർത്തവ്യമാണ്. കത്തോലിക്കരും 'അംബയെരൂശലേം...' പാടിക്കേൾക്കാറുണ്ട്. അതെഴു

തിയത് ആരാണെന്നോ അദ്ദേഹത്തിന്റെ നിലപാടുകൾ എന്തെല്ലാമായിരുന്നുവെന്നോ അവർക്കറിയില്ലെന്നു തോന്നുന്നു. അറിഞ്ഞിരുന്നുവെങ്കിൽ ആ ഗാനം നിരോധിച്ച് ഇടയലേഖനം ഇറങ്ങാൻ പിന്നെ അധിക സമയം വേണ്ടിവരില്ല).

അതായത്, ആർക്കാണ് ഈ മഹാകവിയെ ആദരിക്കാൻ താല്പര്യം? അദ്ദേഹത്തിന്റെ ഖണ്ഡനപ്രസംഗങ്ങളും സുവിശേഷപ്രസംഗങ്ങളുമാണ് അദ്ദേഹത്തെ അവഗണിക്കുന്നതിനു കാരണമായിത്തീർന്നത് എന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു. *വേദവിഹാരം* ഏതെങ്കിലും നിലയിൽ മറ്റു മഹാകാവ്യങ്ങളുടെ പുറകിൽ നിൽക്കേണ്ടതല്ലായെന്നു പണ്ഡിതന്മാർത്തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണല്ലോ. മഹാകവി ഉള്ളൂർ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: "സൈമണെ ഒരു ഉൽകൃഷ്ടകവി എന്നു കേരളീയർ കൊണ്ടാടുന്നതും കൊണ്ടാടേണ്ടതും വേദവിഹാരം എന്ന വിശിഷ്ടകാവ്യത്തെ പുരസ്കരിച്ചുകൊണ്ടാണ്" (*കേരളസാഹിത്യചരിത്രം*, അഞ്ചാം വാല്യം പേജ് 40)

'കൊണ്ടാടുന്നത്' എന്ന പ്രയോഗത്തിൽനിന്നും അക്കാലത്ത് മഹാകവി സൈമൺ മാനിക്കപ്പെട്ടിട്ടുണ്ട് എന്നു വ്യക്തമാകുന്നുണ്ടല്ലോ. എന്നാൽ പിന്നീടത് അത്രയ്ക്കും ഉണ്ടായില്ല. ഇക്കാലത്ത് തീരെയില്ല. മഹാകവി കെ. വി. സൈമൺ എന്നു പലരും കേട്ടിട്ടുതന്നെയില്ല. സ്കൂളിലോ കോളജിലോ കവിയെപ്പറ്റി ഒന്നും പഠിക്കാനില്ല. ഉള്ളൂർ പറഞ്ഞ 'കൊണ്ടാടേണ്ടതും' എന്നത് ഇല്ലാതായിപ്പോയി എന്നു ചുരുക്കം.

ഉള്ളൂരിന്റെ തലമുറയിൽ സൈമണെ ഒരു ഉൽകൃഷ്ടകവി എന്ന നിലയിൽ കേരളീയർ 'കൊണ്ടാടി'യെങ്കിലും ഇന്ന് അദ്ദേഹം മുഖ്യധാരയിൽനിന്നും അകറ്റിനിർത്തപ്പെട്ടിരിക്കുന്നത്, ദൈവവചനമായ ബൈബിളിനോട് അങ്ങേയറ്റം അടിമത്തം പുലർത്തിക്കൊണ്ട് മഹാകവി നടത്തിയ ഉജ്വലമായ സുവിശേഷപ്രസംഗങ്ങളും തീക്ഷ്ണമായ ഖണ്ഡനപ്രസംഗങ്ങളും മൂലമാണ് എന്നു ഞാൻ ആവർത്തിക്കുകയാണ്. ഇതല്ലാതെ മറ്റു കാരണങ്ങളൊന്നും കാണാനില്ല. കാവ്യം ഒന്നാംതരം എന്നു പഴയവരും പുതിയവരുമായ നിരൂപകർ ഒന്നുപോലെ വിലയിരുത്തിയതാണെന്നു മുൻ അധ്യായങ്ങളിൽ ചൂണ്ടിക്കാണിച്ചതാണല്ലോ. വീണ്ടും മഹാകവി ഉള്ളൂരിന്റെ വാക്കുകൾ ഉദ്ധരിച്ചു കൊണ്ട് *വേദവിഹാര*ത്തിന്റെ ഉൽകൃഷ്ടത ഒന്നുകൂടി ഉറപ്പിച്ചുപറയട്ടെ:

> "കിളിപ്പാട്ടുരീതിയിൽ രചിച്ചിട്ടുള്ളതും ആകെ 50 അധ്യായങ്ങൾ അടങ്ങിയതുമായ പ്രസ്തുത കാവ്യം ഭാഷയ്ക്ക് അമൂല്യമായ ഒരാ

ഭരണമായി പ്രശോഭിക്കുന്നു. കൃച്ഛ്റസാധ്യമായ ആ സാഹിത്യ വ്യവസായത്തിൽ കവി അഭിനന്ദനീയമായവിധം വിജയം നേടീട്ടുണ്ട്” (*കേരളസാഹിത്യചരിത്രം*, അഞ്ചാം വാല്യം പേജ് 40, 41)

അപ്പോൾ കാവ്യത്തിനല്ല, കവിയ്ക്കാണ് പ്രശ്നം എന്നു വരുന്നു. അങ്ങനെ കവിയുടെ 'കുറവുകൾ' എന്തെല്ലാം എന്നു പരിശോധിക്കുമ്പോഴാണ്, കവിയെക്കുറിച്ചുള്ള അതൃപ്തിയാണ് കാവ്യത്തിനു ഭ്രഷ്ട് കൽപ്പിക്കാൻ കാരണമായത് എന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരുന്നത്. ഏതായാലും മഹാകവി സൈമൺ ഇന്നുണ്ടായിരുന്നുവെങ്കിൽ ഈ ലോകം തന്നെ വേണ്ടവിധം മാനിച്ചില്ലാ എന്നത് അദ്ദേഹത്തെ തെല്ലും ദുഃഖിപ്പിക്കുമായിരുന്നില്ല. ഈ ലോകത്തിന്റെ അംഗീകാരമോ പ്രശംസാപത്രമോ ലക്ഷ്യമിട്ട് അധ്വാനിക്കുന്നവരല്ല വിശ്വാസികൾ. സർവശക്തനായ ദൈവത്തിന്റെ അഭിനന്ദനവും പ്രശംസയുമാണ് അവർക്ക് താല്പര്യം.

ഇതിനു കടകവിരുദ്ധമായി, ലോകത്തിന്റെ പ്രിയപ്പെട്ടവരാകാൻ കൊതിച്ചുകൊണ്ട് വിശ്വാസികളിൽ ചിലർ നടത്തിക്കൂട്ടുന്ന കാട്ടിക്കൂട്ടലുകൾ നഖശിഖാന്തം എതിർത്തു നിരുൽസാഹപ്പെടുത്തേണ്ടതു തന്നെയാണ്. വിശുദ്ധ ബൈബിൾ പറയുന്നത് അടിവരയിട്ടു ശ്രദ്ധിക്കാം: “ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു” (യാക്കോബ് 4:4).

ലോകശ്രദ്ധ പിടിച്ചുപറ്റാൻ എന്തൊക്കെയാണ് മാലോകർ ചെയ്തു കൂട്ടുന്നത്! ചിലർ വർഷങ്ങളോളം നഖം വെട്ടാതിരിക്കുന്നു; ലോകത്തിലെ ഏറ്റവും വലിയ നഖമുള്ളവൻ എന്ന ഖ്യാതി നേടി ഗിന്നസ്ബുക്കിൽ ഇടം കണ്ടെത്തുന്നു. മീറ്ററുകളോളം വളർന്ന നഖം കാരണം സ്വതന്ത്രമായി ഭക്ഷണം കഴിക്കുന്നതിനോ കുളിക്കുന്നതിനോ വസ്ത്രം ധരിക്കുന്നതിനോ ആ പാവം എത്ര കഷ്ടപ്പെടണം! ഒന്നു ആത്മാർത്ഥമായി ഉറങ്ങാനോ കുഞ്ഞിനെ ലാളിക്കാനോ ആ നഖവീരന് പറ്റില്ല. നഖം മുറിയാതെ നോക്കണമല്ലോ. ചുണ്ട് വളർത്തുന്നവർ, പുഴുവിനേയും ചില്ലുകഷണങ്ങളും വാരിവിഴുങ്ങുന്നവർ... ഈ ലോകത്തിന്റെ കയ്യടി വാങ്ങാനായി അത്യദ്ധ്വാനം ചെയ്യുന്നവർ! വിശ്വാസികളെങ്കിലും ആ പാതയിൽ സഞ്ചരിക്കാതിരിക്കട്ടെ.

മഹാകവി കെ. വി. സൈമൺ, ഒരു കവി എന്ന നിലയിൽ ഇന്ന് ലോകത്തിൽ അവഗണിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മഹാകാ

കാവ്യമായ *വേദവിഹാരം* അനുവാചകരുടെ അന്തരംഗത്തിൽ അതുല്യമായി എന്നും പ്രശോഭിക്കുന്ന ഒന്നാണെന്ന പണ്ഡിതമതം ആവർത്തിച്ചു പ്രസ്താവിച്ചു കൊണ്ട്, ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കുകയാണ്.

*വേദവിഹാര*ത്തിലെ അലങ്കാരസുന്ദരങ്ങളായ വർണ്ണനകൾ, സരളകോമളങ്ങളായ ശൈലീപ്രയോഗങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഗ്രഹിക്കുന്നതിനായി വേദവിഹാരസാഗരത്തിന്റെ അഗാധതലങ്ങളിലേക്ക് നമുക്ക് അല്പം കൂടി ഊളിയിട്ടിറങ്ങാം. അക്കാര്യങ്ങൾ അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്.

000

# വേദവിഹാരം: മനോഹരമീ മഹാകാവ്യം!

10

*വേദവിഹാരം* എന്ന മഹാകാവ്യം വേറെ കാവ്യങ്ങളൊന്നുമില്ലെങ്കിൽ മാത്രം പരിഗണിക്കപ്പെടേണ്ട ഒന്നല്ല എന്നു ഒരു തവണയെങ്കിലും ആ കാവ്യം പാരായണം ചെയ്യുന്ന ഏതു സഹൃദയനും പറയും. പണ്ഡിതന്മാരുടെ പിന്തുണയും ഈ മഹാകാവ്യത്തിനുണ്ട്. *വേദവിഹാര*ത്തിൽ നിന്നും അതിന്റെ മനോഹാരിത കാണിക്കുന്നതിനായി ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കയാണ്:

**ഹവ്വാ വർണ്ണനം:**

ആദാം ആദ്യമായി ഹവ്വയെ കാണുന്ന സന്ദർഭത്തിൽ, ആദാമിന്റെ അന്ത രംഗത്തിലുണ്ടായ വിസ്മയത്തെ വരച്ചുകാണിക്കുന്നതിന് കവി ശേഖരിച്ച പദാ വലികൾ അഴകുള്ളവയല്ലെന്നു ആരും പറയില്ല.

**"എന്തു ഞാൻ കാണുന്നതിച്ചന്തമേറിയ കാഴ്ച!**
**ഹന്ത! മിന്നലീ ഭൂവിൽ പിണ്ഡിതാകൃതിയായോ?**
**ചന്ദ്രനേ വെടിഞ്ഞിങ്ങു ചന്ദ്രിക വരാവതോ?**
**സാന്ദ്രസൗഭാഗ്യമൂർത്തിയെന്തൊരു നവസൃഷ്ടി?**
**വാനവപ്പരിഷയിലാരാനുമാണോ? വരി-**
**ല്ലാനനാദികൾക്കല്പ ഭേദമുണ്ടോർത്തുകണ്ടാൽ.**
**എന്നുമാത്രവുമല്ല, മാമകഹൃദയത്തെ**
**മുന്നമീവിധം കവർന്നില്ലൊരു വാനവനും"** (1:198–204)

[എന്താണ് ഞാൻ ഈ കാണുന്ന അതിചന്തമേറിയ കാഴ്ച! മിന്നൽ ഈ ഭൂമിയിൽ കട്ടയായ ആകൃതിയായി വന്നുവോ? ചന്ദ്രനെ ഉപേക്ഷിച്ചിട്ട് ചന്ദ്രന്റെ വെളിച്ചം വരുമോ? ഇത് എന്തൊരു പുതിയ സൃഷ്ടിയാണ്? ദേവന്മാർ (സ്വർഗ്ഗത്തിലുള്ളവർ) വല്ലവരുമാണോ? സാധ്യതയില്ല; കാരണം അക്കൂട്ടരുടെ മുഖം മുതലായവയ്ക്കെല്ലാം ഇക്കാണുന്നതിൽനിന്നെല്ലാം വ്യത്യാസമുണ്ട്. എന്നു മാത്രമല്ല, എന്റെ ഹൃദയത്തെ ഇതുപോലെ ആകർഷിച്ച ഒരു വാനവനുമില്ല]

കൊടുപ്പുന്ന തയ്യാറാക്കിയ 'വേദവിഹാരം: ഒരു കാവ്യാത്മകവീക്ഷണം' എന്ന ലേഖനത്തിൽ, ഈ വരികൾക്ക് അദ്ദേഹം എഴുതിയ ആസ്വാദനക്കുറിപ്പ് നോക്കൂ:

ഹവ്വയെ വർണ്ണിക്കുന്ന ഭാഗം എത്രമാത്രം ചേതോഹരമാണെന്നോ! മലയാള സാഹിത്യത്തിൽ ഇതുപോലൊരു നായികാസൃഷ്ടി സുലഭ ദർശനമാണെന്നു തോന്നുന്നില്ല. സൗന്ദര്യസ്നിഗ്ധമായ ആ വാങ്മയ

ശില്പം കവിയുടെ കല്പനാചാരുതയ്ക്കു മകുടോദാഹരണമാണ്. വാക്കുകൾകൊണ്ടു ജീവനോടെ വാർത്തെടുത്ത ഈ നായികാചിത്രം സഹൃദയന് പഞ്ചേന്ദ്രിയങ്ങൾക്കും ഗോചരമാകുന്നതുപോലെ തോന്നും (*മഹാകവി കെ.വി.സൈമൺ ജന്മശതാബ്ദിസ്മരണിക*, പേജ് 84).

**പറുദീസാ വർണ്ണനം:**

പറുദീസാ എന്ന ദിവ്യോദ്യാനത്തിന്റെ ഭംഗി വർണ്ണിക്കുവാൻ പദകുബേരനായ കവിക്ക് അശേഷം പ്രയാസമുണ്ടായില്ല. സൗന്ദര്യത്തിന്റെ സമ്പൂർണ്ണതയായ സർവ്വേശ്വരനാൽ സൃഷ്ടിക്കപ്പെട്ടതായതുകൊണ്ട് ആ തോട്ടം ബഹുരമണീയമായിരിക്കും എന്നത് നിസ്തർക്കമായ സംഗതിയാണ്. അതുകൊണ്ട് കവി ഇങ്ങനെ പാടി:

**"ഭൂവിന്നു തിലകമായീശ്വരൻ നിർമ്മിച്ചൊരീ**
**ശ്രീവിളങ്ങുന്ന തോട്ടം വർണ്ണ്യമല്ലൊരുവനും**
**...................................................................**
**അറുതിയില്ലാതുള്ള ശ്യൂന്യത്തിലതിമാത്ര-**
**മിരവിൽ പ്രകാശിക്കുമാകാശഗംഗപോലെ,**
**സരിതാംപതിയുടെ നടുവിൽ വിളങ്ങുന്ന**
**ഹരിതവർണ്ണമാകുമാംഗലദ്വീപുപോലെ,**
**അരുണൻ തന്റെ ഖരകിരണം തപിപ്പിക്കും**
**മരുവിൻ നടുവിലെ ശീതളോദ്യാനം പോലെ.**
**ബഹുവിസ്തീർണ്ണമായിക്കിടക്കും മഹിക്കുള്ള**
**മഹനീയതയാർന്ന ഹൃദയകോശമായി**
**സകലഫലവൃക്ഷനിചയനിബിഡമാം**
**സകലേശ്വരസൃഷ്ടമുദ്യാനം ശോഭിച്ചതു."** (2:7-20)

[ഭൂമിക്കു തിലകമായി, ഈശ്വരൻ സൃഷ്ടിച്ച ഐശ്വര്യം വിളങ്ങുന്ന ഈ തോട്ടം ആർക്കും വർണ്ണിക്കാനാവില്ല........അന്തമില്ലാത്ത ശ്യൂന്യതയിൽ പ്രകാശിക്കുന്ന ആകാശഗംഗപോലെ, സമുദ്രത്തിന്റെ നടുവിൽ ശോഭിക്കുന്ന പച്ചപ്പു നിറഞ്ഞ ആംഗലദ്വീപ് (ഇംഗ്ലണ്ട്) പോലെ, മരുഭൂമിയിലെ ശീതളോദ്യാനം (മരുപ്പച്ച) പോലെ, പരന്ന് പന്തലിച്ച് കിടക്കുന്ന ഭൂതലത്തിലുള്ള മഹനീയമായ ഹൃദയ കോശമായി, സകല ഫലവൃക്ഷങ്ങളാൽ നിറഞ്ഞ്, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആ തോട്ടം ശോഭിച്ചു]

**ഹവ്വയും വിലക്കപ്പെട്ട ഫലവും:**

പാമ്പ് ഹവ്വയെ വശീകരണവാക്കുകളാൽ സമീപിച്ചത് ഉല്പത്തിപ്പുസ്തകത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു. അതും അതിനെത്തുടർന്നുണ്ടായ കാര്യങ്ങളുടെയും കാവ്യാവിഷ്കാരമാണ് *വേദവിഹാരം* മൂന്നാം അദ്ധ്യായത്തിലുള്ളത്. പാമ്പിന്റെ വാക്കുകളിൽ ഹരംകൊണ്ട്, വിലക്കപ്പെട്ട ആ ഫലം തിന്നുവാനുള്ള ഒരു തീവ്രമായ വാഞ്ഛ അവളിൽ അങ്കുരിച്ചു. മറ്റൊന്നും അവൾ ആ സമയത്ത് ഓർത്തില്ല. ദൈവത്തിന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട്, ആ ഫലം തിന്നാനുള്ള അവളുടെ പോക്കിനെ കവി വർണ്ണിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

**“ഇരുമ്പുചങ്ങലയ്ക്കും ബന്ധിപ്പാൻ വയ്യാമട്ടിൽ**
**വരമ്പുകടന്നവളാശയാൽ പ്രേരിതയായ്**
**രോധത്തേപ്പുറങ്കാലാൽ തട്ടിയങ്ങെറിഞ്ഞിട്ടു**
**വ്യാധന്റെ വലയിലേക്കോടുന്ന മൃഗം പോലെ”** (3:76–79)

[ഇരുമ്പിന്റെ ചങ്ങല കൊണ്ടുപോലും കെട്ടിയിടാൻ കഴിയാത്തപോലെ, പരിധി ലംഘിച്ച് അവൾ ആശയാൽ പ്രേരിതയായി. മുന്നിൽ തടസ്സം (രോധം) നിന്നതിനെ പുറംകാലാൽ തട്ടിയെറിഞ്ഞിട്ട്, വേടന്റെ (വ്യാധം) വലയിലേക്കോടുന്ന മൃഗം പോലെ അവളായി]

ആ ഫലം ഹവ്വ ആദാമിനു കൊണ്ടുവന്നു കൊടുത്തപ്പോൾ, നീ എന്തിനാണ് അത് പറിച്ചത് എന്നു ചോദിച്ച് ആദാം വഴക്കു പറയുന്നതായും, ദൈവത്തെ ധിക്കരിക്കുന്നത് നമുക്ക് നല്ലതല്ല എന്നു ഗുണദോഷിക്കുന്നതായും ഭാവനയിൽ കണ്ടുകൊണ്ട്, ദൈവത്തെ ധിക്കരിക്കുന്ന മനുഷ്യർക്കുള്ള താക്കീതായി കവി ഇങ്ങനെ കുറിച്ചു:

**“മത്തമാം ഗജത്തിനോടെതിർപ്പാൻ പിപീലിക**
**ശക്തനാകുമോ? തൃണം തരുവിന്നെതിരാമോ?**
**പ്രചണ്ഡവാതത്തോടു ഗുസ്തിവയ്ക്കുമോ തൂലം”** (3:105–107)

[ആനയോട് എതിരിടാൻ ഉറുമ്പിന് (പിപീലിക) ശക്തിയുണ്ടാകുമോ? പുല്ല് വൃക്ഷത്തിനെതിരായി വരുമോ? കൊടുങ്കാറ്റിനോട് ഗുസ്തിക്കു തയ്യാറായി പഞ്ഞി (തൂലം) മുന്നോട്ടു വരുമോ?]

ഇതു കേട്ടു ഭയവിഹലയായ ഹവ്വ, “പ്രാണനായകാ! ഭവാനോതിന മൊഴിയെന്റെ, മാനസം ഭയശോകവിഹ്വലമാക്കീടുന്നു” എന്നു വിതുമ്പിയപ്പോൾ, വൈകി വന്ന

വിവേകം കൊണ്ട് യാതൊരു പ്രയോജനമില്ലെന്ന പാഠം കവി ആദാമിലൂടെ അവതരിപ്പിച്ചു:

**“മോഷ്ടാവുപോയിപ്പട്ടികുരച്ചാലെന്തുഫലം?**

**നഷ്ടമായ് ജലം പിന്നീടെന്തിനു സേതുബന്ധം?”** (3:115-116)

[കള്ളൻ പോയതിനുശേഷം പട്ടി കുരച്ചത് കൊണ്ട് എന്തു പ്രയോജനം? ജലമെല്ലാം ഒഴുകിപ്പോയതിനുശേഷം പിന്നെ ചിറ കെട്ടിയിട്ട് (സേതുബന്ധം) എന്തു ഫലം?]

പക്ഷേ തന്റെ ഭാര്യയെ അങ്ങേയറ്റം സ്നേഹിച്ച ആദാം, ആ ഫലം വാങ്ങി ത്തിന്നു. അപ്പോൾ ആദാം പറഞ്ഞിരിക്കാൻ സാധ്യതയുള്ള വാചകങ്ങൾ കവിയുടെ ഭാവനയിൽ ഇപ്രകാരമാണ്:

**“കാമിനീമണേ! മമ മാനസഭൂവിൽ തഴ-**

**ച്ചാമയമെന്യേ പൂത്ത പ്രേമവല്ലരിയുടെ**

**കോമളപ്രസൂനമേ! നിന്നുടെ വീഴ്ചയെത്ര**

**ഭീമമെന്നിരിക്കലും നിന്നോടു വേറായ് നില്പാൻ**

**എനിക്കു കഴിവില്ല; സുഖദുഃഖങ്ങളിലും**

**കനത്ത മൃതിയിലും നിന്നോടുകൂടിത്തന്നെ**

**മമജീവിതം പോക്കുന്നുണ്ടു ഞാൻ; സ്നേഹചിത്രം**

**മരണത്തിന്നുകൂടി മായിപ്പാൻ കഴിവില്ല”** (3:145-162)

[കാമിനീകളിൽ രത്നമായുള്ളവളേ, എന്റെ മാനസമാകുന്ന ഭൂമിയിൽ തഴച്ച്, ദുഃഖങ്ങളൊന്നുമില്ലാതെ പൂത്ത സ്നേഹമാകുന്ന വള്ളിയിലെ മനോഹര പുഷ്പ മേ, നിന്റെ വീഴ്ച (തെറ്റ്) എത്ര വലുതായാലും നിന്നോടു വേറിട്ടു നില്പാൻ എനിക്കാവില്ല. സുഖമായാലും ദുഃഖമായാലും കനത്ത മരണമായാലും നിന്റെ കൂടെത്തന്നെ എന്റെ ജീവിതം ഞാൻ ചിലവഴിക്കും. മരണത്തിന്നുകൂടി ഈ സ്നേ ഹചിത്രം മായിപ്പാൻ കഴിവില്ല]

ooo

# വേദവിഹാരം:
# മനോഹരമീ മഹാകാവ്യം!

11

**നോഹയുടെ പ്രസംഗം:**

വരുവാൻ പോകുന്ന ജലപ്രളയത്തിൽനിന്നും രക്ഷപ്പെടാനായി നോഹ ജനങ്ങളെ ആഹ്വാനം ചെയ്തെങ്കിലും പ്രയോജനമുണ്ടായില്ല. അന്നുവരെ മഴ പെയ്തിട്ടില്ലാത്തതുകൊണ്ട്, മഴ പെയ്യുമെന്നു നോഹ പറഞ്ഞത് ആരും വിശ്വസിച്ചില്ല. എന്നു മാത്രമല്ല, അവർ നോഹയെ വട്ടമിട്ടു കളിയാക്കുകയും ചെയ്തു. ആ പരിഹാസികളുടെ പരിഹാസവാക്കുകൾ കവിഭാവനയിൽ ഇപ്രകാരമാണ്:

**"ഭോഷനാണിയാളയ്യോ തലയിൻ സ്ക്രൂവയഞ്ഞു**
**നട്ടുച്ചയ്ക്കർദ്ധരാത്രി വന്നീടുമെന്നീവിധം**
**പൊട്ടനല്ലാതെ വദിച്ചീടുവാനുണ്ടാകുമോ?**
**ഉറക്കം ശരിയായിട്ടില്ലതുകൊണ്ടുവന്ന**
**കറക്കമൊണു പക്ഷേ എണ്ണതേച്ചൊന്നുരണ്ടു**
**കുളി ഭംഗിയായ് നടത്തീടുകിൽ കുറേയൊന്നു**
**കുറയും ചറുപറപ്പറയുന്നതും മാറും**
**കണ്ട മർത്യരോടൊക്കെ മുങ്ങിച്ചാകുമെന്നിയാൾ**
**തൊണ്ട വിണ്ടുളറിനാലുണ്ടാമോ ജലപ്ലാവം?**
**മണ്ടയിൽ തലച്ചോറു വേണ്ടേ മാനുഷനായാൽ**
**കുണ്ടാമണ്ടി വല്ലതുമുണ്ടാകും വൈകാതിനി"** (6:152-162)

സുവിശേഷം അറിയിക്കുന്നവർ എന്നും പരിഹാസികളുടെ പ്രിയപ്പെട്ട ഇരകളാണ്. തലയുടെ സ്ക്രൂ അയഞ്ഞു എന്നും പൊട്ടനാണെന്നും ഉറക്കം ശരിയാകാത്തതുകൊണ്ടുള്ള പ്രശ്നമാണെന്നും എണ്ണ തേച്ചു കുളിച്ചാൽ മാറിക്കൊള്ളുമെന്നുമുള്ള പരിഹാസശരങ്ങളാണ് അവർ നോഹയ്ക്കു നേരെ എയ്തത്. മണ്ടയിൽ തലച്ചോറ് ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നമാണ് നോഹയ്ക്ക് എന്ന് അവർ വിധിയെഴുതി.

സുവിശേഷമറിയിച്ചുകൊണ്ട് സമൂഹത്തിൽ ചുറ്റിനടന്നപ്പോൾ കവിയ്ക്കുണ്ടായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, കവിഭാവന പീലി വിടർത്തിയാടിയതിന്റെ ഫലമാണ് ഈ വരികൾ എന്നു നിശ്ശങ്കം സാക്ഷ്യപ്പെടുത്താം. സമൂഹത്തിലേക്ക് സുവിശേഷവുമായി ഇറങ്ങിച്ചെല്ലുന്ന ദൈവഭൃത്യന്മാർ അനുഭവിക്കേണ്ടിവരുന്ന നിന്ദയും പീഡയും തന്റെ മഹാകാവ്യത്തിലൂടെ കവി പിന്നെയും വരച്ചുകാണിക്കുന്നുണ്ട്:

**"തന്തതള്ളമാരുടെ ചൊൽവിളിക്കടങ്ങാത്ത**
**ചന്തപ്പിള്ളരൊട്ടേറെയാർപ്പിട്ടുമുളറീടും.**
**മദ്യമത്തന്മാർ ചിലർ നില്ക്കുവാനരുതാഞ്ഞി-**
**ട്ടെത്തിനോക്കിയുംവെച്ചു ഹുമ്മെന്നു മുഖം കോട്ടും.**
**തണ്ടുതപ്പികൾ ചില പൊണ്ണന്മാരിവിടിയാൾ**
**കൊണ്ടുവന്നതു ചിലവാകില്ല കൊണ്ടുപ്പൊയ്ക്കോ**
**എന്നുര ചെയ്യും; മഹാകോപികൾ ചിലർ കൈകൾ**
**നന്നായിത്തിരുമ്മീടും പല്ലുകളുരുമ്മീടും."**

(6:185-192)

നോഹയുടെ പ്രസംഗം കേട്ട് ആരും മാനസാന്തരപ്പെട്ടില്ല. ഒടുവിൽ ജലപ്രളയം വന്നു. ആദ്യം തിണ്ണയിൽ, പിന്നെ തട്ടിന്മേൽ, പിന്നെ കുന്നിന്മേൽ, അതും കഴിഞ്ഞ് പർവതാഗ്രത്തിൽ... മനുഷ്യർ രക്ഷപ്പെടാനായി പരക്കം പാ ഞ്ഞു. അവശരായ അവർ നോഹയെ വിളിച്ചു കരഞ്ഞു. രക്ഷാദിനം കഴിഞ്ഞുപോയതുകൊണ്ട് നോഹയ്ക്ക് പെട്ടകത്തിന്റെ വാതിൽ തുറക്കാൻ കഴിയുമായിരുന്നില്ല:

**"ആശാരിമാരും ചില ചട്ടമ്പിക്കുട്ടന്മാരും**
**കേശാദിപാദം ശീതജലത്തിൽനിന്നുകൊണ്ടു**
**നോഹയേ വിളിച്ചേറ്റമലറി വെള്ളത്തിങ്കൽ**
**താണിതു രക്ഷാദിനം കഴിഞ്ഞുപോകമൂലം**
**ചത്തുചത്തെല്ലാവരും വെള്ളത്തിൻ മീതെ, കെട്ടി-**
**ത്തീർത്തൊരു ചങ്ങാടംപോൽ ഞെരുങ്ങിക്കിടക്കുന്നു"**

(8:67-72)

സുവിശേഷം അറിയിച്ചുവരുന്നവരെ അവഗണിക്കുന്നവർക്കൊരു മുന്നറിയിപ്പ് കൊടുക്കാൻ കവി മറന്നില്ല. സുവിശേഷം പ്രസംഗിക്കുന്നവരെ നിന്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്തുകൊണ്ട് അവരെ സങ്കടപ്പെടുത്തുന്നവർ, അങ്ങനെ ചെയ്യുന്നതിന് കണ്ണീരോടുകൂടി അനുഭവിക്കേണ്ടിവരുമെന്ന് കവി തുറന്നടിച്ചു പറയുന്നുണ്ട്. ദൈവഭൃത്യന്മാരുടെ കണ്ണു നിറയാൻ കാരണക്കാരായവർക്ക് കണ്ണീരോടുകൂടെ സർവനാശമാണ് വരുവാൻ പോകുന്നത് എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കവിയുടെ വരികൾ നോക്കൂ:

**"ദൈവഭൃത്യന്റെ നേത്രം ബാഷ്പത്താൽ നിറച്ചവർ**
**കൈവന്നു കണ്ണീരോടുതാഴുവാനാഴിക്കുള്ളിൽ"**

(8:73-74)

ദൈവഭൃത്യനായ നോഹയുടെ കണ്ണുകൾ ബാഷ്പത്താൽ നിറച്ചവർ അതിന്റെ കൂലി അനുഭവിക്കുകതന്നെ ചെയ്തു. അവർ ആഴിക്കുള്ളിൽ കണ്ണീരോടുകൂടെ താണുപോയി. ആരും അവരെ രക്ഷിക്കാൻ വന്നില്ല. ഇന്നത്തെ സുവിശേഷ വിരോധമനോഭാവമുള്ളവർക്ക് വേണമെങ്കിൽ ഈ താക്കീതിന്റെ സ്വരം ശ്രദ്ധിച്ച് വരുവാനുള്ള ദൈവകോപത്തിന്റെ കുത്തൊഴുക്കിൽനിന്നും രക്ഷപ്പെടാം; അല്ലെങ്കിൽ സ്വയം നശിച്ചുപോകാം.

ooo

# വേദവിഹാരം: മനോഹരമീ മഹാകാവ്യം!

12

**സോദോം ദഹനം:**

ഉല്പത്തിപ്പുസ്തകം 19-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സോദോം പട്ടണവിശേഷങ്ങൾ *വേദവിഹാര*ത്തിന്റെ 19-ാം അദ്ധ്യായത്തിൽ മഹാകവി കെ. വി. സൈമൺ അവതരിപ്പിച്ചിരിക്കുന്നത് നിരൂപകരുടെ പ്രത്യേക പ്രശംസയ്ക്ക് പാത്രമായിട്ടുള്ള കാര്യം നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ. സ്വർഗ്ഗ രതിയുടെ ഈറ്റില്ലമായിരുന്നു സോദോം പട്ടണം. ഒടുവിൽ ദൈവത്തിന്റെ ക്രോധം ആ പട്ടണത്തിന്മേൽ തീയായി പെയ്തിറങ്ങി ആ പട്ടണത്തെ ദഹിപ്പിച്ചു. *വേദവിഹാര*ത്തിൽ 'സോദോം ദഹനം' എന്ന ശീർഷകത്തിൽ മഹാകവി സൈമൺ അക്കാര്യങ്ങൾ കവിതയായി ചമയിച്ചൊരുക്കിയപ്പോൾ, സൈമണിലെ കവി യുടെ നിലവാരത്തിന്റെ ഔന്നത്യം സഹൃദയർക്ക് ആസ്വദിക്കാൻ വീണ്ടുമൊരു അവസരം ലഭിച്ചു.

1105 ധനു 15 ന്, അതായത് 1929 ഡിസംബർ 30 ന് തിരുവനന്തപുരത്ത് വച്ചുനടന്ന സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ചതുർത്ഥ സമ്മേളനത്തിൽ വിവിധ സാഹി ത്യരൂപങ്ങൾ പ്രൗഢമായ സദസ്സിന്റെ മുമ്പാകെ അവതരിപ്പിക്കപ്പെട്ട കൂട്ടത്തിൽ, സൈമൺ തന്റെ കവിത സോദോം ദഹനം എന്ന പേരിൽ അവതരിപ്പിക്കുകയും, അതു മഹാകവി ഉള്ളൂർ ഉൾപ്പെടെയുള്ള സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. മാത്രമല്ല, പിറ്റെ ദിവസം മലയാള മനോരമയും മറ്റു പത്രങ്ങളും അതു ഗംഭീരവാർത്തയായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

**ദീപം** എന്ന പത്രം എഴുതിയിരിക്കുന്നതു നോക്കുക:

> കവിതകളിൽ കെ.വി. സൈമൺ എന്ന ഒരാളുടെ സോദോം ദഹനമാണ് ഒന്നാം സ്ഥാനത്തെ അർഹിച്ചത്...സുന്ദരകാണ്ഡവൃത്തത്തിൽ എഴുത പ്പെട്ടിട്ടുള്ള പ്രസ്തുത കവിത വായിച്ചുകഴിഞ്ഞയുടനെ ഉള്ളൂർ മുത ലായവർ കവിയെ പ്രത്യേകം പ്രശംസിക്കയുണ്ടായി. 1105 ധനു 16.

**മലയാളമനോരമ** എഴുതിയത് ഇപ്രകാരമായിരുന്നു:

> താൻ കിളിപ്പാട്ടു രീതിയിൽ തർജ്ജമ ചെയ്തുവരുന്ന ബൈബിളിൽ നിന്നു സോദോം ദഹനം എന്ന ഭാഗം ഉദ്ധരിച്ചു മിസ്റ്റർ സൈമൺ യോഗത്തിൽ വായിക്കയാണ് അടുത്തുണ്ടായത്. വൃത്തം സുന്ദരകാണ്ഡത്തിലേ

തായിരുന്നു. കവിത, ഉള്ളൂർ മുതലായവരുടെ അഭിനന്ദനത്തെ പ്രത്യേകം സമ്പാദിച്ചു. 1105 ധനു 16 (*വേദവിഹാരം*, പേജ് 29)

ഒരു വർഷത്തിനു ശേഷം *വേദവിഹാരം* പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ, മഹാകവി വള്ളത്തോൾ തന്റെ അഭിപ്രായം എഴുതിയ കൂട്ടത്തിൽ ഇക്കാര്യവും പ്രത്യേകം എഴുതുകയുണ്ടായി. വള്ളത്തോളിന്റെ വാക്കുകൾ നമുക്കു ശ്രദ്ധിക്കാം:

> തിരുവനന്തപുരത്തു ചതുർത്ഥ്യസാഹിത്യ പരിഷത്സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന സഹൃദയരുടെ കരൾച്ചെവിയിൽ ഒരു 'കളകാഞ്ചീ' ക്വണിതം ഇന്നും മാറ്റൊലിക്കൊള്ളുന്നുണ്ടാവും. അതു സോദോം നഗരത്തിൽ നൃത്തം വച്ച സൈമൺ സരസ്വതിയുടേതാണെന്നു പറഞ്ഞാൽ, 'വേദവിഹാരം' ശരിക്കു വിമർശിക്കപ്പെട്ടുകഴിഞ്ഞു! (*വേദവിഹാരം*, പേജ് 11)

ആകാശത്തുനിന്നു ഭയങ്കരമായ വിധം പെയ്തിറങ്ങിയ തീമഴ കണ്ട് പരിഭ്രമിച്ച സ്വവർഗ്ഗരതിവീരന്മാർ പ്രാണരക്ഷാർത്ഥം നെട്ടോട്ടമോടി. മുറ്റത്തു നിന്നവർ തിണ്ണയിൽ കയറി; ജീവരക്ഷയ്ക്കു വേണ്ടി നിലവറയുടെയുള്ളിൽ ചിലർ കടന്നിരുന്നു:

**"അജിരമതിൽ നിന്നവർ തിണ്ണയിൽ കേറിനാ**
**രുപരി നിലകൊണ്ടവർ തട്ടിന്നു കീഴിലായ്**
**അതുമഫലമാം വിധൗ ജീവരക്ഷാർത്ഥമായ്**
**നിലവറ കടന്നിരുന്നാഗ്നേയപീഡയാൽ"** (18:543-546)

(അജിരം = മുറ്റം, ആഗ്നേയപീഡ = തീകൊണ്ടുള്ള പീഡ)

ദൈവീകശിക്ഷാവിധി അപ്രതീക്ഷിതമായി വന്നപ്പോൾ പാപികളുടെ കൂട്ടം പല 'ഡ്യൂട്ടി'കളിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ചിലർ ശാപ്പാടു വിഴുങ്ങുകയായിരുന്നു; ചിലർ ഉറങ്ങുകയായിരുന്നു; ചിലർ അസഭ്യം പറഞ്ഞ് അഹങ്കാരത്തിൽ മുഴുത്ത് നിലകൊള്ളുകയായിരുന്നു; മദ്യകുംഭമെടുത്ത് അതിൽനിന്നും മോന്തുകയായിരുന്നു മറ്റു ചിലർ; പകിടകളിയും ചൂതും ഒക്കെയായി വേറൊരു കൂട്ടർ; വാളും വടിയും കൊണ്ട് വിചാരിച്ചത് നേടിയെടുക്കാനായി വിളയാട്ടം നടത്തുന്ന ഗുണ്ടകൾ; കാശ് എണ്ണിനോക്കുന്ന പിശുക്കന്മാർ... പല പ്രകൃതക്കാർ; പക്ഷേ എല്ലാവരും 'പ്രകൃതിവിരുദ്ധ'ന്മാരായിരുന്നുവെന്നു മാത്രം! ഒരുത്തനും ദൈവീകക്രോധത്തിന്റെ ചക്കിൽ മെതിക്കപ്പെടാതെ പോയില്ല. തീയും ഗന്ധകവും എല്ലാവരുടെയും തലയിൽ വന്നുപതിച്ചു. എല്ലാവരും വെന്തു വെണ്ണീറായി:

**"ബഹുലതര തൊഴിലുകൾ നടത്തുംവിധൗ പലർ**
**വെന്തുവെണ്ണീറായ് ചമഞ്ഞു പൊടുന്നനെ.**
**ചില നരർ ഭുജിക്കവേ, കേചിൽ സ്വപിക്കവേ,**
**ചീത്തവാക്കോതി ചിലർ പ്രധർഷിക്കവേ,**
**മദനമഹമതിനു ചിലർ മത്സരിച്ചോടവേ,**
**മദ്യകുംഭം ചിലർ കയ്യിലെടുക്കവെ,**
**പകിടകളി പടിമവളർപാശി ചൂതെന്നിവ**
**പാരമുത്സാഹമായ് കേചിൽ കളിക്കവെ,**
**വലിയൊരവകാശവാദസ്ഥാപനത്തിനായ്**
**വാൾ വടി കേചിൽ കരത്തിൽ ധരിക്കവെ**
**കൃപണർ നിജപിടകമതിലുള്ള നാണ്യം തൃഷാ**
**കൃത്യമായെണ്ണിക്കണക്കു നോക്കീടവെ,**
**ഗഗനതലമതിപുരുഷമഗ്നിയും ഗുർവ്വിയാം**
**ഗന്ധകപ്പാറയും വർഷിച്ചു മൗലിയിൽ.** (18:551–562)

(സ്വപിക്കവേ = ഉറങ്ങുമ്പോൾ, പ്രധർഷിക്ക = അഹങ്കരിക്ക, പടിമവളർ = സാമർത്ഥ്യം വർദ്ധിച്ച, കൃപണർ = ലുബ്ധന്മാർ, പിടകം = പെട്ടകം, തൃഷാ = ആഗ്രഹത്തോടുകൂടി, ഗുർവ്വി = ഘനമുള്ളത്, മൗലി = തല)

ooo

# വേദവിഹാരം: മനോഹരമീ മഹാകാവ്യം!

13

**ദീനാചരിതം:**

ഇൻഡ്യയിൽ പീഡനങ്ങൾ പെരുകുന്ന കാഴ്ചകളാണല്ലോ നാം പത്രങ്ങളിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത്. പീഡനവീരന്മാരെ ഞാൻ ഒരിക്കലും ന്യായീകരിക്കുന്നില്ല. എങ്കിലും മിക്ക സന്ദർഭങ്ങളിലും പെൺകുട്ടികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അടക്കമൊതുക്കമില്ലായ്മയും അച്ചടക്കമില്ലായ്മയും അശ്രദ്ധയും പീഡനങ്ങൾക്ക് കാരണങ്ങളാകുന്നുണ്ടെന്നുള്ള വസ്തുത കണ്ടില്ലെന്നു നടിക്കാൻ നമുക്കാവുമോ? രാത്രി കൂട്ടുകാരന്റെ കൂടെയുള്ള കറക്കം, ഉത്സവപ്പറമ്പിലെ തിരക്കുകളിലേക്ക് ശരീരവടിവ് പ്രദർശിപ്പിക്കുന്ന രീതിയിലുള്ള വസ്ത്രധാരണവുമായുള്ള രംഗ പ്രവേശം എന്നു തുടങ്ങി പെൺകുട്ടികൾ വരുത്തുന്ന വീഴ്ചകൾ വലുതാണ്. ഞാൻ ആവർത്തിക്കുകയാണ്: ഇങ്ങനെ എഴുതിയതു നിമിത്തം ഞാനൊരിക്കലും കാമവെറിയന്മാരെ പിന്തുണയ്ക്കുകയാണെന്നു തെറ്റിദ്ധരിക്കരുത്.

ഉല്പത്തി 34-ാം അദ്ധ്യായത്തിൽ ദീനാ എന്ന പെൺകുട്ടിയ്ക്കുണ്ടായ അനുഭവങ്ങൾ മഹാകവി കെ. വി. സൈമൺ തന്റെ മഹാകാവ്യത്തിലൂടെ മനോഹരമായി വ്യാഖ്യാനിക്കുന്നുണ്ട്. യാക്കോബിന്റെ മകളായ ദീനാ നാടു ചുറ്റിക്കാണാൻ ഇറങ്ങിയതാണ്. തണ്ടും തടിയും ഉള്ള 11 ആങ്ങളമാരുടെ ഒരേയൊരു പെങ്ങളായിരുന്നു അവൾ. (പന്ത്രണ്ടാമത്തെ ആങ്ങളയായ ബെന്യാമീൻ അപ്പോൾ ജനിച്ചിരുന്നില്ല) നാടു കാണാൻ ഇറങ്ങുമ്പോൾ ഏതെങ്കിലുമൊരു ആങ്ങളയെ അവൾ കൂട്ടിനു വിളിച്ചില്ല. ഫലമോ? ശെഖേം എന്ന ഒരു ‘തമ്പുരാൻ ചെറുക്കൻ’ അവളെ ബലാൽക്കാരം ചെയ്തു. തുടർന്നുണ്ടായ പ്രശ്നങ്ങളും അവളുടെ ആങ്ങളമാർ നടത്തിയ അതിക്രൂരമായ പ്രതികാരവും നാം ഉല്പത്തിപ്പുസ്തകം 34-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ടല്ലോ. *വേദവിഹാരം* 34-ാം അദ്ധ്യായത്തിൽ മാകന്ദമഞ്ജരി വൃത്തത്തിൽ എഴുതിയ വരികളിലൂടെ മഹാകവി സൈമൺ, നാടുകാണാൻ ഇറങ്ങിയ, അടക്കവും ഒതുക്കവും ഇല്ലാത്ത ദീനയെ നിശിതമായി വിമർശിക്കുന്നുണ്ട്:

**“വേലിയടയാത്ത കേദാരസസ്യങ്ങൾ**
**കാലികൾ തിന്മതു വിസ്മയമോ?**

**ലജ്ജാവസനത്താൽ ഛാദിതരാകായ്കിൽ**
**കച്ചവാർകേശീകളീവിധമാം.**
**ഏറ്റമൊതുങ്ങി വസിക്കേണ്ട പെണ്ണുങ്ങൾ**
**ചുറ്റിനടക്കുവതെന്തബദ്ധം**
**കാഴ്ചകൾകണ്ടു കണ്ടാഴ്ചകൾ ചെല്ലുമ്പോൾ**
**വേഴ്ച ദുഷ്കർമ്മത്തിൽ സംഭവിക്കും.**
**ആയതുകാരണം ലോഭനസ്ഥാനത്തു**
**പോയീടരുതൊരു നാരിപോലും"** (34:95-104)

[വേലിക്കെട്ടിന്നകത്തല്ലാത്ത വയൽ സസ്യങ്ങൾ കാലികൾ തിന്നു നശിപ്പിക്കുന്നതിൽ വിസ്മയിക്കുന്നതെന്തിന്? ലജ്ജയാകുന്ന വസ്ത്രം കൊണ്ട് മറയ്ക്കപ്പെടാത്ത സുന്ദരിമാർ (കച്ചവാർകേശികൾ) ഇതുപോലെയാണ്. ഒതുങ്ങി ജീവിക്കേണ്ട സ്ത്രീകൾ ചുറ്റിനടക്കുന്നത് എന്തൊരു അബദ്ധമാണ്. കാഴ്ചകൾ കണ്ട് നടക്കുമ്പോൾ ദുഷ്കർമ്മങ്ങൾക്ക് കാരണമാകാം. അതുകൊണ്ട് മോഹം ജനിപ്പിക്കുന്ന സ്ഥാനങ്ങളിൽ ഒരു സ്ത്രീ പോലും പോകരുത്.]

ശെഖേം എന്ന ബലാൽക്കാരവീരനെ കവി ഒരിക്കലും ന്യായീകരിക്കുകയോ അവന്റെ കുറ്റത്തെ ലഘുവായി കാണുകയോ ചെയ്യുന്നില്ല എന്നത് തുടർന്നുള്ള വരികൾ വ്യക്തമാക്കുന്നുണ്ട്. എങ്കിലും ദീനായുടെ 'ഇളകിത്തുള്ളിയുള്ള' പെരുമാറ്റത്തെ കവി രൂക്ഷമായി വിമർശിക്കയാണ്. വേലിയടയാത്ത കേദാരസസ്യത്തോടാണ് കവി അവളെ തുലനം ചെയ്തത്. സാധാരണയായി ബലാൽക്കാരത്തിനു ഇരയാകുന്നവളെ ആരും വിമർശിക്കാറില്ല. പക്ഷേ ദീനായുടെ കാര്യത്തിൽ സംഭവിച്ചത്, അവൾ സ്വയം വരുത്തിവച്ച വിനയായതുകൊണ്ട്, അത് മറ്റുള്ള പെൺകുട്ടികൾ ആവർത്തിക്കാതിരിക്കണമെന്നുള്ള കവിയുടെ ആത്മാർത്ഥമായ ആഗ്രഹമാണ് ഇത്തരമൊരു വിമർശനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

ദീനായുടെ വസ്ത്രഭ്രമത്തെപ്പറ്റി വിശുദ്ധ ബൈബിളിൽ യാതൊന്നും പറഞ്ഞിട്ടില്ലെങ്കിലും, മഹാകവി സൈമൺ അവളുടെ ഭാഗത്തുണ്ടായ വീഴ്ചയുടെ ഈ അവസരം പരമാവധി മുതലാക്കിക്കൊണ്ട്, അവൾ വസ്ത്രഭ്രമമുള്ളവളായിരുന്നുവെന്നു പറഞ്ഞ് അവളെ വിമർശിക്കുന്നുണ്ട്:

**"ഏതുധരിച്ചാലുമല്പം കഴിഞ്ഞതിൽ**
**ചേതോവിരക്തിയുദിച്ചുടനേ**
**പുത്തനായുള്ളോന്നു വാങ്ങിക്കൊടുക്കുവാൻ**

**ശക്തിയായ് ഹേമം തുടരുമവൾ**
**ഈദൃശമായുള്ള നിർബന്ധം സാധിപ്പാൻ**
**മാതാപിതാക്കൾ മടിക്കുമാകിൽ**
**കണ്ണീരൊലിപ്പിച്ചു ദുർമുഖത്തോടവ-**
**ളൊന്നും ഭുജിക്കാതിരുന്നുകൊള്ളും”** (34:23-30)

[ഏതു ധരിച്ചാലും അല്പം കഴിഞ്ഞാൽ അവളുടെ മനസ്സിനു മടുപ്പ് തോന്നും; ഉടനെ പുത്തനായുള്ളത് വാങ്ങിക്കൊടുക്കുവാൻ അവൾ ശക്തമായ നിർബന്ധം (ഹേമം) തുടങ്ങും. ഈ നിർബന്ധത്തിനു മാതാപിതാക്കൾ വഴങ്ങിയില്ലെങ്കിൽ കണ്ണീരൊലിപ്പിച്ച്, ദുർമുഖം കാട്ടി, ഒന്നും ഭക്ഷിക്കാതെ അവളിരിന്നുകൊള്ളും]

പെൺകുട്ടികൾക്ക് സദുപദേശം കൊടുക്കുന്നതിനു തനിക്കു ലഭിച്ച ഒരു അവസരമായി കവി ഈ സന്ദർഭത്തെ കാണുകയും, ഭാവനാലോകത്തിൽ വിഹരിക്കാൻ ഒരു കവിയ്ക്കുള്ള സ്വാതന്ത്ര്യം ഉപയോഗിക്കുകയും ചെയ്തതിന്റെ ഫലമാണ് ഈ വരികൾ. അവൾ വീട്ടിലെ ഇളയവളും ഒരേയൊരു പെൺകുട്ടിയും ആയതുകൊണ്ട്, ഇമ്മാതിരിയുള്ള പെരുമാറ്റത്തിനു വളരെ സാധ്യത തീർച്ചയായും ഉണ്ടുതാനും. പെൺകുട്ടികൾ സാധാരണയായി പ്രകടിപ്പിക്കാറുള്ള വസ്ത്ര ഭ്രമത്തെയും ആശിച്ചത് ലഭിക്കാതെ വന്നാൽ കാണിക്കുന്ന മുഖം വീർപ്പി ക്കലിനെയും ചൂണ്ടിക്കാണിക്കുന്ന ഈ വരികളുടെ പ്രസക്തി ഇക്കാലത്തും നഷ്ടപ്പെട്ടിട്ടില്ല!

സ്ത്രീസ്വാതന്ത്ര്യത്തിന്റെ വക്താക്കൾക്ക് സൈമന്റെ ‘ദീനാചരിത’ത്തിലെ വരികൾ ദഹനക്കേടുണ്ടാക്കിയേക്കാം. വസ്ത്രഭ്രമവുമായി നടക്കുന്നവർക്കും ഈ വരികൾ വായുകോപം ഉണ്ടാക്കിയേക്കാം. പെണ്ണുങ്ങൾ അടങ്ങിയൊതുങ്ങി ജീവിക്കണമെന്ന വരികൾ ഏതു പെണ്ണിനാണ് പാൽപ്പായസമായി തോന്നുക! പക്ഷേ ദൈവവചനമായ ബൈബിളിന്റെ വീക്ഷണമാണ് ഭക്തകവി തന്റെ വരികളിലൂടെ വരച്ചുകാണിച്ചത് എന്നു ദയവായി മറക്കരുതേ.

ഠഠഠ

# വേദവിഹാരം: മനോഹരമീ മഹാകാവ്യം!

14

**യോസേഫ് ചരിത്രം:**

യോസേഫിനെ മിസ്രയീമിലേക്കു വിറ്റുകളഞ്ഞ സംഭവം ഉല്പത്തി 37-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. അവിടെ അകമ്പടിനായകന്റെ വീട്ടിൽ സർവസ്വാതന്ത്ര്യത്തോടെ പെരുമാറിപ്പോരുമ്പോഴാണ്, കോമളരൂപനായ യോസേഫിന്റെ മേൽ അകമ്പടിനായകന്റെ ഭാര്യയ്ക്ക് മോഹം ജനിച്ചത്. അവളുടെ ഇംഗിതത്തിനു വഴങ്ങാതിരുന്നതോടെ, അവൾ സംഹാരരൂപിണിയായി മാറി. യോസേഫ് അവളോട് അപമര്യദയായി പെരുമാറി എന്നും പറഞ്ഞ് അവൾ അലറി. യോസേഫ് സർപ്പമാണെന്നും ഒരു സർപ്പത്തിനു പാൽ കൊടുത്തു വളർത്തിയാൽ കടിയായിരിക്കും ഫലം എന്നും അവൾ വിളിച്ചുകൂവി:

**"പ്രദാകുവിന്നു പാൽ കൊടുത്തു പോറ്റിയാൽ വരും ഫലം**
**സദാ കരാളദന്തദംശമാണു സംശയം വിനാ"** (39:93-94)

[പ്രദാകു = സർപ്പം; കരാളദന്തദംശം = ഭയങ്കരമായ പല്ലുകൊണ്ടുള്ള കടി]

എന്നാൽ യോസേഫിനു ദൈവം അനുകൂലമായിരുന്നു. ദൈവം അനുകൂല മായിരിക്കുന്നവനെ ഏതു കാരാഗൃഹത്തിൽ എത്ര ശക്തമായി അടച്ചിട്ടാലും അവൻ പൂർവ്വാധികം ശക്തിയായി തിരിച്ചുവരികതന്നെ ചെയ്യും. കാരാഗൃഹത്തിനു പുറത്തേക്ക് തികച്ചും നാടകീയമെന്നോണം കൊണ്ടുവരപ്പെട്ട യോസേഫ്, ദേശത്ത് വരാൻ പോകുന്ന ക്ഷാമത്തെപ്പറ്റി മുന്നറിയിപ്പു കൊടുത്തു. അവൻ പറഞ്ഞ തുപോലെ ക്ഷാമസംവത്സരങ്ങൾ വന്നെത്തിയപ്പോൾ, സൂര്യതാപത്തിന്റെ ഭയങ്കരത്വത്തെപ്പറ്റി മഹാകവി വർണ്ണിക്കുന്നത് ഇപ്രകാരമാണ്:

**"ക്ഷാമപാവകനു ജ്വലിച്ചീടുവാൻ**
**ഭീമവാതമെന്നോണം പ്രഭാകരൻ**
**നീലപുഷ്കരമാകുമോരിംഗാല-**
**ജാലമധ്യത്തെരികനൽ പോലവേ**
**നിന്നു ഭൂതലം ചുട്ടുദഹിപ്പതി-**
**ന്നുന്നതശ്രമം ചെയ്തു വിളങ്ങിനാൻ."** (41:373-378)

[ക്ഷാമപാവകൻ = ക്ഷാമമാകുന്ന അഗ്നി; ഭീമവാതം = വലിയ കാറ്റ്; നീലപുഷ്കരം = നീലനിറമായ ആകാശം; ഇംഗാലജാലമധ്യം = കരിക്കട്ടയുടെ മദ്ധ്യം.

ക്ഷാമമാകുന്ന അഗ്നി ജ്വലിപ്പിക്കാനുള്ള വലിയ കാറ്റിനെപ്പോലെ, നീലനിറമായ ആകാശത്ത്, കരിക്കട്ടയുടെ മധ്യത്തിലെ തീക്കനൽ പോലെ, ഭൂമിയെ ചുട്ടുദഹിപ്പിക്കാൻ വലിയ ശ്രമം ചെയ്തുകൊണ്ട് സൂര്യൻ വിളങ്ങി ശോഭിച്ചു]

ഈ വരികളിലെ അലങ്കാരഭംഗി ശ്രദ്ധേയമാണ്. അത്യുഷ്ണത്തിന്റെ ഭയങ്കരത്വം നിമിത്തം നെട്ടോടമോടുന്ന തദ്ദേശവാസികളുടെ പാഴ്ശ്രമങ്ങളെപ്പറ്റി മനോഹരമായി കവി വർണ്ണിക്കുന്നുണ്ട്. ചൂടു സഹിക്കാൻ കഴിയാതെ അവർ പൊയ്കയുടെ തീരത്തും കാടിന്റെ നടുഭാഗത്തും വരെ ചെന്നുവെന്നും, പക്ഷേ പട പേടിച്ച് പന്തളത്ത് ചെന്ന പോലെയായിരുന്നു ഫലമെന്നുമാണ് കവി കുറിച്ചത്:

**"ചൂടുകൊണ്ടോടി വാപിതൻ തീരത്തും**
**കാടുതൻ നടുഭാഗത്തുമെത്തവേ**
**കൂടലർ പടപേടിച്ചു പന്തള-**
**ത്തോടിയ മട്ടിലായിബ്ഭവിച്ചിതു"** (41:383-386)
[വാപി = പൊയ്ക; കൂടലർ = ശത്രുക്കൾ]

കഠിനക്ഷാമം മൂലം കന്നുകാലികൾ മെലിഞ്ഞുണങ്ങി കാണപ്പെട്ടു. ഒരു മുള്ളുകൊണ്ട് അവയുടെ ഒരു വശത്ത് കുത്തിയാൽ മറുവശത്ത് എത്തുമത്രേ. പട്ടിണികൊണ്ട് ശോഷിച്ചുപോയ ജീവജാലങ്ങളുടെ ശോചനീയാവസ്ഥ വരച്ചു കാണിക്കുകയാണ് കവിയുടെ ലക്ഷ്യം:

**"അല്പവാസരം ചെന്നപോതുള്ളൊരു**
**കെല്പശേഷം കുറഞ്ഞു കന്നാലികൾ**
**മുള്ളുകൊണ്ടൊരു പാർശ്വത്തു കുത്തിയാൽ**
**തെല്ലു താമസമെന്യേ മറുവശം**
**നല്ലപോൽ കടന്നീടും വിധം മെലി-**
**ഞ്ഞല്ലലാണ്ടു കിടന്നു തൊഴുവത്തിൽ"** (41:413-418)

*വേദവിഹാരം* എന്ന മഹാകാവ്യത്തിൽ ഇതുപോലുള്ള ലളിതകോമളമായ വരികളും ധാരാളമുണ്ട്. വരികൾ ലളിതമായാലും ഗഹനമായാലും കവി തന്റെ പാടവം പ്രകടമാക്കുന്നുണ്ടെന്നുള്ളതാണ് വാസ്തവം. അലങ്കാരഭാവനകൾ കൊണ്ട് ധന്യമാണ് *വേദവിഹാരം*. പ്രൊഫ. മാത്യു ഉലകംതറ, സൂക്ഷ്മമായ പരിശോധനയ്ക്കുശേഷം, തെളിവുകളായി നിരവധി ഉദാഹരണങ്ങൾ *വേദവിഹാര*ത്തിൽ നിന്നും നിരത്തിക്കൊണ്ട്, സമർത്ഥിക്കുന്നത് കേൾക്കുക:

ക്രൈസ്തവകവികളിൽ അലങ്കാരഭാവനാസമ്പത്തുകൊണ്ട് ഏറ്റവും അനുഗൃഹീതനായ കവിയാണ് കെ. വി. സൈമൺ. എന്നാൽ "നെല്ലും

> പണങ്ങളുമുണ്ടെന്നുവച്ചിട്ടു കല്ലിലും പുല്ലിലും തൂവി"ക്കളയാതെ വേണ്ടിടത്ത് വേണ്ടിടത്തോളം ഉപയോഗിക്കുന്നതിനുള്ള ഔചിത്യബുദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു (*മഹാകവി കെ. വി. സൈമൺ ജന്മ ശതാബ്ദിസ്മരണിക*, പേജ് 92).

*വേദവിഹാരം* ചേതോഹരം തന്നെയാണെന്നു വ്യക്തമാക്കുന്നതിന് മതി യായ നിരവധി ഉദാഹരണങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്.

ooo

# വേദവിഹാരം: മനോഹരമീ മഹാകാവ്യം!

15

**യാക്കോബിന്റെ അവസാന നാളുകൾ:**

യോസേഫ് മരിച്ചുപോയി എന്നാണ് അപ്പനായ യാക്കോബ് ചിന്തിച്ചിരുന്നത്; അഥവാ, അങ്ങനെയാണ് യാക്കോബിനെ മറ്റുള്ളവർ വിശ്വസിപ്പിച്ചിരുന്നത്. എന്നാൽ തന്റെ പൊന്നോമനമകൻ മിസ്രയീമിൽ ഉണ്ടെന്നുള്ള വാർത്ത അപ്രതീക്ഷിതമായി യാക്കോബിന്റെ കാതുകളിൽ എത്തി. വയോധികനായ യാക്കോബ് തന്റെ പ്രിയപ്പെട്ട മകനെ കാണുവാൻ മിസ്രയീമിലേക്കു പുറപ്പെട്ടു. ഇക്കാര്യമെല്ലാം നാം ഉല്പത്തിപ്പുസ്തകം 46-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ടല്ലോ. *വേദവിഹാര*ത്തിന്റെ 46-ാം അദ്ധ്യായത്തിൽ മഹാകവി കെ.വി.സൈമൺ ഇതെല്ലാം മോഹിനിവൃത്തത്തിലാണ് ഒരുക്കിയിട്ടുള്ളത്.

യാക്കോബ് തന്റെ മകനെ കാണുന്ന വികാരനിർഭരമായ രംഗത്ത്, താൻ പറഞ്ഞിരിക്കാൻ സാധ്യതയുള്ള വാക്കുകൾ കവിഭാവനയിൽ ഇപ്രകാരമാണ്:

**"യാക്കോബുരച്ചെന്റെ നേത്ര—ത്തിന്നു**
**പാൽക്കുഴമ്പായൊരു പുത്രാ!**
**നീ മരിച്ചെന്നു ഞാൻ കേട്ട—നേരം**
**മാമകമായ മനസ്സിൽ**
**ഉണ്ടായ യാതനയോതാ—നെനി-**
**ക്കുണ്ടാകയില്ലൊരു ശക്തി**
**ഞാനും മൃതപ്രായനെന്ന—മട്ടി-**
**ലീനാൾ വരെയുമിരുന്നു."** (46:339-346)

[യാക്കോബ് പറഞ്ഞു: എന്റെ കണ്ണുകൾക്ക് പാൽക്കുഴമ്പായൊരു മകനേ, നീ മരിച്ചെന്നു കേട്ട നേരത്ത് എന്റെ മനസ്സിൽ ഉണ്ടായ വേദനയെക്കുറിച്ചു പറയാൻ എനിക്കൊരു ശക്തിയുമില്ല. ഞാനും മരിക്കാറായി എന്ന മട്ടിൽ ഇത്ര നാളും ഭൂമിയിൽ ജീവിച്ചിരുന്നുവെന്നു മാത്രം]

ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ ആകെ 50 അദ്ധ്യായങ്ങൾ ഉള്ളതുപോലെ, ആ ഉല്പത്തിപ്പുസ്തകത്തെ ഉപജീവിച്ചെഴുതിയ *വേദവിഹാര*ത്തിലും 50 അദ്ധ്യായങ്ങൾ തന്നെയാണുള്ളതെന്നു മുന്നമേ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധിച്ചിരിക്കുമല്ലോ. അവസാനഭാഗത്ത് യാക്കോബിന്റെ മരണമാണ് നാം കാണു

ന്നത്. മക്കളോടു പറയാനുള്ളതെല്ലാം പറഞ്ഞതിനു ശേഷം യാക്കോബ് മരിച്ചു. ഇത്രേയുള്ളൂ മനുഷ്യന്റെ കാര്യം! ഏതു മാന്യന്റെ ജീവിതമായാലും ചിലന്തി നൂലിന്മേലും പുകത്തൂണുകളിന്മേലും സ്ഥാപിച്ച ഒരു മാളിക! ചിലന്തിനൂലിന്റെ ഉറപ്പില്ലായ്മയിലേക്കും പുകത്തൂണിന്റെ നൈമഷികതയിലേക്കും അനുവാചകരുടെ ശ്രദ്ധയാകർഷിച്ച്, മനുഷ്യജീവിതത്തിന്റെ ക്ഷണികത ചിത്രീകരിക്കുകയാണ് കവി ഇവിടെ ചെയ്യുന്നത്:

**"പിന്നീടു കാലധർമ്മം പൂകിനാൻ, മനുഷ്യന്റെ**
**മാന്യജീവിതം പോലും ചിലന്തിനൂലിന്മേലും**
**പുകത്തൂണുകൾമേലും സ്ഥാപിതമായ സൗധ-**
**പ്രകാണ്ഡമെന്നു കാണാമേതൊരു നേത്രത്തിനും."** (50:95-98)

ബൈബിളിലെ മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലൊന്നായ ഉല്പത്തിപ്പുസ്തകം ഇവിടെ അവസാനിക്കുന്നു എന്നു സംസ്കൃതത്തിൽ കുറിച്ചിട്ടുകൊണ്ടാണ് മഹാകവി തന്റെ മഹാകാവ്യം അവസാനിപ്പിക്കുന്നത്:

**"ഇതി ബിബ്ലിയി ധർമ്മഗ്രന്ഥേ മോശിനഃ**
**പ്രബന്ധപഞ്ചകേ**
**ഉല്പത്തികാണ്ഡഃ സമാപ്തഃ"**

ഈ മഹാകവിയെ വേണ്ടത്ര പരിഗണിക്കാതെ മുന്നോട്ടു പോകുന്നതിൽ പലരും അതൃപ്തി രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഡോ. കെ.ശ്രീനിവാസൻ അതിനു കൂടുതൽ കുറ്റപ്പെടുത്തുന്നത് മഹാകവിയുടെ വിശ്വാസത്തിലുള്ളവരെ ത്തന്നെയാണ്. ബ്രദറൺസഭകളെ ഇക്കാര്യത്തിൽ തുറന്നു വിമർശിക്കാൻ അദ്ദേഹം തയ്യാറായി:

> മഹാകവി കെ.വി.സൈമന്റെ ജന്മശതാബ്ദിവേളയിൽ അസ്മാദൃശർ ക്കുളവാകുന്ന ദുഃഖചിന്ത ആ സ്മരണയെ മലയാളക്കര വേണ്ടവണ്ണം ആദരിച്ചിട്ടില്ല എന്നുള്ളതാണ്. സാഹിത്യസാംസ്കാരിക മണ്ഡലങ്ങ ളുമായി ബന്ധപ്പെടാനിട വന്നിട്ടുള്ള ഓരോരുത്തരും കുറ്റബോധത്തോ ടുകൂടിത്തന്നെ ഈ വസ്തുത ഓർക്കേണ്ടതുണ്ട്.... അക്കാര്യത്തിൽ അന്യസമുദായക്കാരേക്കാൾ മഹാകവിയുടെ സ്വന്തം വിശ്വാസഭ്രാതാ ക്കളാണ് കൂടുതൽ ഉപേക്ഷ കാണിച്ചതെന്നു തോന്നുന്നു. (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദിസ്മരണിക*, പേജ് 159).

26–2–1983 ൽ മഹാകവിയുടെ ജന്മസ്ഥലമായ ഇടയാറന്മുളയിൽ സംഘടിപ്പിച്ച ജന്മശതാബ്ദിസ്മരണവേളയിൽ അന്നത്തെ കേരളഗവർണ്ണർ ശ്രീ പി. രാമചന്ദ്രൻ നടത്തിയ ഉൽഘാടനപ്രസംഗത്തിന്റെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടു *വേദവിഹാര*ത്തെപ്പറ്റിയുള്ള ഈ വിശദീകരണങ്ങൾക്ക് വിരാമം ഇട്ടുകൊള്ളട്ടെ:

> Great poets are not duly recognized during their life-time. They are recognized many years after their death. Subramania Bharati was recognized only many years after his death. He died penniless. Simon also has suffered during his life-time. But we must set an example for future generations and give due encouragement to contemporary writers...

ooo

# മഹാകവി സ്നാനപ്പെടുത്തിയ ശ്രീ. ടി. കെ. ജോൺ


16



**മഹാകവി കെ.വി.സൈമൺ**
(1883–1944)

മഹാകവി കെ. വി. സൈമണേയും അദ്ദേഹത്തിന്റെ *വേദവിഹാര*ത്തേയും പറ്റി ഞാനെങ്ങനെ അറിയാനിടയായി എന്നു വിശദീകരിക്കുന്നത് ഉചിതമാണല്ലോ. സ്കൂളിലോ കോളേജിലോ എനിയ്ക്കു മഹാകവിയെപ്പറ്റി ഒന്നും പഠിക്കാനുണ്ടായിരുന്നില്ല. ഞാൻ അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. റോമൻ കത്തോലിക്കാ സഭയിൽ അങ്ങേയറ്റം സജീവമായി നിലകൊണ്ടിരുന്ന എനിയ്ക്ക്, കത്തോലിക്കാസഭ എന്ന കിണറിനു പുറത്തുള്ള വിശാലമായ ലോകത്തെപ്പറ്റി അശേഷം അറിവില്ലായിരുന്നു എന്നതാണ് വാസ്തവം.

1987 ൽ തൃശ്ശൂർ സെന്റ്. തോമസ് കോളേജിൽ ഞാൻ പ്രിഡിഗ്രിയ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ദിവസം മണ്ണുത്തിയിലെ ബൈബിൾ സ്റ്റഡി സെന്ററിലെ പ്രൊഫ. ടി. ജോൺമാത്യുവും സംഘവും കോളേജിന്റെ പ്രവേശന കവാടത്തിന്നരികെ നിന്നു കൊണ്ട് ചില ലഘുലേഖകൾ വിതരണം ചെയ്തു. *ചന്ദ്രനിലെ മുയൽ* എന്നൊരു ചെറുപുസ്തകം അക്കൂട്ടത്തിൽ എനിയ്ക്കു ലഭിച്ചു. കൂടുതലറിയാനായി തപാൽമാർഗ്ഗം അവർ നടത്തിക്കൊണ്ടിരുന്ന *അത്ഭുത പ്രകാശത്തിലേക്ക്* എന്ന പേരിലുള്ള പാഠഭാഗങ്ങൾ ആവശ്യപ്പെടുകയും അതവർ ഓരോന്നായി അയച്ചു തരികയും ചെയ്തു. നേരിൽ കാണുവാനായി പ്രൊഫ. ജോൺമാത്യുവിന്റെ മണ്ണുത്തിയിലെ വസതിയിലേക്ക് ഒരു ദിവസം ഞാൻ പോയി. അവിടെ എൺപതു വയസ്സിലധികം പ്രായമുള്ള ഒരു പിതാവ് എന്നെ നല്ല താല്പര്യത്തോടെ ശ്രദ്ധിക്കുന്നത് ഞാനും ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക നാമമാണ് ടി. കെ. ജോൺ — പ്രൊഫ. ജോൺമാത്യുവിന്റെ പിതാവാണ്.



**ടി. കെ. ജോൺ**
(1905–1997)

കർത്താവിനെ സ്വന്തരക്ഷകനായി കൃപയാൽ അംഗീകരിച്ച ഞാൻ 1988 ജൂൺ 5–ാം തീയതി സ്നാനപ്പെട്ടു. പ്രൊഫ. ജോൺമാത്യുവായിരുന്നു സ്നാപകൻ. പി ന്നീട് ആ വീട്ടിലെ നിത്യസന്ദർശകനായിരുന്നു ഞാൻ. വേദപഠന കോഴ്സിനോടു ബന്ധപ്പെട്ടുള്ള ജോലികൾ ചെയ്യാൻ എന്നും അവിടെ

ചെല്ലും. കോളേജിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ ക്ലാസ്സുകൾ നടത്തിയിരുന്നതു കൊണ്ട്, ഉച്ചയ്ക്കുശേഷം എനിയ്ക്കു അവിടെ ചെല്ലാൻ സൗകര്യമായിരുന്നു. ഞാൻ ആ വീട്ടിൽ ചെല്ലുമ്പോൾ ഈ പിതാവ് ഉമ്മറത്ത് ഇരിയ്ക്കുന്നുണ്ടാകും. ഞാനുമായി കുറെ കാര്യങ്ങൾ സംസാരിക്കും. എല്ലാം വേദപുസ്തകവുമായി ബന്ധമുള്ളവ. എന്റെ ആത്മികജീവിതത്തിൽ ഈ പിതാവിന്റെ പ്രോത്സാഹനത്തിനു നല്ലൊരു പങ്കുണ്ട്. അദ്ദേഹത്തിൽ നിന്നാണ് ഞാൻ സൈമൺ സാറിനെക്കുറിച്ച് അറിയുന്നത്. അദ്ദേഹം സൈമൺസാർ സ്നാനപ്പെടുത്തിയ ഒരാളായിരുന്നു.

സൈമൺസാറിന്റെ പ്രവർത്തനഫലമായി മുന്നോട്ടു വന്ന വ്യക്തിയായിരുന്നു ശ്രീ. ടി. കെ. ജോൺ. മഹാകവി സൈമൺ തുടങ്ങിവെച്ച വിയോജിത പ്രസ്ഥാന വുമായി ചേർന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. പിന്നീട് സൈമൺസാർ ബ്രദ റൺപ്രസ്ഥാനവുമായി കൈകോർത്തപ്പോൾ ടി. കെ. ജോണും ബ്രദറൺസഭ യുടെ ഭാഗമായിത്തീർന്നു. എഴുമറ്റൂർ ബ്രദറൺ സഭയിലെ മൂപ്പനായിരുന്നു അദ്ദേഹം. 1980–ലാണ് അദ്ദേഹം മകനായ ജോൺമാത്യുവിനോടൊപ്പം തൃശ്ശൂർക്ക് വന്നത്. 1992–ൽ അദ്ദേഹം കർത്തൃസന്നിധിയിൽ ചേരുകയും ചെയ്തു.

ഞാൻ ആ വീട്ടിലേക്കു ചെല്ലുമ്പോൾ, എന്നെ പുഞ്ചിരിയോടെ സ്വീകരിക്കുന്ന ഈ പിതാവിന്റെ കയ്യിൽ പ്രധാനമായും രണ്ടു പുസ്തകങ്ങളാണ് ഞാൻ കണ്ടിട്ടുള്ളത്. ഒന്ന്, സ്കോഫീൽഡ് ബൈബിൾ; രണ്ട്, വേദവിഹാരം. (പിന്നീട് ആ സ്കോഫീൽഡ് ബൈബിൾ അദ്ദേഹം എനിയ്ക്കു സ്വന്തമായി തന്നു). രണ്ടു വ്യക്തികളെക്കുറിച്ചാണ് പ്രധാനമായും അദ്ദേഹം എന്നോടു പറഞ്ഞിട്ടുള്ളത്. ഒന്ന്, യേശുക്രിസ്തുവിനെക്കുറിച്ച്; രണ്ട്, മഹാകവി കെ. വി. സൈമണെക്കുറിച്ച്. *വേദവിഹാര*ത്തിലെ ചില വരികൾ എനിയ്ക്കു വായിച്ചു കേൾപ്പിച്ച്, അതിന്റെ അർത്ഥം ആ പിതാവ് പറഞ്ഞുതരുമായിരുന്നു. സഭായോഗങ്ങളിൽ തന്റെ വചനശുശ്രൂഷകളിൽ താൻ മഹാകവിയുടെ താഴെപ്പറയുന്ന വരികൾ പാടിയാണ് മിക്കവാറും അവസാനിപ്പിക്കാറുള്ളത്:


"ആർക്കുമതീവ മനോഹരമാം നിൻ
സ്വർഗ്ഗ യെരൂശലേം മാളികയിൽ ഞാൻ
ദീർഘയുഗം വസിച്ചാനന്ദ ബാഷ്പം
വീഴ്ത്തിയാലും നിൻകരുണയ്ക്കതു ബദലാമോ?"

ആ പിതാവിന്റെ പക്കൽ നിന്നും ഞാൻ ആദ്യമായി *വേദവിഹാരം* വാങ്ങി മറിച്ചുനോക്കിയ സന്ദർഭം ഇന്നും എന്റെ മനസ്സിലുണ്ട്. മഹാകവി കെ. വി. സൈമണേയും *വേദവിഹാര*ത്തേയും പറ്റി കേട്ടിട്ടുപോലുമില്ലാത്ത, അന്നു പതിനെട്ടു

വയസ്സു മാത്രം പ്രായമുള്ള, ഞാൻ ആദ്യമായി *വേദവിഹാരം* വെറുതെ ഒന്നു മറിച്ചുനോക്കാനായി എടുത്തു. ഈ പിതാവ് ഇത്രയും ആവേശത്തോടെ സംസാരിക്കുന്ന ആ മഹാകാവ്യത്തിന് പ്രത്യേകിച്ചൊരു വിശേഷതയും കാണില്ലെന്നും, അങ്ങനെ മികച്ചതായിരുന്നുവെങ്കിൽ സ്കൂളിൽ പഠിക്കാൻ ഉണ്ടാകുമായിരുന്നുവെന്നും ചിന്തിച്ച്, ആ മഹാകാവ്യത്തിന് മുൻവിധിയോടെ മനസ്സുകൊണ്ട് അല്പം മാത്രം മാർക്കിട്ട്, അതിന്റെ പേജുകൾ മറിച്ചു.

ശരിക്കും ആശ്ചര്യഭരിതനായിപ്പോയി. കാരണം, തുടക്കത്തിൽ തന്നെ മഹാകവി ഉള്ളൂരിന്റെ അവതാരികയായിരുന്നു. പിന്നീട് മഹാകവി വള്ളത്തോളിന്റെ അഭിനന്ദനവും. "ഭാഷയ്ക്ക് ഒരു അഭിമാനജനകമായ സമ്പാദ്യമായി പരിശോഭിക്കുന്നു" എന്നാണ് ഉള്ളൂർ എഴുതിയത്. "സംസ്കൃതാശയനായ ശ്രീമാൻ സൈമന്റെ സാഹിത്യ വിഹാരം എന്നെ സന്തോഷഭരിതനാക്കുന്നു" എന്നു വള്ളത്തോളും എഴുതി. ഏതെങ്കിലുമോ എങ്ങനെയെങ്കിലുമോ ഉള്ള, ഒരു ചവറുസമാനമായ കാവ്യമായിരുന്നുവെങ്കിൽ, ഈ പുകഴ്പെറ്റ മഹാകവികൾ ഇത്രയും ശക്തമായി അതിനെ ശുപാർശ ചെയ്യില്ലായിരുന്നുവെന്നു സ്വാഭാവികമായും ഞാൻ ചിന്തിച്ചു. അങ്ങനെയാണ് മഹാകവിയോടും, അദ്ദേഹത്തിന്റെ മഹാകാവ്യത്തോടും, ഗദ്യരൂപത്തിലും പദ്യരൂപത്തിലുമുള്ള അദ്ദേഹത്തിന്റെ ഇതരകൃതികളോടും താൽപര്യം ജനിച്ചത്. അതിന്റെ പരിണതഫലമാണ് തുടർമാനമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന, മഹാകവിയെപ്പറ്റിയുള്ള ഈ ലേഖനപരമ്പരയും.

മഹാകവി പ്രസിദ്ധീകരിച്ചിരുന്ന **മലങ്കര വിയോജിതൻ** എന്ന മാസികയുടെ വിവിധ ലക്കങ്ങൾ ബൈൻഡു ചെയ്ത് ശ്രീ.ടി.കെ. ജോണിന്റെ പുസ്തകശേഖരത്തിൽ സൂക്ഷിച്ചിരുന്നത് ഞാനെടുത്തു വായിക്കുമായിരുന്നു. മഹാകവിയുടെ മറ്റു പുസ്തകങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. സൈമൺസാറിനെപ്പറ്റിയുള്ള മധുരസ്മരണകൾ അദ്ദേഹം എന്നോടു പങ്കുവയ്ക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ അന്വേഷിച്ചുവന്ന സമപ്രായക്കാരനായ മറ്റൊരാളുമായി ചേർന്ന്, മഹാകവിയുടെ "മേലിലുള്ളെരുശലേമേ..." എന്ന ഗാനം, അവർ രണ്ടു പേരും ആസ്വദിച്ചു പാടിയത് എന്നെ വളരെ ആകർഷിച്ചിരുന്നു. അവർ രണ്ടു പേരുടെയും അപ്പോഴത്തെ പ്രായം വെച്ചു നോക്കുമ്പോൾ, ശാസ്ത്രീയ സംഗീതരൂപത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ആ ഗാനം



'കൊക്കിലൊതുങ്ങാത്തത്' ആയിരുന്നു. എങ്കിലും ചുമച്ചും, കിതച്ചും, വാക്കുകൾ അനവസരത്തിൽ മുറിഞ്ഞും ആണെങ്കിലും ആവേശത്തോടെ അവർ ആ ഗാനം പാടി. അപ്പുറത്തെ മുറിയിൽ ഇതു കേട്ടുകൊണ്ടിരുന്ന കൗമാരപ്രായക്കാരനായ എന്നെ ഈ പിതാക്കന്മാരുടെ ആവേശവും ഭക്തിയും നല്ലവണ്ണം ആകർഷിച്ചു എന്നുള്ള സത്യം പറയാതിരിക്കാനാവില്ല.

1997–ൽ, തന്റെ 92–ാമത്തെ വയസ്സിൽ, ടി. കെ. ജോൺ കർത്താവിൽ നിദ്ര പ്രാപിച്ചു. മഹാകവി കെ. വി. സൈമണെപ്പറ്റിയുള്ള ഈ ലേഖനപരമ്പരയിൽ, ഞാൻ 'അപ്പച്ചൻ' എന്നു വിളിച്ചുകൊണ്ടിരുന്ന ടി. കെ. ജോൺ എന്ന വയോധികനായ പിതാവിനെ ഓർക്കാതിരിക്കാൻ സാദ്ധ്യമേയല്ല. എന്തുകൊണ്ടെന്നാൽ, ഇങ്ങനെയൊരു ലേഖനപരമ്പര തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് എളിയവനായ എനിയ്ക്ക് ലഭിച്ച ഊർജ്ജത്തിന്റെയും ഉത്സാഹത്തിന്റെയും മാനുഷികമായ ഉറവിടം തേടി ചെന്നാൽ, അത് എത്തിച്ചേരുന്നത് അദ്ദേഹത്തിലാണ്.

ooo

# ഷാലബത്‌യാ (ഉത്തമഗീതവ്യാഖ്യാനം)

# 17

*വേദവിഹാരം* എന്ന മഹാകാവ്യം കൂടാതെ മഹാകവി കെ. വി. സൈമൺ രചിച്ചിട്ടുള്ള മറ്റു പുസ്തകങ്ങൾ ഓരോന്നായി നമുക്കു പരിശോധിക്കാം. ബൈബിളിലെ ആദ്യപുസ്തകമായ *ഉല്പത്തി*യുടെ കേവലമൊരു കാവ്യരൂപം മാത്രമായിരുന്നില്ല *വേദവിഹാര*മെന്നും, അത് ഉല്പത്തിപ്പുസ്തകത്തിന്റെ ഒരു വ്യാഖ്യാനം കൂടിയായിരുന്നുവെന്നും നാം ഓർക്കണം. അതുപോലെത്തന്നെ ബൈബിളിലെ പഴയനിയമത്തിലെ *ഉത്തമഗീതം* (Song of Songs) എന്ന മറ്റൊരു പുസ്തകത്തിന് അദ്ദേഹം ഗദ്യരൂപത്തിൽ തയ്യാറാക്കിയ വ്യാഖ്യാനമാണ് *ഷാല ബത്‌യാ*.

ഉത്തമഗീതത്തിന്റെ മൂലഭാഷ എബ്രായ (Hebrew) ആണല്ലോ. എബ്രായ ഭാഷയിൽ 'ഷാലബത്‌യാ' എന്ന പദത്തിന്റെ അർത്ഥം 'യഹോവയുടെ അഗ്നിജ്വാല' എന്നാണത്രേ. ഈ ഗ്രന്ഥം മഹാകവി പ്രസിദ്ധീകരിക്കുമ്പോൾ ഉത്തമഗീതത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ അന്നുവരെ ഒരു സമ്പൂർണ്ണ വ്യാഖ്യാനം ഇല്ലാ യിരുന്നു. മുഖവുരയിൽ മഹാകവി എഴുതുന്നത് ഇപ്രകാരമാണ്: "മലയാള ഭാഷ യിൽ ഉത്തമഗീത വിഷയമായി ഒരു ഗ്രന്ഥം മാത്രമേ ഉണ്ടായിട്ടുള്ളൂ. അതു ചില വാക്യങ്ങളെ മാത്രം ആസ്പദിച്ചു നിർമ്മിച്ച പ്രസംഗ സമുച്ചയമത്രേ. എന്നാൽ ഈ ഭാഷ്യം സമ്പൂർണ്ണ വ്യാഖ്യാനമായിത്തന്നെ എഴുതിയതാണ്" (*ഷാലബത്‌യാ,* പേജ് 4; Published by C.K.Sam, Edayaranmula; Reprinted in 1983)

ബൈബിളിലെ ഉത്തമഗീതം എന്ന പുസ്തകം പലർക്കും കീറാമുട്ടിയാണ്. മനസ്സിലാക്കാൻ പ്രയാസം. മറ്റു ചിലർക്കാകട്ടെ അതിലെ ഭാഷാപ്രയോഗങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നുമില്ല. പ്രേമത്തിന്റെ കഥ പറയുന്ന ആ പുസ്തകം ബൈബിളിൽ ഇല്ലാതിരുന്നുവെങ്കിൽ എന്നാശയുള്ള ദൈവമക്കളും ഇല്ലാതില്ല. വിശ്വാസത്തിലേക്ക് വന്ന ആദ്യനാളുകളിൽ ഉത്തമഗീതം എന്ന പുസ്തകം എന്റെ നെറ്റിയിലും ചുളിവുകൾ വീഴ്ത്തിയിരുന്നു. ബൈബിളിൽ എന്തിനാണ് ഇങ്ങ നെയൊരു പുസത്കം! എന്നാൽ ഉത്തമഗീതത്തോടുള്ള എന്റെ അപ്രിയം മാറാൻ മഹാകവിയുടെ ഈ ഉത്തമഗീത വ്യാഖ്യാനമാണ് സഹായിച്ചത്. ഭക്തി സംവർ ദ്ധകമായ നിലയിൽ ഉത്തമഗീതത്തെ എങ്ങനെ നോക്കിക്കാണാമെന്ന് അദ്ദേഹം ഈ കൃതിയിൽ നമുക്കു കാണിച്ചുതരുന്നു.

എന്നാൽ അങ്ങനെയൊരു ആദ്ധ്യാത്മികവീക്ഷണത്തിലൂടെ ഉത്തമഗീതത്തെ നോക്കിക്കാണുന്നതിനോടു വിയോജിപ്പുള്ളവരും ഉണ്ട്. ദാമ്പത്യ പ്രേമത്തെ മാത്രം കാണിക്കുന്ന പുസ്തകമാണ് അത് എന്ന് അവർ ചിന്തിക്കുന്നു.

അവർക്കുള്ള മഹാകവിയുടെ മറുപടി ഇതാണ്:

> ഇത് ഒരു കഥയെ ആസ്പദിച്ചിട്ടുണ്ടായിട്ടുള്ളതാണെങ്കിലും പഴയനിയമ പുസ്തകങ്ങൾ കൂട്ടിച്ചേർത്തവർക്ക് ഇതു ആത്മനിശ്വസ്തമെന്നു വിശ്വാസമുണ്ടായിരുന്നതിനാൽ ദൈവജനങ്ങൾക്ക് ആവശ്യമുള്ള തത്വങ്ങൾ ഇതിൽത്തന്നെ ഉണ്ടായിരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനാൽ ഇക്കൃതിയിൽ നിന്ന് ആത്മതത്വങ്ങൾ അദ്ധ്യാഹരിച്ചെടുക്കുന്നതിനെ നിരാകരിക്കുന്ന കൂട്ടരുടെ അഭിപ്രായം ശരിയല്ല. കാരണം, വേദഗ്രന്ഥത്തിൽ ഏതു കഥകൾ ചേർത്താലും ആ കഥാപാത്രങ്ങളെക്കുറിച്ച് എന്തെങ്കിലും പറയണമെന്നല്ല അവയെ കൂട്ടിച്ചേർത്ത പവിത്രാത്മാവിന്റെ പരമോദ്ദേശ്യമെന്നു നിർണ്ണയിപ്പാൻ പരസഹായം ആവശ്യമില്ല. നേരെമറിച്ച്, വേദം സകല മനുഷ്യരുടെയും അഭ്യുന്നതിക്കുള്ളതാകയാൽ അതിലെ ചാരിത്രികം, ഔപദേശികം, പ്രാവചനികം എന്നീ മൂന്നു ഭാഗങ്ങളിൽ നിന്നും അദ്ധ്യാത്മതത്വങ്ങൾ സംഗ്രഹിച്ച് അനുഭവപ്പെടുത്തുന്നത് അഭിലഷണീയം തന്നെയാണ് (*ഷാലബത്യാ,* പേജ് 10)

ഉത്തമഗീതത്തെയും ജയദേവമഹാകവിയുടെ ഗീതാഗോവിന്ദത്തെയും താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു വിശദീകരണം മഹാകവി കെ. വി. സൈമൺ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബൈബിൾ വ്യാഖ്യാതാവായ ആഡംക്ലാർക്ക് (Adamclark) തന്റെ ഉത്തമഗീതവ്യാഖ്യാനത്തിൽ ഹിന്ദുമതഭക്തി ഗ്രന്ഥങ്ങളിലൊന്നായ ഗീതാഗോവിന്ദത്തെക്കൂടി തർജ്ജമ ചെയ്തു ചേർക്കുകയും, ഗീതാഗോവിന്ദവും ഉത്തമഗീതവും വളരെ സാമ്യമുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്തതിനാൽ, അതിനെ ഖണ്ഡിക്കാൻ വേണ്ടിയാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ഗീതാഗോവിന്ദത്തിലെ കൃഷ്ണനും ഉത്തമഗീതത്തിലെ പ്രിയനും തമ്മിൽ യാതൊരു സാമ്യവുമില്ല എന്നു മഹാകവി സൈമൺ അക്കമിട്ടു തെളിയിക്കുന്നുണ്ട്. അവയിൽ ചിലത് നമുക്കു നോക്കാം:

> തനിക്കു വഴികാണിപ്പാൻ പോരുകമാത്രം ചെയ്യുന്ന രാധയുമായി കൃഷ്ണൻ വള്ളിക്കുടിലുകൾ തോറും രതിക്രീഡ നടത്തുന്നു. എന്നാൽ ഉത്തമഗീതത്തിലെ പ്രിയനാകട്ടെ തന്റെ നിർവ്യാജപ്രേമത്തെ

> പ്രകടിപ്പിക്കുന്നുവെന്നല്ലാതെ പ്രിയയെ വിവാഹഘട്ടം വരെ വൃഥാ സ്പർശിക്കുന്നതായിപ്പോലും കാണുന്നില്ല. ഗീതാഗോവിന്ദപ്രകാരം കൃഷ്ണൻ 'അനേക നാരീപരിരംഭസംഭ്രമസ്ഫുരൻ മനോഹാരി വിലാസലാലസ'നായിരുന്നു. എന്നാൽ ഉത്തമഗീതപ്രിയൻ ഏകപത്നീവ്യതനത്രേ. ഉത്ത. 6:9, 7:10. (*ഷാലബത്യാ,* പേജ് 15)

ഉത്തമഗീതത്തിലെ വാകൃങ്ങൾക്ക് മനോഹരവും ഭക്തിപ്രചോദകവുമായ വ്യാഖ്യാനമാണ് മഹാകവി കെ. വി. സൈമൺ തയ്യാറാക്കിയിട്ടുള്ളത്. സഭയും കർത്താവും തമ്മിലുള്ള മണവാളൻ-മണവാട്ടി ബന്ധത്തിന്റെ ഊഷ്മളത പ്രകടിപ്പിക്കുന്നുവെന്നല്ലാതെ പ്രിയയെ വിവാഹഘട്ടം വരെ വൃഥാ സ്പർശിക്കുന്നതായിപ്പോലും കാണുന്നില്ല. ഗീതാഗോവിന്ദപ്രകാരം കൃഷ്ണൻ 'അനേക നാരീപരിരംഭസംഭ്രമസ്ഫുരൻ മനോഹാരി വിലാസലാലസ'നായിരുന്നു. എന്നാൽ ഉത്തമഗീതപ്രിയൻ ഏകപത്നീവ്യതനത്രേ. ഉത്ത. 6:9, 7:10. (*ഷാലബത്യാ,* പേജ് 15)

ഉത്തമഗീതത്തിലെ വാക്യങ്ങൾക്ക് മനോഹരവും ഭക്തിപ്രചോദകവുമായ വ്യാഖ്യാനമാണ് മഹാകവി കെ. വി. സൈമൺ തയ്യാറാക്കിയിട്ടുള്ളത്. സഭയും കർത്താവും തമ്മിലുള്ള മണവാളൻ-മണവാട്ടി ബന്ധത്തിന്റെ ഊഷ്മളതയാണ് അദ്ദേഹം ഉത്തമഗീതത്തിലെ ഓരോ വരിയിലും കാണുന്നത്. ഉത്തമഗീതത്തിലെ ഒരു വാക്യവും അതിനുള്ള മഹാകവിയുടെ വ്യാഖ്യാനവും താഴെ കൊടുക്കുന്നത് ശ്രദ്ധിക്കുക:

> *"എന്റെ പ്രിയൻ എനിക്കു സ്തനങ്ങളുടെ മദ്ധ്യേ കിടക്കുന്ന മൂറിൻ കെട്ടു പോലെയാകുന്നു"* (ഉത്തമഗീതം 1:13)
>
> *"My beloved is to me a bag of myrrh, that lies between my breasts"* (Song of Songs 1:13)

ഈ വാക്യത്തിനു മഹാകവി കെ. വി. സൈമന്റെ വ്യാഖ്യാനം ഇപ്രകാരമാണ്:

> മൂരു പ്രാചീനകാലങ്ങളിലെ, അതായതു ഔഷധങ്ങൾ വളരെ ചുരുക്കമായി കണ്ടുപിടിക്കപ്പെട്ടിരുന്ന കാലങ്ങളിലെ മുഖ്യൌഷധങ്ങളിൽ ഒന്നായിരുന്നു. ശ്വാസകോശത്തിന്റെ ബലത്തിനും നെഞ്ചുവേദനയുടെ പരിഹാരത്തിനും മറ്റുമായി മൂരു കിഴികെട്ടി രാപ്പകൽ നെഞ്ചിലിടുക അക്കാലങ്ങളിൽ പതിവായിരുന്നു. ശൂലമിയുടെ സകല വേദനകളെയും പ്രിയൻ അവളുടെ ഹൃദയസ്ഥനായിത്തന്നെ പരിഹരിക്കുന്നു എന്നാണ്

ഇതിനർത്ഥം. ഈ അനുഭവം സത്യവിശ്വാസികൾക്കുള്ളതുതന്നെ. (*ഷാലബത്യാ,* പേജ് 36)

അതായത്, ഏറ്റവും ചുരുക്കിപ്പറഞ്ഞാൽ, ഉത്തമഗീതം 1:13 എന്ന 'പരസ്യമായി വായിക്കാൻ കൊള്ളാത്തത്' എന്നു പലർക്കും തോന്നിയിട്ടുള്ള വാക്യത്തിന്റെ അർത്ഥം മഹാകവി പറയുന്നത് ഇതാണ്: 'എന്റെ പ്രിയൻ എനിക്കു ആശ്വാസപ്രദനാണ്' ഈ വാക്യത്തിനു ഇത്രയും ലളിതവും അപ്പോൾത്തന്നെ ആധികാരികവുമായ ഒരു സുന്ദരഭാഷ്യം ചമയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത്, തന്റെ ഉള്ളിൽ താൻ നന്മയും ഭക്തിയും സൂക്ഷിക്കുന്നതിനാൽ തന്നെയാകണം. ഈ വാക്യത്തിനു മറ്റു ചിലർ തയ്യാറാക്കിയ ഭാഷ്യങ്ങൾ ഞാൻ പിന്നീട് വായിച്ചിട്ടുണ്ട്. പലതും കാടുകയറുന്നതും മനുഷ്യന്റെ ലോലഭാവങ്ങളെ ഇളക്കുവാൻ ലക്ഷ്യമിട്ടുള്ളതുമാണ് എന്നാണ് എനിയ്ക്കു തോന്നിയിട്ടുള്ളത്.

ഉത്തമഗീതത്തിലെ എല്ലാ വാക്യങ്ങൾക്കും മഹാകവി ഇപ്രകാരം ആത്മികതയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വിശദീകരണമാണ് നൽകിയിട്ടുള്ളത്. ഭക്തനായ എഴുത്തുകാരൻ ദൈവവചനമായ ബൈബിളിൽ ഭക്തിക്കു ബലം കൂട്ടുന്ന കാര്യങ്ങളേ കാണുന്നുള്ളൂ. "ആത്മികമായ യാതൊരർത്ഥവും കൂടാതെ ദാമ്പത്യപ്രേമത്തെ മാത്രം കാണിക്കുന്നതെന്നുവന്നാലും ശലോമോന്റെ ഈ ഗാനപരമ്പരയ്ക്കു കിടനിൽക്കുന്ന യാതൊരു പ്രാചീനരേഖയുമില്ല തന്നെ" (*ഷാലബത്യാ,* പേജ് 17) എന്നു പറഞ്ഞുകൊണ്ട് ഉത്തമഗീതത്തിന്റെ കവനവൈശിഷ്ട്യം അദ്ദേഹം എടുത്തുപറയുന്നുണ്ട്.

ooo

# നിക്കൊലാവ്യമതം അഥവാ പട്ടം

18

മഹാകവി കെ. വി. സൈമൺ എഴുതിയ മറ്റൊരു പുസ്തകമാണ് *നിക്കൊലാവ്യമതം അഥവാ പട്ടം*. 'വേദവിഹാരം' എന്ന മഹാകാവ്യം ഉല്പത്തിപ്പുസ്തകത്തിന്റെ പദ്യരൂപത്തിലുള്ള വ്യാഖ്യാനവും, 'ഷാലബത്യാ' എന്ന പുസ്തകം ഉത്തമഗീതത്തിന്റെ ഗദ്യരൂപത്തിലുള്ള വ്യാഖ്യാനവും ആയിരുന്നുവെന്നു നാം നേരത്തേ ചിന്തിച്ചതാണല്ലോ. 'നിക്കൊലാവ്യമതം അഥവാ പട്ടം' എന്ന പുസ്തകം ഒന്നാന്തരം വിമർശനമാണ്. പട്ടത്വസഭകളിലെ പൗരോഹിത്യത്തെ ശക്തമായ തെളിവുകളും ന്യായങ്ങളും നിരത്തി വിമർശിച്ച്, പൗരോഹിത്യ സമ്പ്രദായത്തിന്റെ പൊള്ളത്തരം കഴുതകളല്ലാത്ത ഏവർക്കും നല്ലവണ്ണം ബോധ്യം വരത്തക്ക വിധം ഈ പുസ്തകത്തിൽ നന്നായി അനാവരണം ചെയ്യുന്നുണ്ട്.

ഈ പുസ്തകം എഴുതാനുണ്ടായ കാരണം മഹാകവി സൈമൺ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

> ഞാനും യൂറോപ്യൻ മിഷ്യനറി മിസ്റ്റർ നോയലും കൂടി പതിനെട്ടു കൊല്ലം മുൻപ് ഒരവസരം. റാന്നിയിൽ സീയോൻകുന്നുസഭാമന്ദിരത്തിൽ പ്രസംഗയോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. വെളിപ്പാടു പുസ്തകത്തിൽ പറയുന്ന ഏഴു സഭകളെപ്പറ്റി ഞാൻ ചെയ്ത പ്രസംഗത്തിൽ നിക്കൊലാവ്യർ എന്ന വാക്കിനു ജനത്തെ കീഴടക്കുന്നവർ (Subduers of laity) അതായത് പട്ടക്കാർ എന്ന് അർത്ഥമാണ് എന്നും അപ്പൊസ്തലകാലത്ത് ക്രിസ്തീയസഭയിൽ ശുശ്രൂഷാഭേദമല്ലാതെ പട്ടക്കാർ, അയ്മേനികൾ എന്നീ വ്യത്യാസമില്ലായിരുന്നു എന്നും സഹോദരന്മാരുടെ ഇടയിൽ പ്രധാനിയാകുവാൻ ഇച്ഛിച്ച ദിയോത്രേഫേസിന്റെ അനുകരണമാണ് ഇന്നത്തെ പട്ടത്വം എന്നും പറയുകയുണ്ടായി.... (*നിക്കൊലാവ്യമതം അഥവാ പട്ടം*; Second Edition, Published by C. K. Samuel, Edayaranmula in 1988; page v)

തുടർന്ന് സംഭവിച്ചത് രണ്ടു മാസികകളിലൂടെയുള്ള ഒരേറ്റുമുട്ടലാണ്. 'സഭാതാരക' എന്ന മാസികയിലൂടെ മർത്തോമ്മക്കാരനായ കെ. എൻ. ദാനിയേലും 'സുവിശേഷദീപിക' എന്ന മാസികയിലൂടെ കെ. വി. സൈമണും പട്ടത്വം സംബന്ധിച്ച് ആക്രമണപ്രത്യാക്രമണങ്ങൾ നടത്തി. ദാനിയേൽ പൗരോഹിത്വത്തെ ശക്തമായി ന്യായീകരിച്ചപ്പോൾ സൈമൺ അതിനെ ശക്തിയുക്തം എതിർത്തുകൊ

ണ്ട് വാദമുഖങ്ങൾ അവതരിപ്പിച്ചു. പട്ടത്വം ദൈവവചനപ്രകാരം തെറ്റാണെന്നു തെളിയിച്ചുകൊണ്ട് മഹാകവി സൈമൺ ധാരാളം ന്യായങ്ങൾ അവതരിപ്പിക്കുന്നതിൽ ഒരെണ്ണം ഇപ്രകാരമാണ്:

> സമുദായങ്ങളിലെ ആദ്ധ്യക്ഷ്യം ഉപജീവനമാർഗ്ഗമായിട്ടാണ് പ്രായേണ എല്ലാ പട്ടക്കാരും സ്വീകരിച്ചിരിക്കുന്നത്. കൃഷി, കച്ചവടം, സർക്കാർ ജോലി, കൈത്തൊഴിൽ എന്നിവ പോലെ അവരുടെ ദൃഷ്ടിയിൽ ഒരാദായമാർഗ്ഗമാണ് ആദ്ധ്യക്ഷം. "അവർ ദൈവഭക്തി ആദായ സൂത്രമെന്നു വിചാരിക്കുന്നു" (1 തിമൊ. 6:5). ഒരു പട്ടക്കാരന് ഇപ്പോൾ കുർബ്ബാന, മാമോദീസാ, വിവാഹം ഇത്യാദി കർമ്മങ്ങൾ ഉണ്ട്. ഈ കർമ്മങ്ങൾക്ക് ഇദ്ദേഹം ഓരോ നിരക്കു വച്ചിട്ടുള്ളതിനാൽ ഓരോ കർമ്മങ്ങൾക്കും കൊടുക്കേണ്ട പണം അദ്ദേഹത്തിനു കൃത്യമായി കൊടുക്കണം. ഇപ്രകാരം കൂലി വാങ്ങി സഭാകർമ്മങ്ങൾ അനുഷ്ഠിക്കുകയും "സൗജന്യമായിട്ടു നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ" എന്നുള്ള കർത്താവിന്റെ വചനത്തെ തീരെ അഗണ്യമാക്കുകയും ചെയ്തിരിക്കുന്നു. "അവർ കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കുന്നു" (യൂദ 11) എന്നുള്ള വചനം ഇവരിൽ സിദ്ധമായിരിക്കുന്നില്ലേ? (*നിക്കൊലാവ്യമതം*, പേജ് 17)

ജനങ്ങളുടെ പാപപരിഹാരത്തിനു വേണ്ടി ബലി കഴിക്കുവാൻ പുരോഹിതന്മാർ വേണമെന്ന വാദത്തിന്റെ മുന അദ്ദേഹം തല്ലിത്തകർക്കുന്നത് നോക്കൂ:

> ക്രിസ്തുവിനാൽ നമുക്കു ലഭിച്ചിരിക്കുന്ന പാപപരിഹാരം സ്വല്പ നാളേക്കല്ല, പ്രത്യുത നിത്യകാലത്തേക്കായിട്ടാകുന്നുവെന്നു താഴെ വരുന്ന വാക്യങ്ങൾ കാണിക്കുന്നു. കർത്താവു തന്നെ നമുക്കു നിത്യ രക്ഷ തരുമെങ്കിൽ ഇടയ്ക്ക് ഒരാചാര്യനെക്കൊണ്ടു ബലികർമ്മം കഴിപ്പിച്ച് രക്ഷ നേടേണ്ട ആവശ്യം ഇല്ല. "പുത്രൻ തന്നെ അനുസരിക്കുന്ന ഏവർക്കും **നിത്യരക്ഷ**യുടെ കാരണഭൂതനായിത്തീർന്നു" (എബ്രാ. 5:9). "**പൂർണ്ണമായി രക്ഷിപ്പാൻ** അവൻ പ്രാപ്തനാകുന്നു" (എബ്രാ.7:25). "**ഏകയാഗത്താൽ** അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു"(എബ്രാ.10:14). "എന്നാൽ പാപങ്ങളുടെ മോചനം ഉള്ളെടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി **ഒരു യാഗവും** ആവശ്യമില്ല" (എബ്രാ.10:18) (*നിക്കൊലാവ്യമതം*, പേജ് 48)

ooo

# നിക്കൊലാവ്യമതം അഥവാ പട്ടം

19

പട്ടത്വത്തെ വിമർശിച്ചുകൊണ്ടു മഹാകവി കെ. വി. സൈമൺ എഴുതിയ *നിക്കൊലാവ്യമതം അഥവാ പട്ടം* എന്ന പുസ്തകത്തെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ അല്പം ചില കാര്യങ്ങൾ നാം ചിന്തിച്ചതാണല്ലോ. പട്ടത്വത്തേയും പള്ളിയേയും സൈമൺ വിമർശിക്കുമ്പോൾ അതിനു മറുപടിയായി സെന്റ്. തോമസ് ഇൻഡ്യയിൽ വന്ന വിശേഷവും പള്ളി പണിയിച്ച കാര്യവും ചിലർ ചൂണ്ടിക്കാണിച്ചു. ഇതിനുള്ള അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു:

> ക്രിസ്ത്യാനികൾക്കു പള്ളി വേണ്ടയെങ്കിൽ തോമസ് അപ്പൊസ്തലൻ ഇവിടെ വന്നപ്പോൾ ഇത്ര പ്രയാസപ്പെട്ടു കല്ലും തടിയും അന്വേഷിച്ച് ഏഴു സ്ഥലങ്ങളിൽ ഏഴു പള്ളികൾ പണിയിച്ചത് എന്തിനാണെന്നു ചിലർ ചോദിക്കാറുണ്ട്. ഈ ബുദ്ധിശാലികൾ തോമസ് അപ്പൊസ്തലൻ ഇവിടെ വന്നെന്നുള്ളത് ഒരു കേട്ടുകേൾവി മാത്രമാണെന്നും അതിനു വിശ്വാസയോഗ്യമായ യാതൊരു രേഖയുമില്ലെന്നും പാശ്ചാത്യപണ്ഡിതന്മാർ സകാരണം സ്ഥാപിച്ചിരിക്കുന്നതിനെപ്പറ്റി ലേശം അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. പ്രത്യുത വിശുദ്ധ തോമസ് ഇവിടെ വന്നിരുന്നാലും സുവിശേഷം പ്രസംഗിച്ചെന്നല്ലാതെ ഇവിടെ കല്ലും തടിയും അന്വേഷിച്ച് പള്ളി പണിയിപ്പാൻ അദ്ദേഹത്തിനു സമയം ഉണ്ടായിരിക്കുകയില്ലെന്നു തീർച്ചയാണ്. എന്നു തന്നെയുമല്ല, പഴയ കാലത്തു പള്ളി എന്നു പറഞ്ഞാൽ ‘സഭ’ എന്നർത്ഥമായിരുന്നതുകൊണ്ട് ഏഴു പള്ളി സ്ഥാപിച്ചു എന്നുള്ള ജനവാദത്തിനു ഏഴു സഭ സ്ഥാപിച്ചു എന്നു മാത്രമേ അർത്ഥം ധരിപ്പാൻ ന്യായമുള്ളൂ. (*നിക്കൊലാവ്യമതം*, പേജ് 52)

പട്ടത്വത്തിന്റെ പരമോന്നതരൂപമായിരിക്കുന്ന മാർപാപ്പ എന്ന സ്ഥാനവും സൈമന്റെ വിമർശനത്തിനു വിധേയമാകുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ മാർപാപ്പമാർ ചെയ്തുകൂട്ടിയിട്ടുള്ള പാപങ്ങളുടെ പട്ടിക കത്തോലിക്കാസഭ പ്രസിദ്ധീകരിച്ചിരിക്കുന്ന മാർപാപ്പമാരെക്കുറിച്ചുള്ള പുസ്തകത്തിൽ തന്നെയുണ്ടല്ലോ. ഭൂമിയിലെ പ്രത്യക്ഷ ദൈവമായ പാപ്പയുടെ സിംഹാസനത്തിൽ ഇരുന്നവരിൽ തെമ്മാടികളും വ്യഭിചാരികളും ഒക്കെ ഉണ്ടായിരുന്നു. ഇതു വായിച്ച് ഏതെങ്കിലും ഭക്തന് കോപം ഇരച്ചുകയറുന്നുണ്ടെങ്കിൽ ഈ പ്രസ്താവന ശരിയാണോ എന്നു ബിഷപ്പ്ഹൗസിൽ ചെന്നു അന്വേഷിക്കട്ടെ. അല്ലെങ്കിൽ ജെ. പി. തോട്ടിൽ എഴുതിയ മാർപാപ്പമാരെക്കുറിച്ചുള്ള പുസ്തകം വായിച്ചു നോക്കട്ടെ.

*നിക്കൊലാവ്യമതം* എന്ന തന്റെ പുസ്തകത്തിൽ ഇ. മാധവൻ എന്നൊരാൾ എഴുതിയ *സ്വതന്ത്രസമുദായം* എന്ന ഗ്രന്ഥത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിച്ചു കൊണ്ട്, മഹാകവി കെ. വി. സൈമൺ പാപ്പാസ്ഥാനത്തിന്റെ പിന്നിട്ട പാതകളിലെ അഴുക്കുചാലുകളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നുണ്ട്:

> 965 ൽ പോപ്പുജോൺ പതിമൂന്നാമന്റെ വാഴ്ച മുതൽ 1013–ാണ്ടു പോപ്പുജോൺ പതിനാറാമന്റെ കാലം വരെയും ഉള്ള അരനൂറ്റാണ്ടു കാലത്തു പരിശുദ്ധ സിംഹാസനത്തെ ഭരിച്ച എട്ടു പോപ്പുമാരുടെ വാഴ്ചകാലം അനീതികളുടെയും അക്രമങ്ങളുടെയും വിളയാട്ടം തന്നെ ആയിരുന്നു എന്നു കത്തോലിക്ക് എൻസൈക്ലോപീഡിയ നോക്കുന്ന ആരും സമ്മതിക്കും. 935–964 വരെ തിരുസഭയെ ഭരിച്ച പോപ്പുജോൺ പന്ത്രണ്ടാമന്റെ അസൻമാർഗ്ഗിക ജീവിതത്തിനു സാക്ഷ്യമായി കത്തോലിക്ക് എൻസൈക്ലോപ്പീഡിയ എട്ടാം വാല്യം 426–ാം പുറത്ത് പറഞ്ഞിരിക്കുന്നത്, "ഇദ്ദേഹത്തിന്റെ ഹീനതയും അസൻമാർഗ്ഗികത്വവും നിമിത്തം പോപ്പിന്റെ അരമന ഒരു വേശ്യാഗൃഹം എന്നു പറയപ്പെടുകയും, റോമിലെ വിഷയലമ്പടത്വം പരനിന്ദയ്ക്കു പാത്രമായിത്തീരുകയും ചെയ്തു" എന്നാണ്. ജോവാൺ എന്ന ഒരു അദ്ധ്യാപിക പുരുഷവേഷം ധരിച്ചു 855 ൽ അന്തരിച്ച പോപ്പു ലീയാ നാലാമന്റെ പിൻഗാമിയായി പോപ്പുജോൺ എന്ന പേരോടുകൂടി രണ്ടു കൊല്ലം ഏഴുമാസം നാലു ദിവസം പരിശുദ്ധ സിംഹാസനത്തിൽ വാഴുകയുണ്ടായി. ഒരു വിശുദ്ധ ഭൃത്യൻ മൂലം ഗർഭിണിയായിത്തീർന്ന ഇവർ ലാറ്റൺ പള്ളിയിലേക്കുള്ള ഘോഷയാത്രാമധ്യേ പ്രസവിയ്ക്കുകയും ഉടനെ അവിടെത്തന്നെവച്ചു മരണം പ്രാപിക്കുകയും ചെയ്ത വിവരത്തിനും കത്തോലിക്ക എൻസൈക്ലോപീഡിയ സാക്ഷ്യം വഹിക്കുന്നുണ്ട്. ആയിരക്കണക്കിനു മുറികളും മറ്റുമുള്ള വിസ്തൃതമായ വത്തിക്കാൻ അരമനയിൽ രഹസ്യ വിഹാരങ്ങൾക്കും പ്രച്ഛന്നവേഷത്തിനും വിഷമമുണ്ടായിരിക്കയില്ലല്ലോ. (*നിക്കൊലാവ്യമതം*, പേജ് 107, 108)

ഇങ്ങനെ പട്ടത്വസഭകളുടെ അസ്തിത്വത്തെ ചോദ്യം ചെയ്തുകൊണ്ട്, നിരവധി പുസ്തകങ്ങളിൽ നിന്നുമുള്ള ഉദ്ധരണികളുമായി തന്റെ വാദമുഖങ്ങളെ ഗംഭീരമായി അവതരിപ്പിച്ചിരിക്കുന്ന പുസ്തകമാണ് *നിക്കൊലാവ്യമതം അഥവാ പട്ടം.* ക്രിസ്തുമസ്, മാമ്മോദീസ, കുർബ്ബാന, ഈസ്റ്റർ എന്നിങ്ങനെ പട്ടത്വസഭകളുടെ ഒട്ടു മിക്ക ആചാരങ്ങളുടെയും ഉല്പത്തിയെപ്പറ്റി അദ്ദേഹം ഈ പുസ്തകത്തിൽ വിശദമാക്കു

ന്നുണ്ട്. ആരാണ് സഭയെ ഭരിക്കേണ്ടതെന്നും എങ്ങനെയാണ് ഭരിക്കേണ്ട തെന്നും അദ്ദേഹം വ്യക്തമായ തിരുവെഴുത്തു സഹിതം ഈ പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്.

(അനുബന്ധം)

## മാർപാപ്പാമാരെക്കുറിച്ച് കത്തോലിക്കാസഭയുടെ സത്യസന്ധമായ സാക്ഷ്യം

മാർപാപ്പമാരുടെ ചരിത്രം **'264 മാർപാപ്പാമാർ'** എന്ന പേരിൽ ജെ. പി. തോട്ടിൽ എഴുതി, 1979 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്തകത്തിനു ആശംസകൾ നേർന്നിട്ടുള്ളത് അന്നത്തെ **ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് റൈറ്റ്. റവ. ഡോ. ആന്റണി പടിയറ**യും എറണാകുളം അതിരൂപതാ സഹായമെത്രാൻ ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരിയും ആണ്. ആ പുസ്തകത്തിൽ നിന്നും ചില വരികൾ താഴെ കുറിക്കുന്നു:

> "1484 നവംബർ 12-ാം തീയതി ഇന്നസെന്റ് സഭയുടെ ഇരുനൂറ്റി പതിമൂന്നാമത്തെ മാർപാപ്പായായി സ്ഥാനാരോഹണം നടത്തി... ഇന്നസെന്റ് മാർപാപ്പായിൽ നിന്ന് ഏറെയൊന്നും പ്രതീക്ഷിക്കാനില്ലാ യിരുന്നു. അദ്ദേഹത്തിന്റെ എട്ടു വർഷത്തെ ഭരണം തെളിയിക്കുന്നത് മറിച്ചല്ല. കുറെക്കാലമായി തുടർന്നു വന്ന മങ്ങിയ മാർപാപ്പാഭരണത്തിന്റെ കഥ, ചോരയിൽ കുളിച്ച അഴിമതിയിൽ മുഴുകിയ കഥ, തന്നെ ഇന്നസെന്റും തുടർന്നു..." (പേജ് 409, 410)

> "...ആ വാർത്ത അയാളുടെ പിതാവായ അലക്സാണ്ടർ ആറാമൻ മാർപാപ്പ അറിഞ്ഞപ്പോൾ വികാരാധീനനായി അദ്ദേഹം നിലം പൊത്തി വീണു. നെഞ്ചത്തടിച്ച് അദ്ദേഹം പ്രലപിച്ചു" (പേജ് 419) *[അപ്പോൾ മക്കളുള്ളവരും മാർപാപ്പാമാരായിട്ടുണ്ട്!]*

> "1503 നവംബർ 26-ാം തീയതി അഭിമാനപൂർവം ജൂലിയസ് രണ്ടാമൻ എന്ന പേരിൽ കർദ്ദിനാൾ ജൂലിയാനൊ ദെല്ലറൊവേരെ മാർപാപ്പാ ആയി സ്ഥാനാരോഹണം ചെയ്തു....ജൂലിയസ് ഒരു വിശുദ്ധനായിരുന്നില്ല. അദ്ദേഹത്തിനുണ്ടായിരുന്നു മൂന്നു പുത്രിമാർ. മാർപാപ്പാ ആകുന്നതിന് വളരെ മുമ്പ് സമ്പാദിച്ചതാണ് ആ ബ്രഹ്മചാരി അവരെ" (പേജ് 428, 429)

> "അതിശയകരമായ വേഗതയിൽ അടുത്ത കോൺക്ലേവ് പുതിയ മാർ പാപ്പായെ തെരഞ്ഞെടുത്തു. നാല്പതു വർഷം കർദ്ദിനാളായിരുന്ന അലക്സാണ്ടർ ഫർണേസേ ആണ് മാർപാപ്പാ ആയി 1534 ഒക്ടോബർ 13–ാം തീയതി തെരഞ്ഞെടുക്കപ്പെട്ടത്... മാർപാപ്പാ ആയി തെരഞ്ഞെടുക്കുന്നതിനു മുമ്പ് നിയമവിരുദ്ധമായ ബന്ധത്തിൽ അദ്ദേഹത്തിനു പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നു. 1537 നവംബർ മൂന്നാം തീയതി പോൾ മൂന്നാമനായി അദ്ദേഹം സ്ഥാനാരോഹണം നടത്തി. അധികാരം കൈയിലായതോടെ സ്വന്തം ബന്ധുജനങ്ങൾക്കു സമ്പത്തും സ്ഥാനമാനങ്ങളും നൽകി ആദരിക്കാൻ അദ്ദേഹം എല്ലാ ശ്രദ്ധയും ചെലുത്തി" (പേജ് 465, 466)

കെ. വി. സൈമന്റെ ഒരു വാചകം ഉദ്ധരിച്ചുകൊള്ളട്ടെ: "ഈ ഭാഗം ഇനിയും വെട്ടിത്തുറന്നു കടലാക്കാതെ വായനക്കാരുടെ നിഷ്പക്ഷഗവേഷണത്തിനായി സമർപ്പിച്ചുകൊണ്ടു വിരമിക്കുന്നു" (*നിക്കൊലാവ്യമതം*, പേജ് 108)

ഠഠഠ

# വെളിപ്പാടു പുസ്തകവ്യാഖ്യാനം

## 20

ഇതിനോടകം നാം *വേദവിഹാരം*, *ഷാലബത്യാ*, *നിക്കോലാവ്യമതം* എന്നീ രചനകൾ പരിശോധിച്ചുവല്ലോ. മഹാകവി കെ.വി.സൈമന്റെ മറ്റൊരു പുസ്തകമാണ്, ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടു പുസ്തകത്തിനു അദ്ദേഹം ചമച്ച ഭാഷ്യം. “യഥാർത്ഥ ഭക്തന്റെ പ്രത്യാശയെ ഉജ്ജ്വലിപ്പിക്കുന്നതിനു ശക്തിമത്തും അവശ്യവിജ്ഞേയവുമായ വെളിപ്പാടു പുസ്തകം” എന്നാണ് ആമുഖമായി അദ്ദേഹം പറയുന്നത്. (*വെളിപ്പാടു പുസ്തക വ്യാഖ്യാനം*, seventh edition, published by Sathyam Literature Service in 1995, page 5).

വെളിപ്പാടു പുസ്തകത്തെപ്പറ്റി വായനക്കാർക്കുള്ള പരാതി, ‘വായിച്ചാൽ ഒന്നും മനസ്സിലാകുന്നില്ല’ എന്നാണ്. അതുകൊണ്ട് പലരും വെളിപ്പാടു പുസ്തകം വായിക്കാറേയില്ല. എന്നാൽ ഈ മനോഭാവം ശരിയല്ല. വെളിപ്പാടു പുസ്തകം എല്ലാവരും വായിക്കണം. കാരണം:

> ഈ പുസ്തകത്തിന്റെ തുടസ്സത്തിൽ കർത്താവ് പഠിതാവിനും ശ്രോതാവിനും ധന്യവാദം ചെയ്യുന്നു. ഇതിലെ പ്രവചനങ്ങൾ വായിക്കുന്നവനും കേൾക്കുന്നവനു കൂടിയും ആശിസ്സ് പറഞ്ഞിരിക്കുന്നതിനാൽ, ഈ പുസ്തകത്തിലെ സംഗതികൾ ഏവരുടെയും ശ്രദ്ധയ്ക്ക് അതായത്, അക്ഷരാഭ്യാസം ഇല്ലാത്തവന്റെ ശ്രദ്ധയ്ക്കുപോലും വിഷയീഭവിക്കണമെന്ന് ഇതിന്റെ പ്രണേതാവിന് ഉദ്ദേശ്യം ഉള്ളതായി തെളിയുന്നു. വെളിപ്പാടിൽ ചില അഗാധഭാഗങ്ങൾ ഉണ്ടെന്നു വരികിലും ഇതിന്റെ പാരായണത്തിൽ വൈമുഖ്യം കാണിക്കുന്നത് ശിക്ഷാർഹമായ ഒരപരാധമാണ്. ഇക്കാലത്ത് പിശാച് തന്റെ വലിയ തന്ത്രത്താൽ അദ്ധ്യേതാക്കളുടെ ശ്രദ്ധയെ ഈ പുസ്തകത്തിൽ നിന്നു മാറ്റിക്കളയുന്നു... (*വെളിപ്പാടു പുസ്തക വ്യാഖ്യാനം*, പേജ് 10)

മനസ്സിലായാലും ഇല്ലെങ്കിലും നാ *വെളിപ്പാടു പുസ്തകം* വായിക്കണം. *വെളിപ്പാടു പുസ്തകം* എന്നല്ല, ദൈവവചനമായ ബൈബിളിലെ എല്ലാ പുസ്തകങ്ങളും വായിക്കണം. ഈ പുസ്തകത്തെപ്പറ്റിയുള്ള തന്റെ വ്യാഖ്യാന ഗ്രന്ഥത്തിൽ, മഹാകവി സൈമൺ പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങൾ താഴെ

കൊടുക്കുന്നു. എല്ലാവരും ആ അഭിപ്രായങ്ങളോടു യോജിച്ചുകൊള്ളണമെന്നില്ല. ഒരു തർക്കത്തിനു വേണ്ടിയല്ല, കൗതുകം നിമിത്തമാണ് ഇവ ഞാൻ ഇവിടെ എണ്ണിപ്പറയുന്നത്:

1) പുസ്തകത്തിന്റെ ജീവതന്തു, അതിന്റെ മൂന്നു വിഭാഗങ്ങളാണ് (വെളി. 1:19). (1) നീ കണ്ടത്, (2) ഇപ്പോൾ ഉള്ളത്, (3) ഇനി സംഭവിപ്പാനിരിക്കുന്നത്. വിഭജനം കൊടുത്തിട്ടുള്ള ഏകഗ്രന്ഥം വേദത്തിൽ വെളിപ്പാടു പുസ്തകം മാത്രമാകുന്നു. ഇതു ക്രിസ്തു താൻ തന്നെ കൊടുത്തതുമാണ്. (പേജ് 20)

2) ഏ.ഡി. 70 മുതൽ 120 വരെയുള്ള ആണ്ടുകൾ എഫേസൂസ് കാലയളവിൽ ഉൾപ്പെടുന്നു. (പേജ് 27)...[സ്മൂർന്ന സഭയുടെ കാലയളവ്] ഏ.ഡി. 170 മുതൽ 312 വരെയുള്ള കൊല്ലങ്ങളാകുന്നു (പേജ് 28)... പെർഗമൊസ് കാലയളവിൽ, കുസ്തന്തീനോസിന്റെ സിംഹാസനാരോഹണകാലമാകുന്ന ക്രിസ്ത്വബ്ദം 312 മുതൽ റോമയിലെ മൂന്നാം ബോണിഫസ് തന്നെ ലോകൈകമെത്രാനെന്നു പ്രഖ്യാപനം ചെയ്ത 606 വരെയുള്ള കൊല്ലങ്ങൾ അടങ്ങുന്നു (പേജ് 30)

3) ലവോദിക്യസഭ ഞടുങ്ങത്തക്കവണ്ണം കേൾക്കുന്ന വേറൊരു ശബ്ദം 'ഇതാ ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു' എന്നുള്ളതാണ്. മാനസാന്തരപ്പെടാത്തവരെ ഉദ്ദേശിച്ച് ചിലർ ഈ വാക്യം പ്രയോഗിക്കുന്നത് ശരിയല്ല. കാരണം സഭയ്ക്കുള്ള സന്ദേശമാണിത്. ഒരിക്കൽ സഭയ്ക്കകത്തു സ്ഥിതി ചെയ്തിരുന്ന ക്രിസ്തു ഇപ്പോൾ സഭയുടെ പുറത്തുനിന്നുകൊണ്ട് പ്രവേശനം യാചിക്കുന്നു. (പേജ് 35)

4) ഫിലിപ്പിന്റെ കൈസറിയായിൽവച്ചു യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നു പത്രോസ് സാക്ഷിക്കുകയും (മത്താ. 16:13-28) ആ ഏറ്റുപറച്ചിലിന്റെ പാറമേൽ തന്റെ സഭയെ പണിയുമെന്നു യേശു പറകയും ചെയ്തശേഷം... (പേജ് 38)

5) 1 കൊരി. 13:14-ാം വാക്യത്തിൽ ഒഴിച്ചു ലേഖനങ്ങളിൽ മറ്റൊരിടത്തും പിതാവിനോടും പുത്രനോടും ചേർത്തു പരിശുദ്ധാത്മാവിനെ പറയുന്നതായി നാം കാണുന്നില്ല (പേജ് 39)

6) ആദാമിന്റെയും ഹവ്വായുടെയും വീഴ്ചയുടെ വൃത്താന്തത്തിൽ നിന്നു മനുഷ്യർ സൃഷ്ടിക്കപ്പെടുന്നതിനു മുൻപ് പാപമുണ്ടായിരുന്നു എന്നാണല്ലോ സിദ്ധിക്കുന്നത്. യെഹെ.28:12-19; യെശ. 14:12-14 എന്നീ വാക്യങ്ങളിൽ നിന്നുള്ള അനുമാനം ഭൂമി ആദ്യമായി സൃഷ്ടിക്കപ്പെട്ടപ്പോൾ സാത്തന്റെ ചുമതലയിൻകീഴ് അതു വയ്ക്കപ്പെട്ടിരുന്നു എന്നും, അവനും അവന്റെ ദൂതന്മാരും മത്സരിച്ച് ആദിമ ഭൂമിയിലെ

നിവാസികളെ തെറ്റിച്ചുകളഞ്ഞുവെന്നും, ആദാമിനു മുൻപുള്ള വർഗ്ഗം വീണ്ടും തങ്ങൾക്കു ഭൂമിയിൽ വസിക്കുന്നതിന് മനുഷ്യ ജീവികൾ വഴി തങ്ങൾ വീണ്ടും ശരീരം ധരിപ്പാൻ അന്വേഷിച്ചു നടക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കപ്പെട്ട പിശാചുക്കൾ ആകുന്നു എന്നും അത്രേ. (പേജ് 232)

ഈ അഭിപ്രായങ്ങളോടു വിയോജിപ്പുള്ളവർ സ്വാഭാവികമായും ഉണ്ടാകും. അതു തർക്കമാക്കേണ്ടതില്ല. താരതമ്യപഠനത്തിൽ കുതുകികളായവർക്ക് ഈ വിവരങ്ങൾ പ്രയോജനപ്പെടുമെന്നു കരുതുന്നു.

ooo

# സംവാദം: നീലത്താമര

21

ഇടശ്ശേരിമല കേശവൻ ജ്യോത്സ്യനും മഹാകവി കെ. വി. സൈമണും തമ്മിൽ 'നീലസാരസം' എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ച് ആവേശകരമായവിധം തർക്കമുണ്ടായി. തർക്കകാരണം താഴെ വരുന്ന ശ്ലോകമാണ്:

*നീലസാരസദളായതാക്ഷ നിൻ*
*കാലിണയ്ക്കു പണിയുന്നൊരെന്നെ നീ*
*മാലകറ്റി മതിമോദമേകിടാൻ*
*കാലിപാലക! വരൊല്ല താമസം*

ഇതിലെ 'നീലസാരസം' എന്നത് നീലത്താമരയാണെന്ന് ജോത്സ്യൻ. അതല്ല, അത് കരിങ്കൂവളം ആണെന്നു സൈമൺ. നീലത്താമര എന്ന ഒന്നില്ലെന്നു സൈമണും ഉണ്ടെന്നു ജോത്സ്യനും. പരസ്പരം വാദമുഖങ്ങൾ അവതരിപ്പിച്ചു കൊണ്ടുള്ള കത്തിടപാടുകളിലൂടെയാണ് തുടക്കത്തിലുള്ള ഏറ്റുമുട്ടൽ. *അമര കോശം* ഉൾപ്പെടെ 12 ൽപരം ഗ്രന്ഥങ്ങൾ തെളിവായി ഉദ്ധരിച്ചുകൊണ്ടാണ്, നീലത്താമര ഇല്ലെന്നും അത് കരിങ്കൂവളമാണെന്നും സൈമൺ വാദിച്ചത്. ജോത്സ്യ നാണെങ്കിൽ പ്രമാണഗ്രന്ഥമായി ഒരു തെളിവും ഹാജരാക്കിയുമില്ല. ഗ്രന്ഥ ത്തിലൊന്നും കാണിക്കാനില്ലെന്നും വേണമെങ്കിൽ നീലത്താമര പറിച്ചുകൊണ്ടു വന്നു കാണിക്കാമെന്നും ജോത്സ്യൻ പറഞ്ഞപ്പോൾ, എന്നാൽ അതൊന്നു കാണട്ടെ എന്നായി സൈമൺ.

ഇതനുസരിച്ച് പ്രമാണികളായ മദ്ധ്യസ്ഥന്മാരും ഹിന്ദുക്കളും ക്രിസ്ത്യാനി കളുമടങ്ങുന്ന ഒരു വലിയ ജനക്കൂട്ടം കൂടിവന്നു. 88 കർക്കടകം 25-ാംനു മാലേത്തു മേടയുടെ മുറ്റത്ത് ആണ് കൂടിവന്നത്. നീലത്താമര സംബന്ധിച്ച വാദം കേൾ ക്കുവാനും നീലത്താമര നേരിൽ കാണാനും കൂടിയാണ് അവരെല്ലാം കൂടി വന്നത്. ഏതായാലും ജോത്സ്യൻ നീലത്താമര കൊണ്ടു വന്നില്ല. ഉള്ളതല്ലേ കൊണ്ടുവരാൻ പറ്റൂ. എങ്കിലും പരാജയം സമ്മതിക്കാനും അദ്ദേഹം തയ്യാറായില്ല.

നീലസാരസം എന്നാൽ നീലത്താമരയാണെന്നു ജോത്സ്യനും അല്ല കരിങ്കൂ വളമാണെന്നു സൈമണും പ്രമാണഗ്രന്ഥങ്ങളുടെ പിൻബലത്തോടെ വാദിക്കണം. എന്നിട്ട് ആ വാദങ്ങൾ രേഖയാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഇവരിൽ ആർക്കെങ്കിലും അയച്ചുകൊ

ടുത്ത് വിധി സമ്പാദിക്കണം എന്നാണ് തീരുമാനം. അതനുസരിച്ച് ആ വാദ പ്രതിവാദം രേഖയാക്കി ഏ. ആർ. രാജരാജവർമ്മ വലിയകോയിത്തമ്പുരാന് അയച്ചുകൊടുത്തു. അദ്ദേഹത്തിന്റെ തീർപ്പ് ഇപ്രകാരമായിരുന്നു:

> "നീലസാരസം എന്നതിനു കരിംകൂവളമെന്ന് അർത്ഥം പറഞ്ഞാൽ മതി. കരിങ്കുവലയം എന്ന പദമാണ് കരിങ്കൂവളമായിത്തീർന്നത്. എങ്കിലും കരിങ്കുവലയം എന്നുവേണ്ടാ കരിങ്കൂവളം എന്നു മതിയാകും"
> എന്നു, ആജ്ഞാനുസരണം, ആറ്റൂർ കൃഷ്ണപ്പിഷാരടി

(ടി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ – ജീവചരിത്രം,* പേജ് 137)

ഇങ്ങനെ നീലസാരസവാദം രംഗത്തുനിന്നു അപ്രത്യക്ഷമായി. ആശ്വാസം!

മഹാകവിയുടെ അടുത്ത് പലരും സംസ്കൃതം പഠിക്കാനും ഭാഷാപരമായ സംശയങ്ങൾ ദൂരീകരിക്കുവാനായി വരുമായിരുന്നു. ഈ വകയിൽ ധാരാളം ശിഷ്യന്മാർ മഹാകവിക്കുണ്ട്. അതിലൊരാളായിരുന്നു റ്റി. കെ. നാരായണപ്പിള്ള. ഈ റ്റി. കെ. നാരായണപ്പിള്ളയ്ക്ക് നാം ആദ്യം കണ്ട ശ്ലോകത്തിന്റെ അർത്ഥം ജ്യോത്സ്യൻ പറഞ്ഞുകൊടുത്തപ്പോൾ നീലസാരസത്തിന് നീലത്താമര എന്നാണ് പറഞ്ഞുകൊടുത്തത്. അങ്ങനെയല്ലല്ലോ അർത്ഥമെന്നു നാരായണപ്പിള്ള അഭിപ്രായപ്പെടുകയും ഉറപ്പിനായി മഹാകവിയെ സമീപിക്കുകയും ചെയ്തു. നീലസാരസം എന്നാൽ നീലത്താമരയല്ലെന്നും കരിങ്കൂവളമാണെന്നുമുള്ള മഹാകവിയുടെ ദൃഢീകരണത്താൽ ഉളവായ ഇരട്ടിയായ ആത്മവിശ്വാസം നിമിത്തം നാരായണപ്പിള്ള ജ്യോത്സ്യനുമായി ഈ വിഷയത്തിൽ തർക്കിച്ചു. ഈ തർക്കമാണ് ക്രമേണ മഹാകവിയും ജ്യോത്സ്യനുമായുള്ള നേർക്കുനേർ ഏറ്റുമുട്ടലായി വളർന്നത്.

(കടപ്പാട്: ടി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ – ജീവചരിത്രം;* 1990 ൽ പ്രസിദ്ധീകരിച്ച രണ്ടാം പതിപ്പ്)

ooo

# സംവാദം: സ്നാനം

22

നീലത്താമര എന്ന വാക്കു സംബന്ധിച്ച് മഹാകവി കെ. വി. സൈമണും ഇടശ്ശേരിമല കേശവൻ ജ്യോത്സ്യനും തമ്മിൽ പബ്ലിക്കിന്റെ മുമ്പിൽ നടന്ന ചൂടേറിയ സംവാദവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നാം ഒക്ടോബർ ലക്കത്തിൽ കണ്ടതാണല്ലോ. മർത്തോമ്യനായ കെ. എൻ. ദാനിയേലുമായി കെ. വി. സൈമന് പലപ്പോഴും നേർക്കുനേർ പോരാടേണ്ടി വന്നിട്ടുണ്ട്. പ്രധാനമായും പട്ടത്വം സംബന്ധിച്ചും സ്നാനം സംബന്ധിച്ചും ആണ് ആ പോരാട്ടങ്ങൾ. അങ്ങനെ പൊതുജനങ്ങളുടെ മുമ്പാകെ സംഘടിപ്പിച്ച ഒരു സംവാദത്തിന്റെ വിശദാംശങ്ങൾ നമുക്കു നോക്കാം.

മർത്തോമ്മക്കാരുടെ പ്രസിദ്ധീകരണമായ *സഭാതാരക*യിൽ അതിന്റെ പത്രാധിപർ കെ. എൻ. ദാനിയേൽ, ആരെങ്കിലും ചോദ്യങ്ങൾ അയച്ചുതന്നാൽ അതിനു മറുപടി പറയുന്നതാണ് എന്നൊരു അറിയിപ്പ് കൊടുത്തു. ലഭിച്ച അവസരം കെ. വി. സൈമൺ പാഴാക്കിയില്ല. 1082 ഇടവം 31 ന് അദ്ദേഹം താഴെപ്പറയും വിധം ഒരു കത്ത് അയച്ചുകൊടുത്തു:

> “താഴെ വരുന്ന ചോദ്യങ്ങൾക്ക് താരക മുഖേനയോ മറ്റു വല്ല മാർഗ്ഗേണയോ മറുപടി തരണമെന്നപേക്ഷ. (1) ശിശുസ്നാനത്തിന ടിസ്ഥാനം വേദപുസ്തകമോ പാരമ്പര്യമോ? (2) വേദപുസ്തകമാ ണെങ്കിൽ മേൽപ്പറഞ്ഞ ആചാരത്തിന് ഒരു പ്രമാണവാക്യം എഴുതുക. (3) വിശ്വാസം കൂടാതെ ഒരുവൻ പുതിയനിയമ സഭയുടെ അംഗമായി ത്തീരാൻ കഴിയുമോ? (4) ഒരു ശിശു സ്നാനപ്പെടുന്നത് അതു ഒരു ക്രിസ്ത്യാനിയായിത്തീരുന്നതിനായിട്ടാണോ അതോ ഒരു ക്രിസ്ത്യാ നിയായിരിക്കുന്നതു നിമിത്തമാണോ? (5) ഒരു ശിശു സ്നാനത്താൽ സഭാംഗമായി ത്തീരുന്നുവെങ്കിൽ ഒരു സഭാംഗം എന്നുള്ള മുറയ്ക്ക് അതിനെ വിശുദ്ധ സംസർഗ്ഗത്തിൽ (Lord’s supper) ഉൾപ്പെടുത്താ ത്തത് എന്ത്? അതിനുള്ള വൈദികന്യായങ്ങൾ ഏവ?” (ടി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ - ജീവചരിത്രം,* പേജ് 174)

സംശയങ്ങളയച്ചാൽ മറുപടി പറയുന്നതാണ് എന്നുള്ള വിളംബരം വെറും വീമ്പു പറച്ചിലായിരുന്നുവെന്നു തുടർന്നു തെളിഞ്ഞു. ഒരു വർഷത്തോളം അതിനു യാതൊരു മറുപടിയും ഉണ്ടായില്ല. അപ്പോൾ വായനക്കാർ, ഒരു വർഷത്തിനുശേഷം

ദാനിയേൽ മറുപടി തന്നുവെന്നു ചിന്തിച്ചേക്കാം. അതൊന്നും ഉണ്ടായില്ല. മറുപടി തരണമെന്നു ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും ദാനിയേലിനു കെ. വി. സൈമൺ കത്തെഴുതി. ഇത്തവണ മറുപടി വന്നു. അതിപ്രകാരമായിരുന്നു:

> നിങ്ങൾ ഈയിടെ അയച്ച എഴുത്ത് കിട്ടി. മുൻപ് അയച്ച എഴുത്ത് എവിടെയാണെന്ന് നിശ്ചയമില്ല. പക്ഷേ അത് ഇവിടെയെങ്ങാനും കണ്ടേക്കാം. അതു നോക്കിയെടുക്കുന്നതിനു വളരെ സമയം വേണ്ടി വരും.... നിങ്ങൾ ഇത്രടം വന്നാൽ ഞാൻ വളരെ കൃതജ്ഞനായിരിക്കും... പ്രതിവാദത്തിനായിട്ടാണ് ചോദിക്കുന്നതെങ്കിൽ അതും എനിക്കു സന്തോഷമാണ്. ഒരു യോഗം നിശ്ചയിച്ച് മുറയ്ക്ക് ഒരു പ്രതിവാദം നടത്തുന്നതിന് വിരോധമില്ല. നിങ്ങൾക്ക് എത്ര ചോദ്യമുണ്ടോ അതി നെല്ലാം ഉത്തരം പറയാനും ഞാൻ തയ്യാറാണ്... (*മഹാകവി കെ. വി. സൈമൺ - ജീവചരിത്രം,* പേജ് 176)

ഇമ്മാതിരിയുള്ള കത്തിടപാടുകൾ എട്ടു വർഷത്തോളമാണ് നടന്നത്. ഒടുവിൽ 1091 മേടം 10-ാം തീയതി നേരിട്ട് അഭിമുഖസംവാദം നടത്താൻ രണ്ടു കൂട്ടരും നിശ്ചയിച്ചു. ആറാട്ടുപുഴ കാഞ്ഞിരത്തിൻമൂട്ടിൽ കൊച്ചുകോശി വൈദ്യന്റെ പുരയിടത്തിൽ തയ്യാറാക്കപ്പെട്ടിരുന്ന പന്തലിൽവച്ച് സംവാദം അരങ്ങേറി. ഹിന്ദുക്കളും മർത്തോമ്മക്കാരും ദൈവമക്കളും എല്ലാം അവിടെ സന്നിഹിത രായിരുന്നു. തന്റെ വാദങ്ങൾ അവതരിപ്പിച്ച കെ. വി. സൈമണെ കളിയാക്കി മിമിക്രി കാണിക്കലും ബഹളം വയ്ക്കലുമൊക്കെയായി ദാനിയേലും ശിങ്കിടികളും നാണമില്ലാതെ പെരുമാറിയത്രേ. ശനിയാഴ്ച നടന്ന സംവാദം തിങ്കളാഴ്ചയും തുടർന്നു. സദസ്യരുടെ ഭാഗത്തുനിന്നും ചിലർ നീരസം പ്രകടിപ്പിച്ചതിനെത്തുടർന്ന് ദാനിയേലും കൂട്ടരും പരിഹാസപ്രകടനങ്ങളൊക്കി നിർത്തി ഒന്നടങ്ങിയിരിക്കാൻ നിർബന്ധിതരായിത്തീർന്നു. പിന്നെ എന്തു സംഭവിച്ചു? മഹാകവി കെ. വി. സൈമൺ തന്റെ *സമ്മാർജ്ജിനി* എന്ന പുസ്തകത്തിൽ അക്കാര്യം പറയുന്നതു നമുക്കു നോക്കാം:

> തിങ്കളാഴ്ചയായപ്പോൾ മി. ദാനിയേലിന്, എന്തു കാരണമോ ഒരു വയറ്റി ളക്കവും ഛർദ്ദിയും ഉണ്ടായതിനാൽ അപ്പോത്തിക്കിരിയെ വരുത്തേണ്ടി വന്നു. ഈ സുഖക്കേട് യോഗത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആധി കൊണ്ട് ഉണ്ടായതാണെന്നു ദേശമൊട്ടുക്ക് കേൾവിയായി. കൂടാതെ ഇന്നു വൈകുന്നതിനപ്പുറം മി. ദാനിയേൽ കടന്നുകളയുമെന്ന് ഞങ്ങളു ടെ മീറ്റിംഗിൽ ശ്രോതാവായിരുന്ന ഒരു ഹിന്ദു സ്നേഹിതൻ തിങ്കളാഴ്ച

രാവിലെ പ്രവചിക്കുകയും തന്റെ നിശ്ചയം കാണിപ്പാൻ ഒരാളുമായി പന്തയം വയ്ക്കുകയും ചെയ്തു. (*സമ്മാർജ്ജിനി*യിൽ നിന്നുള്ള ഉദ്ധരണി *മഹാകവി കെ. വി. സൈമൺ – ജീവചരിത്രം,* പേജ് 180 ൽ കൊടുത്തിട്ടുള്ളത്)

'അപ്പോത്തിക്കിരി' എന്നു പറഞ്ഞാൽ 'അലോപ്പതി ഡോക്ടർ' എന്നാണ് അർത്ഥം. ഏതായാലും അപ്പോത്തിക്കിരിയുടെ മരുന്ന് ഫലിച്ചുവെന്നു തോന്നുന്നു. ദാനിയേൽ മുങ്ങിയില്ല. എങ്കിലും ഒടുവിൽ യോഗം അവസാനിപ്പിച്ചത് എങ്ങ നെയെന്നു മഹാകവി വിശദീകരിക്കുന്നത് താഴെപ്പറയും വിധമാണ്:

"രണ്ടോ മൂന്നോ സംവത്സരമോ മാസമോ വാദിപ്പാൻ തയ്യാറായിട്ടാണ് താൻ വന്നതെന്ന് ശനിയാഴ്ച വെടി പറഞ്ഞ സ്നേഹിതൻ സദസ്യരോട് യാതൊരു വാക്കും പറയാതെയും എന്റെ സമ്മതം കൂടാതെയും പ്ലാറ്റുഫോറത്തിൽ നിന്നിറങ്ങി അമ്പു വിട്ടപോലെ പാഞ്ഞുപോയി... സദസ്സു പിരിയാതെ ഞങ്ങളെല്ലാവരും അരമണിക്കൂറോളം നിന്നശേഷം ഞങ്ങളും സാവധാനമായി പിരിഞ്ഞുപോന്നു. (*സമ്മാർജ്ജിനി*യിൽ നിന്നുള്ള ഉദ്ധരണി *മഹാകവി കെ. വി. സൈമൺ – ജീവചരിത്രം,* പേജ് 180 ൽ കൊടുത്തിട്ടുള്ളത്)

ദാനിയേലിന്റെ ചോദ്യങ്ങൾക്ക് സൈമൺ കൃത്യമായ മറുപടി പറയാത്ത തുകൊണ്ടാണ് താൻ വേദി വിട്ടു പോയത് എന്നാണ് ദാനിയേൽ പിന്നീട് വിശദീകരിച്ചത്. പക്ഷേ, അവിടെ ശ്രോതാക്കളായി ഉണ്ടായിരുന്നവർക്ക് സത്യാവസ്ഥ എന്തെന്നു അറിയാമല്ലോ.

(കടപ്പാട്: ടി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ – ജീവചരിത്രം;* 1990 ൽ പ്രസിദ്ധീകരിച്ച രണ്ടാം പതിപ്പ്)

ooo

# മറുഭാഷാനികഷം

23

പെന്തെക്കോസ്തുകാരുടെ അന്യഭാഷ പോലുള്ള കാര്യങ്ങളെ നിശിതമായി വിമർശിക്കുന്ന ഒരു പുസ്തകമാണ് *മറുഭാഷാനികഷം*. 'മറുഭാഷയുടെ മാറ്ററിയാനുള്ള ഉരകല്ല്' എന്നാണ് ഇതിന്റെ അർത്ഥം. പെന്തെക്കോസ്തുകാർ തയ്യാറാക്കിയ രണ്ടു കൃതികളുടെ ഖണ്ഡനമാണ് 1925 ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം.

വല്ലവന്റെയും നേരെ വെറുതെ വിമർശനങ്ങൾ വലിച്ചെറിയുന്ന രീതി കെ. വി. സൈമണില്ല. തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അദ്ദേഹം അതു ചെയ്യുകയുള്ളൂ. സൂക്ഷ്മമായ അന്വേഷണം നടത്താൻ അദ്ദേഹം മിനക്കെട്ടിരുന്നു:

> പെന്തിക്കോസ്തരുടെ അഭിമാനവിഷയവും സാധുക്കളിൽ പലരെയും ഇളക്കിമറിച്ചിട്ടുള്ളതുമായ ഈ മറുഭാഷയുടെ ആഗമം, സ്വഭാവം ഇവയെക്കുറിച്ച് സൂക്ഷ്മമായി ചില അന്വേഷണങ്ങൾ നടത്തണമെന്ന് ആശിച്ചുകൊണ്ടിരുന്ന ഞങ്ങൾക്ക് ഭാഗ്യവശാൽ അതിനു തക്കതായ ഒരവസരം കിട്ടി.... ആ സഹോദരൻ പ്രാർത്ഥിക്കുന്നതിനും വളരെ നേരം മറുഭാഷ സംസാരിക്കുന്നതിനും ഇടയായി. അയാൾ എന്നോടു ചേർന്നിരുന്നതിനാൽ ഓരോ ശബ്ദവും ഞാൻ അതിസൂക്ഷ്മമായി ശ്രദ്ധിച്ചു... മർക്കൊസ് 16:17-ാം വാക്യം മലയാള വ്യാഖ്യാന സഹിതം അദ്ദേഹം മറുഭാഷയിൽ ഘോഷിച്ചു. അതു അടുക്കിനു താഴെ ചേർക്കുന്നു.
>
> **മറുഭാഷ:** ക്രീത്ത ക്രീത്ത ക്രീ
> **വ്യാഖ്യാനം:** വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിന്തുടരും
> **മറുഭാഷ:** ക്രീത്ത ക്രീത്ത ക്രീ
> **വ്യാഖ്യാനം:** അവർ പുതുഭാഷകളിൽ സംസാരിക്കും
> **മറുഭാഷ:** ക്രീത്ത ക്രീത്ത ക്രീ
> **വ്യാഖ്യാനം:** എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും
>
> ഇവയിൽ ഓരോ വാചകത്തിന്റെയും ഒടുവിലുള്ള 'ഖ്റീ' എന്നു ശബ്ദിക്കുമ്പോൾ സഹോദരൻ തന്റെ ശക്തി മുഴുവൻ ചിലവഴിക്കുന്നതായി ഞങ്ങൾ കണ്ടു... കൂടാതെ, 'അമേരിക്കയിൽ നിന്ന് ഒരു സായ്പ്

> ഇങ്ങോട്ടു വരുവാൻ കപ്പൽ കയറീട്ടുണ്ട്' എന്നു സഹോദരൻ ഒരു പ്രവചനം പറഞ്ഞതിനും ഉപയോഗിച്ച വാക്ക് 'ഖ്റീത്ത ഖ്റീത്ത ഖ്റീ' എന്നു തന്നെയായിരുന്നു. ദേശപ്പേർ പോലും ഭാഷയിൽ പ്രത്യേകിച്ചു കേൾക്കാതെ അമേരിക്കയും 'ഖ്റീത്ത' യിൽ അടങ്ങിപ്പോയത് നിമിത്തം ഞാൻ വളരെ കുഴങ്ങി. (*മറുഭാഷാ നികഷം*, Published in 1990 by Sunny Thomas & Jacob P. Mathew, page 59-64)

1901 ലാണ് ആധുനിക അന്യഭാഷയുടെ രംഗപ്രവേശം എന്നു പൊതുവെ എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. കെ. വി. സൈമൺ തന്റെ പുസ്തകം പ്രസിദ്ധീകരിച്ചത് 1925ലാണ് എന്നു കൂടി നാം ഓർക്കണം. തന്റെ പുസ്തകത്തിൽ അന്യഭാഷ സംബന്ധിച്ച് എല്ലാ തെറ്റിദ്ധാരണകൾക്കും താൻ അന്തസ്സായി മറുപടി പറയുന്നുണ്ട്. തന്റെ ജീവിതകാലത്ത്, തന്റെ കൺമുമ്പിലെന്നോണം ഉടലെടുത്ത ഒരു ദുരുപദേശത്തെ സമർത്ഥമായി നേരിടാൻ അദ്ദേഹം കാണിച്ച തന്റേടം ശ്ലാഘനീയം തന്നെയാണ്.

പെന്തെക്കോസ്തിലെ വിലപ്പെട്ട നാമമായ പാസ്റ്റർ കെ. ഇ. എബ്രഹാം മഹാകവി സൈമണോടൊപ്പം ചേർന്നു നടന്നയാളാണ്. അദ്ദേഹത്തെ സ്നാനപ്പെടുത്തിയത് മഹാകവിയാണ്. അദ്ദേഹം പിന്നീട് പെന്തെക്കോസ്തുകാരനായി. ഒരിക്കൽ സ്വീഡനിലേക്ക് യാത്ര ചെയ്യുന്നതിനു മുമ്പ് അദ്ദേഹം മഹാകവി സൈമണെ കാണുവാൻ വന്ന കാര്യം മഹാകവിയുടെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യാത്ര പിരിയാൻ നേരം "സാറിന്റെ കൈയ്യാൽ സ്നാനപ്പെട്ട ഒരാൾ ശീമയ്ക്കു പോകുന്നു എന്നുള്ളത് അവിടുത്തേക്കും അഭിമാനകരമാണല്ലോ" എന്നു പറഞ്ഞതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ടി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ - ജീവചരിത്രം,* പേജ് 318).

ഒപ്പമുണ്ടായിരുന്നയാൾ പെന്തെക്കോസ്തുകാരനായിത്തീർന്നതിന്റെ പേരിൽ അദ്ദേഹത്തെ വ്യക്തിപരമായി കളിയാക്കുവാനോ വാക്കുകൾകൊണ്ട് തല്ലിച്ചതയ്ക്കാനോ ഉള്ള ധാരാളം അവസരങ്ങൾ *മറുഭാഷാനികഷം* എന്ന പുസ്തകരചനയോടുള്ള ബന്ധത്തിൽ ഉണ്ടായിരുന്നുവെങ്കിലും, മഹാകവി അതിനൊന്നും തുനിഞ്ഞില്ല എന്നതും ശ്രദ്ധേയമാണ്. എന്നിരുന്നാലും പെന്തെക്കോസ്തു സമൂഹത്തെ പൊതുവായി വിമർശിക്കുന്നതിൽ താൻ പിശുക്കു കാണിച്ചിട്ടുമില്ല.

"ഈ ഖണ്ഡനകൃതിയുടെ പ്രകടീകരണത്തിൽ പെന്തിക്കോസ്തു സംഘത്തേയോ അതിന്റെ നേതാക്കളേയോ സന്മാർഗ്ഗദൂഷണം ചെയ്‌വാൻ ഞങ്ങൾ

അശേഷം തുനിഞ്ഞിട്ടില്ലെന്നും, വേദോപദേശബിന്ദുവിൽ നിന്നുകൊണ്ട് എതിർ വാദകൃതിയെ വിമർശിക്ക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും" ഇതിന്റെ ആമുഖ ത്തിൽ മഹാകവി കെ. വി. സൈമൺ എഴുതിയിട്ടുണ്ട്. (*മറുഭാഷാനികഷം*, page vii). പുസ്തകരചനയിലുടനീളം ഇക്കാര്യത്തിൽ അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിട്ടു ണ്ടെന്നു വായനക്കാരനു മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.

പെന്തെക്കൊസ്തുകാരും കരിസ്മാറ്റിക്കാരും രോഗശാന്തിവരം ഉണ്ടെന്ന് അവ കാശപ്പെട്ട് അല്പബുദ്ധികളായ ആളുകളെ വഞ്ചിക്കുന്ന ഏർപ്പാട് ഇന്ന് വ്യാപ കമായിരിക്കയാണ്. പെന്തെക്കോസ്തുകാരാണ് ഇതിന്റെയെല്ലാം തുടക്കം. അതിനെ അനുകരിച്ച് കരിസ്മാറ്റിക്കാരും 'സൗഖ്യം' കൊടുത്തുവരികയാണ്. എന്നിട്ടും രോഗികൾക്കും ആശുപത്രികൾക്കും യാതൊരു കുറവുമില്ല! തലവേദന, വയറു വേദന, ചെവിവേദന, വയറിന്നകത്തെ മുഴ, ഉറക്കത്തിൽ മൂത്രമൊഴിക്കൽ... ഇങ്ങനെ ഒരുപാട് രോഗങ്ങളിൽ നിന്ന് ഇവർ 'വിടുതൽ' കൊടുക്കുന്നുണ്ട്. പക്ഷേ ഒരു കുരുടന് കാഴ്ച കൊടുക്കാനോ മുടന്തനെ നടത്താനോ ഇവരെക്കൊണ്ടാവില്ല. മഹാകവി കെ. വി. സൈമൺ എഴുതിയത് നോക്കൂ:

> അസാദ്ധ്യരോഗങ്ങളിൽ ഒന്നെങ്കിലും സുഖപ്പെടുത്തുവാൻ ഇവരുടെ രോഗശാന്തിവരത്തിനു കഴിവില്ല. കുരുടർക്കു കാഴ്ചയോ, ബധിരർക്കു കേൾവിയോ, ഊമർക്കു ഭാഷണശക്തിയോ, കുഷ്ഠരോഗികൾക്ക് സ്വസ്ഥതയോ, കൂനുള്ളവർക്കു അതിൽനിന്നുള്ള വിടുതലോ ഇവർ കൊടുത്തിട്ടില്ല. (പേജ് 56)
>
> ചിക്കാഗോയിൽ ഒരാളെ പെന്തിക്കോസ്തർ ഉയിർപ്പിച്ചതായി കുറച്ചു മുമ്പ് ഒരു കേൾവി ഉണ്ടായി. ഇൻഡ്യക്കാരായ നമ്മുടെ ഇടയിൽ ഇവർ ആരെയും ഉയിർപ്പിക്കാഞ്ഞത് നമ്മുടെ അവിശ്വാസത്തിന്റെ കട്ടി കൊണ്ടായിരിക്കണം. ഏതായിരുന്നാലും ഉയിർപ്പും അത്ഭുതപ്രവൃത്തി കളും സാക്ഷാൽ മറുഭാഷയും എല്ലാം പരദേശങ്ങളിലാണ് നടക്കുന്നത്. നാട്ടിൽ ഇതൊന്നും നടന്നുകാണ്മാൻ നിർഭാഗ്യവാന്മാരായ നമുക്കു സാധിക്കയില്ല. (പേജ് 72)

വിമർശനത്തിന്റെ കൂരമ്പുകൾ ഇമ്മാതിരി പായിച്ചിട്ടും അധികമാരും മനന്തിരി ഞ്ഞില്ലെന്നുവേണം കരുതാൻ. എന്തുകൊണ്ടെന്നാൽ അത്ഭുതരോഗശാന്തിവരം ഉണ്ടെന്നു പറയുന്നവർ ഇന്നും വിലസുകയാണല്ലോ.

ooo

# ശാപതാചാരത്തിന്റെ പാഷാണ്ഡത

24

1940 ൽ പി. ഐ. വറുഗീസ്, ഇടയാറന്മുള പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് മഹാകവി കെ. വി. സൈമൺ എഴുതിയ ‘ശാബതാചാരത്തിന്റെ പാഷാണ്ഡത’ എന്ന പുസ്തകം. ‘ദൈവത്തിന്റെ പത്തുകല്പന നീക്കപ്പെട്ടുവോ?’ ‘സുസ്ഥിരമായ ശബ്ബത്ത്’ എന്നീ ലഘുലേഖകളുടെ ഖണ്ഡനമാണ് ഈ പുസ്തകം.

**സ്ത്രീ തന്നെ ഇവിടെയും!**

സ്ത്രീകൾ മുഖാന്തരം രൂപം കൊണ്ട പ്രസ്ഥാനങ്ങൾ പലതാണ്. അതിലൊന്നാണ് പെന്തെക്കോസ്തു പ്രസ്ഥാനം. മറ്റൊന്നാണ് ശാബതു മിഷ്യൻ. 1901 ജനുവരി 1–ാം തീയതി ആഗ്നസ് ഓസ്മാൻ എന്ന സ്ത്രീക്കുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതാണ് ഇന്നത്തെ പെന്തെക്കോസ്തു സമൂഹം. പെന്തെക്കോസ്തുസഭകളിൽ ഒന്നായ ഐ.പി.സി.യുടെ സ്ഥാപകനായ പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ മകനായ പാസ്റ്റർ റ്റി. എസ്. എബ്രഹാം എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

> 1901 ജനുവരി ഒന്ന് ക്രിസ്തീയസഭാചരിത്രത്തിൽ അതിപ്രധാന മർഹിക്കുന്ന ഒരു ദിവസമാണ്....ആധുനിക പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ ആരംഭമായി ചരിത്രകാരന്മാർ നിർണ്ണയിച്ചിരിക്കുന്നത് ഈ ദിവസത്തെയാണ് (*പെന്തെക്കോസ്തു പ്രസ്ഥാനം* പേജ് 4, quoted in *തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനികപെന്തെക്കോസ്തിന്റെ ആത്മാവും* by Dr. K.C. Thomas, published in 1990, പേജ് 36,37)

അന്നെന്താണ് സംഭവിച്ചത്? അമേരിക്കയിൽ കാൻസാസ് സ്റ്റേറ്റിൽ ടോപ്പെക്ക എന്ന സ്ഥലത്ത് ശ്രീ. പർഹാം നടത്തിയിരുന്ന ഒരു സ്ഥാപനമായിരുന്നു ബഥേൽ ബൈബിൾ കോളേജ്. അവിടെ പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടിയായിരുന്നു ആഗ്നസ് എൻ. ഓസ്മാൻ. 1901 ജനുവരി ഒന്നാം തീയതി സംഭവിച്ചത് എന്തായിരുന്നുവെന്ന് അറിയുവാൻ പെന്തെക്കോസ്തുകാരുടെ വിശദീകരണം തന്നെ നമുക്കു നോക്കാം:

> 1901 ജനുവരി 1–ാം തീയതി വൈകീട്ട് ഏഴു മണിയോടുകൂടെ ആഗ്നസ് സഹോദരി, പെർഹാമിന്റെ സമീപെ ചെന്ന് പുതിയ നിയമസഭയിൽ

ചെയ്തിട്ടുള്ളതുപോലെ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കേണ്ടതിനായി അദ്ദേഹം തന്റെ മേൽ കൈവച്ച് പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. അദ്ദേഹം ആ അനുഭവം പ്രാപിച്ചിട്ടില്ലാതിരുന്നതിനാൽ അങ്ങനെ കൈവച്ച് പ്രാർത്ഥിക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചു.എങ്കിലും സഹോദരിയുടെ നിർബന്ധപ്രകാരം അവളുടെ മേൽ കൈവച്ച് പ്രാർത്ഥിച്ച ഉടൻ തന്നെ അവൾ ഒരു ദിവ്യപ്രകാശത്താൽ ആവരണം ചെയ്യപ്പെടുകയും പരിശുദ്ധാത്മപൂർണ്ണയായി അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. (*പെന്തെക്കോസ്തു പ്രസ്ഥാനം* പേജ് 11,12, quoted in *തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനിക പെന്തെക്കോസ്തിന്റെ ആത്മാവും* by Dr. K.C. Thomas, published in 1990, പേജ് 37)

ഇങ്ങനെയാണ് ഇന്നത്തെ പെന്തെക്കോസ്തുപ്രസ്ഥാനത്തിന്റെ തുടക്കം. ഒരു സ്ത്രീക്കുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച ഈ പ്രസ്ഥാനം ഇന്നു ലോകമെങ്ങും വ്യാപകമായി. അവരെ അനുകരിച്ച് കരിസ്മാറ്റിക്കുകാരും ഇപ്പോൾ അന്യഭാഷയും ബഹളവും രോഗശാന്തിയും ഒക്കെയായി തകർത്തു മുന്നേറുകയാണ്. വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ച് അവയുടെ മുമ്പിൽ കുമ്പിടുകയും തൊട്ടുമുത്തുകയും അവയുടെ മുമ്പിൽ മെഴുകുതിരി കത്തിക്കുകയുമൊക്കെ ചെയ്യുന്ന കത്തോലിക്കാ കരിസ്മാറ്റിക്കുകാരും, ഇപ്പറഞ്ഞതിനെയൊക്കെ എതിർക്കുന്ന പെന്തെക്കോസ്തുകാരും, അന്യഭാഷയുടെയും രോഗശാന്തിയുടെയും കാര്യത്തിൽ ഒരുപോലെ പെരുമാറുന്നത് കൗതുകം ജനിപ്പിക്കുന്ന ഒരു കാഴ്ച തന്നെ!

ഇനി, നമുക്ക് ശാബത്തുകാരുടെ കാര്യം നോക്കാം. സെവൻത് ഡേ അഡ്വന്റിസ് (Seventh day Adventists) അഥവാ ശാബതുമിഷ്യൻകാർ സ്ഥാപിതമായത് 1863 മെയ് 21 ന് ആണെന്നാണ് വെബ്സൈറ്റുകളിൽ നിന്നും മനസ്സിലാകുന്നത്. പെന്തെക്കോസ്തു സമൂഹത്തെപ്പോലെ ഈ പ്രസ്ഥാനത്തിന്റെയും തുടക്കം ഒരു സ്ത്രീ തന്നെ! ഇതെക്കുറിച്ച് മഹാകവി കെ. വി. സൈമൺ എഴുതിയത് താഴെ കൊടുത്തിരിക്കുന്നു:

സെവന്ത്ഡേ അഡ്വന്റിസം (ശാബതുമിഷ്യൻ), ക്രിസ്ത്യൻ സയൻസ്, തിയോസഫി എന്നീ മൂന്നു വകുപ്പുകളും സ്ത്രീനിർമ്മിതങ്ങളായ മൂന്നു സമൂഹങ്ങളാണ്. എസ്സ്.ഡി.എ-യുടെ നിർമ്മാപികയ്ക്കു മിസ്സസ് എല്ലൻ ജി. വൈറ്റ് എന്നു പേരാണ്. ഈ സ്ത്രീ ദർശനഭ്രമിയായ ഒരു അമേരിക്കൻ വനിതയാണ്. ഇവരാണ് ശാബതുമിഷ്യൻകാരുടെ പ്രമാണഗ്രന്ഥമായ

*The great Controversy between Christ and Satan* എഴുതിയിട്ടുള്ളത്. (*ശാബതാചാരത്തിന്റെ പാഷാണ്ഡത*, പേജ് ii)

**ശാപതുകാരുടെ ചില ഉപദേശങ്ങൾ**

കർത്താവായ യേശുക്രിസ്തുവിനു പാപസ്വഭാവം ഉണ്ടായിരുന്നുവെന്നു ഇവർ വാദിക്കുന്നു. മനുഷ്യന്റെ ആത്മാവ് നിത്യമല്ലെന്നും നരകം നിത്യമല്ലെന്നും ആണ് ഇവരുടെ മറ്റൊരു വാദം. ശാബത് ആചരിക്കുവാൻ ക്രിസ്ത്യാനികൾ ശ്രദ്ധിക്കണം എന്നതാണ് ഇവരുടെ അടുത്ത വാദം.

**സൈമന്റെ ഖണ്ഡനം**

*ശാബതാചാരത്തിന്റെ പാഷാണ്ഡത* എന്ന പുസ്തകത്തിന്റെ തുടക്കത്തിൽ ത്തന്നെ കെ. വി. സൈമൺ വ്യക്തമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്:

> ശാബതുമിഷ്യൻകാർക്ക് അഥവാ ഇക്കാലത്തെ സപ്തമദിനാചാരികൾ ക്ക് തങ്ങളുടെ പക്ഷം സ്ഥാപിക്കുവാൻ വളരെ ന്യായങ്ങൾ ഉണ്ടെന്നും വിശിഷ്യ, ബഹുലം വേദവാക്യങ്ങൾ ശാബതാചാരത്തെ താങ്ങുന്നു ണ്ടെന്നും ബുദ്ധിശ്യൂന്യന്മാരായ ഒരുമാതിരി ക്രിസ്ത്യാനികൾ വിചാരി ച്ചുപോകുന്നുണ്ട്. എന്നാൽ പുതിയനിയമവെളിച്ചം കിട്ടാതെ അന്ധമന സ്ക്കരായി തീർന്നവർക്കല്ലാതെ ഈ വിധം ജല്പിക്കുവാൻ സാധിക്കു ന്നതല്ലെന്നുള്ള വാസ്തവം എസ്.ഡി.എ. വകയായി അടുത്തകാലത്തു പ്രസിദ്ധീകരിച്ചതും ദൈവത്തിന്റെ പത്തു കല്പന നീക്കപ്പെട്ടുവോ? എന്നു പേരുള്ളതുമായ ലഘുലേഖയുടെ വിമർശനംകൊണ്ട് ഞങ്ങൾ സ്പഷ്ടീകരിക്കാം (പേജ് 1)

ശാബതുകാരുടെ വാദങ്ങളെ വെട്ടിവീഴ്ത്തുന്നതിൽ എഴുത്തുകാരൻ പ്രശംസനീയമാം വിധം വിജയിച്ചിട്ടുണ്ടെന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. എതിരാളിയുടെ ഓരോ ആശയവും ഉദ്ധരിച്ച്, അതിനെ ഖണ്ഡിക്കുവാൻ മതിയായ തെളിവുകൾ വേദപുസ്തകത്തിൽ നിന്നും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അദ്ദേഹ ത്തിന്റെ പടയോട്ടം ആവേശകരമായ ഒരു കാഴ്ച തന്നെ!

സൈമന്റെ എതിർവാദങ്ങളിൽ ചിലത് ഇങ്ങനെ സംഗ്രഹിക്കാം:

(1) ലോകമൊട്ടുക്കു പാർത്തുവരുന്ന ജാതികൾക്കല്ല, വാഗ്ദത്തദേശത്തു മാത്രം താമസിക്കേണ്ട ഇസ്രയേല്യർക്കായിട്ടാണു ശാബതു നിയമം കൊടുത്തിരിക്കുന്നത്.

"അത് എനിക്കും ഇസ്രയേൽമക്കൾക്കും മദ്ധ്യേ എന്നേക്കും ഒരു അടയാളമാകുന്നു" എന്നാണ് പുറപ്പാട് 31:17ൽ കാണുന്നത്.

(2) പുറപ്പാട് 31:14,15, സംഖ്യ15:32,36 ഈ വാക്യങ്ങളിൽനിന്ന് ശാബതു ലംഘനത്തിനുള്ള ശിക്ഷ മരണമാണെന്നു മനസ്സിലാക്കാം. ഒരു കാരണവശാലും ഇതു ഭേദപ്പെടുകയില്ല. എന്നാൽ ശാബതിനെ ലംഘിക്കുന്ന തങ്ങളുടെ സഹോദരന്മാരുടെ മേൽ ശാബതുമിഷ്യൻകാർ വധശിക്ഷ നടത്തുന്നുണ്ടോ? ഇല്ലെങ്കിൽ അതു കല്പനാലംഘനമല്ലേ? ഗവൺമെന്റിനെ ഭയന്നു ദൈവകല്പന ലംഘിക്കുന്നതു വിഹിതമോ?

(3) പത്തു കല്പനകളിൽ ശാബത് ഒഴികെ ബാക്കി ഒമ്പത് എണ്ണത്തേയും പറ്റി പുതിയനിയമത്തിൽ അനുസരിക്കാനായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ശാബത്തിനെ തങ്ങളുടെ അനുഗാമികൾക്ക് ആവശ്യമായ പ്രമാണമായി കർത്താവോ ശിഷ്യന്മാരോ എടുത്തിട്ടില്ല. ശാബത്തിനെ സ്പർശിച്ചു വല്ലതും പുതിയനിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശാബത്തിനെ ലഘൂകരിച്ചു മാത്രമാണ്.

ooo

# സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം

25

മഹാകവി കെ. വി. സൈമൺ തയ്യാറാക്കിയ ഖണ്ഡനകൃതികൾ എല്ലാം ഉജ്ജ്വലവും, അപ്പുറത്തു നിൽക്കുന്നവനെ നിഷ്പ്രഭനാക്കാൻ മതിയായവയുമാണ്. അക്കൂട്ടത്തിൽ, ഹൈന്ദവരുടെ ആക്രമണസ്വഭാവമുള്ള വാദങ്ങൾക്ക് കരളുറപ്പോടെ കൊടുക്കുന്ന മറുപടി അടങ്ങിയ അദ്ദേഹത്തിന്റെ *സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം* എന്ന പുസ്തകത്തിന്റെ കാര്യം എടുത്തുപറയേണ്ട തുതന്നെയാണ്.

1926 ൽ പ്രസിദ്ധീകരിച്ചതാണ് ഈ അത്യുജ്ജ്വലമായ ഖണ്ഡനകൃതി. പി. കൃഷ്ണൻനമ്പ്യാതിരി (ബി. എ. ഓണേഴ്സ്) എന്ന ഹൈന്ദവ പണ്ഡിതൻ ക്രൈസ്തവമാർഗ്ഗത്തെ രൂക്ഷമായി വിമർശിച്ചുകൊണ്ട് നടത്തിവന്ന പ്രസംഗ ങ്ങൾക്ക് മറുപടി ആയാണ് ഈ പുസ്തകം മഹാകവി പ്രസിദ്ധീകരിച്ചത്. ഹിന്ദുമതത്തിലെ ഒട്ടനവധി ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരണികൾ കൊടുത്തുകൊണ്ടാണ് മഹാകവിയുടെ പടയോട്ടം. അതിഗംഭീരമായ പ്രകടനം എന്നു പറയാതിരിക്കാൻ കഴിയില്ല.

ക്രിസ്ത്യാനികളുടെ നേരെ ശ്രീ.കൃഷ്ണൻനമ്പ്യാതിരി നടത്തിയ ആക്ര മണസ്വഭാവമുള്ള പ്രസംഗപരമ്പരകളിൽ, ക്രൈസ്തവനെ മുറിവേൽപ്പിക്കാൻ ലക്ഷ്യമിട്ടു എയ്ത ശരമാലകളെ ഉശിരോടെ പ്രതിരോധിക്കുന്ന മഹാകവിയുടെ ധൈര്യവും, ഹൈന്ദവമതഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനുള്ള അഗാധമായ അറിവും ആരെയും അതിശയിപ്പിക്കുന്നതാണ്. വെറുതെ പുകഴ്ത്തുകയല്ല ഞാൻ. നിങ്ങൾ ആ പുസ്തകം ഒന്നു വായിച്ചു നോക്കിയാൽ ഞാൻ പറഞ്ഞത് ശരിതന്നെ എന്നു മനസ്സിലാകും; സംശയമില്ല. മഹാകവിയുടെ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ,

> കേരളീയ ക്രൈസ്തവസഹോദരങ്ങളേ, നിങ്ങളുടെ പരിപാവനമായ മതസൗധത്തിന്മേൽ ഒരു സർവ്വകലാശാലാബിരുദധാരി വലിച്ചെറിഞ്ഞ കല്ലുകളെ ഇടയ്ക്കുവച്ച് പിടിച്ച് ആ കല്ലുകളെ തന്നെ ഹിന്ദുമത ശില്പത്തിന്മേൽ തിരിച്ചെറിയുകയാണ് ഇക്കൃതി ചെയ്തിട്ടുള്ളതെന്ന് ഇതിന്റെ പാരായണംകൊണ്ടു നിങ്ങൾക്കു മനസ്സിലാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. (*സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം*, published in 1926, page 12)

ക്രിസ്ത്യാനികൾക്കെതിരെ പറഞ്ഞ 22 ആരോപണങ്ങൾക്കുള്ള ശക്തമായ ഭാഷയിലുള്ള മറുപടി ഈ പുസ്തകത്തിലുണ്ട്. ചവറദേശീയനായ കൃഷ്ണൻ നമ്പ്യാതിരിയുടെ പ്രസംഗത്തിലെ ഒരു ആരോപണം നോക്കുക: "ക്രിസ്തുമതം ഈശ്വരന് അസൂയ, പശ്ചാത്താപം, കോപം ഇവ ഉണ്ടെന്നു പറയുന്നു. ഹിന്ദുമതം അങ്ങനെ പറയുന്നില്ല. ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കാതവണ്ണം മനുഷ്യനെ തോട്ടത്തിൽനിന്നു പുറ ത്താക്കിയതു ദൈവത്തിന്റെ അസൂയകൊണ്ടാകുന്നു" (പേജ് 16)

ഇതിനു വിശദീകരണം ബൈബിളിൽനിന്നും കൊടുത്തശേഷം, "ഹിന്ദു മതം അങ്ങനെ പറയുന്നില്ല" എന്ന അവകാശവാദത്തെ കെ. വി. സൈമൺ പൊളിച്ചട ക്കുന്ന കാഴ്ച മനോഹരമായിട്ടുണ്ട്. അസൂയയുടെ കാര്യമാണ് അദ്ദേഹം ആദ്യം പറയുന്നത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെ ഇങ്ങനെ ചുരുക്കാം:

(1) ബ്രഹ്മാവും വിഷ്ണുവും ശിവനുമാകുന്ന ത്രിമൂർത്തികൾ അന്യോന്യം അസൂയ പൂണ്ട് ശണ്ഠയിട്ടതായി പുരാണങ്ങളിൽ കാണുന്നുണ്ട്.

(2) ഹിന്ദുമതത്തിലെ ഈശ്വരൻ ശൂദ്രരുടെ നേരെ അസൂയയുള്ളവനും ബ്രാഹ്മണരുടെ നേരെ സ്നേഹമുള്ളവനുമാണ്. രണ്ടു കൂട്ടരും ഈശ്വരന്റെ മക്കളാ ണു താനും. *മനുസ്മൃതി* 10. 129 തെളിവായി അദ്ദേഹം ഉദ്ധരിച്ചു. അതിന്റെ അർത്ഥം ഇപ്രകാരമാണ്: "കഴിവുണ്ടായിരുന്നാലും ശൂദ്രൻ ധനം സമ്പാദിച്ചു കൂടാ. കാരണം, ശൂദ്രനു ധനമുണ്ടായാൽ ബ്രാഹ്മണർക്കു ഉപദ്രവമാണ്"

(3) ഓണപ്പാട്ടുകളിലെ മാവേലീചരിതവും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മാവേലിയെ ചവിട്ടിത്താഴ്ത്തിയത് അസൂയയല്ലാതെ മറ്റെന്താണ്! "ഒരു നല്ല രാജാ വിനെ കിട്ടാൻ പ്രയാസമായിരിക്കെ ലോകത്രയത്തിനു ഭാഗ്യവശാൽ ലഭിച്ച ഈ ഉത്തമഭരണകർത്താവിനെ ഈ വിധം വഞ്ചന പ്രയോഗിച്ചു നശിപ്പിച്ചതു വിഷ്ണുവിന്റെയോ, അദ്ദേഹത്തിന്റെ പക്ഷപാതികളായ ദേവകളുടെയോ അസൂയ കൊണ്ടാണെന്നു നിസ്സന്ദേഹം തീരുമാനിക്കാം" (പേജ് 19)

അടുത്ത കുറ്റാരോപണം പശ്ചാത്താപം ആണ്. ഹൈന്ദവദൈവങ്ങൾക്ക് പശ്ചാത്താപം ഇല്ലത്രേ. ഈ വാദം തെറ്റാണെന്നു മഹാകവി ഉദാഹരണങ്ങളിലൂടെ തെളിയിക്കുന്നതിന്റെ ചുരുക്കം ഇപ്രകാരമാണ്:

(1) ശൂർപ്പകൻ എന്നു പേരുള്ള ഒരു അസുരൻ തപസ്സു ചെയ്തു ശിവനെ പ്രത്യക്ഷനാക്കി, താൻ ആരെ തൊടുന്നുവോ ആ ആൾ ദഹിച്ചുപോകണം എന്നൊരു വരം വാങ്ങി. വരം ലഭിച്ച ശൂർപ്പകൻ, വരം ഫലിക്കുന്നതാണോ എന്ന

റിയാൻ ശിവനെത്തന്നെ തൊടാൻ ഒരുങ്ങി. പ്രാണഭയത്താൽ ശിവൻ നാലു കാലും പറിച്ചോടി. വൈകുണ്ഠത്തിൽ പാഞ്ഞുചെന്ന ശിവന്റെ അത്യാപത്ത് കണ്ട് ദയ തോന്നിയ വിഷ്ണു സ്ത്രീരൂപത്തിൽ ചെന്ന് വശീകരിക്കുക എന്ന തന്റെ സ്ഥിരം തന്ത്രം പ്രയോഗിച്ച് അസുരനെ വശത്താക്കി കൊന്നു. ശിവൻ അങ്ങനെ കഷ്ടിച്ച് രക്ഷപ്പെട്ടു. ഇല്ലായിരുന്നുവെങ്കിൽ...?! ഏതായാലും ആ ദുഷ്ടനായ അസുരനു അങ്ങനെയൊരു വരം കൊടുത്തതിൽ തീർച്ചയായും ശിവൻ പശ്ചാത്തപിച്ചിട്ടുണ്ട്.

(2) ബ്രഹ്മാവിൽനിന്നും വരം ലഭിച്ചു പരാക്രമികളായിത്തീർന്ന അസുരന്മാർ നിമിത്തം കഷ്ടത്തിലായ ഭൂമീദേവി ബ്രഹ്മാവിനോടുതന്നെ സങ്കടം ബോധിപ്പി ക്കുന്ന രംഗം *ശ്രീകൃഷ്ണവിലാസം* കാവ്യത്തിൽ നിന്നും കെ.വി. സൈമൺ ഉദ്ധരി ക്കുന്നുണ്ട്. ഈ കാര്യത്തിൽ ബ്രഹ്മാവിനു പശ്ചാത്താപം ഉണ്ടായെന്ന് പ്രഥമസർഗ്ഗം 20, 28, 29 ശ്ലോകങ്ങൾ ഉദ്ധരിച്ച് അർത്ഥം പറഞ്ഞ് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

അടുത്ത ചാർജ്ജ് കോപം ആണല്ലോ. ഹൈന്ദവദൈവങ്ങൾ കഠിന കോപം പലപ്പോഴും പ്രദർശിപ്പിച്ചിട്ടുണ്ട് എന്നുള്ള മറുപടി തെളിവു സഹിതം കെ. വി. സൈ മൺ എഴുതിയിരിക്കുന്നു:

(1) *ഭാഗവതം ചതുർത്ഥസ്കന്ധം ദക്ഷചരിത*ത്തിൽ, ശിവന് ദക്ഷനോടു തോന്നിയ ഉഗ്രകോപത്തെ നാം കാണുന്നുണ്ട്.

(2) കാളിദാസന്റെ *കുമാരസംഭവ*ത്തിൽ സർഗ്ഗം 3 ശ്ലോകം 72 ൽ കാമദേവനെ ഉഗ്രക്രോധത്തോടെ കൊന്നുകളയുന്ന ശിവനെയാണ് നാം കാണുന്നത്.

"അടക്കണേ കോപമിതെന്നു വാനോർ
വിളിച്ചുണർത്താൻ തുനിയുമ്പോഴേക്കു
തൃക്കണ്ണിൽനിന്നാശു ചൊരിഞ്ഞ ചെന്തീ
യെയമ്പനെച്ചുട്ടുപൊടിച്ചുതീർന്നു"

കോപം അടക്കണേ എന്നു പറഞ്ഞ് ദേവകൾ തുനിയുമ്പോഴേക്ക് ശിവന്റെ തൃക്കണ്ണിൽ നിന്നും പുറത്തേക്ക് പാഞ്ഞ തീ അയ്യമ്പനെ (കാമദേവനെ) ചുട്ടുപൊടിച്ചു! "എന്തു കഠിനമായ കോപം! ദേവകളുടെ അപേക്ഷ അങ്ങെ ത്തുന്നതിനു മുമ്പുതന്നെ കാമദേവന്റെ കഥ കഴിച്ചു!" (പേജ് 30)

**ഇതു വായിക്കുന്ന എന്റെ ഹൈന്ദവസ്നേഹിതരോട് ഒരു വാക്ക്: ഹൈന്ദ വരെ നിന്ദിക്കുകയായിരുന്നില്ല മഹാകവി കെ. വി. സൈമൺ. പിന്നെയോ കൃഷ്ണൻനമ്പ്യാതിരിയുടെ വിമർശനത്തിനു മറുപടി പറയുക മാത്രമാ യിരുന്നുവെന്ന കാര്യം ദയവായി നിങ്ങൾ ഓർക്കുമല്ലോ** ൦൦൦

# സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം

26

കൃഷ്ണൻ നമ്പ്യാതിരി ക്രൈസ്തവർക്കു നേരെ തൊടുത്തുവിട്ട മറ്റൊരു വിമർശനം ഇതാണ്: **"പാപികളെന്ന് മനുഷ്യരെ വിളിക്കാൻ പാടില്ല എന്നു ഹിന്ദുമതം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്ത്യാനികൾ മറ്റുള്ളവരെ പാപികൾ എന്നു വിളിക്കുന്നു"** (*സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം*, published in 1926, page 41)

'പാപികളെന്നു മനുഷ്യരെ വിളിക്കാൻ പാടില്ലെന്നു ഹിന്ദുമതം പഠിപ്പിക്കുന്നുണ്ട്' എന്ന നമ്പ്യാതിരിയുടെ അവകാശവാദം വെറുമൊരു ജല്പനം മാത്രമാണെന്നു മഹാകവി കെ. വി. സൈമൺ തുറന്നടിക്കുന്നു: "എവിടെയാണാവോ അങ്ങനെ പറയുന്നത്? ഒന്നു കാണിച്ചുതന്നാൽ കൊള്ളാം. യാതൊരു പ്രമാണവുമില്ലാതെ ജല്പിക്കുന്നതിനെ ആരു വകവയ്ക്കും?" (page 45). ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളിൽത്തന്നെ മനുഷ്യരെ പാപികൾ എന്നു പറഞ്ഞിട്ടുള്ള കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് മഹാകവി കെ. വി. സൈമൺ, നമ്പ്യാതിരിയുടെ ഈ ആരോപണത്തെ തരിപ്പണമാക്കുന്നത്. ശ്രീമഹാഭാഗവതം, വിഷ്ണുപുരാണം, ഋഗ്വേദം തുടങ്ങിയ ഹൈന്ദവകൃതികളിലെല്ലാം മനുഷ്യരെ പാപികൾ എന്നു വിളിച്ചിട്ടുള്ളതിന് അദ്ദേഹം ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്:

> "ഇരുപത്തെട്ടാകുന്നിതിങ്ങനെ **പാപികൾക്കു**
> നരകജാലമനുഭവിപ്പാനനുദിനം"
>
> (ശ്രീമഹാഭാഗവതം പഞ്ചമസ്കന്ധം നരകവർണ്ണനം)
>
> "**പാപികൾ** തള്ളപ്പെടുന്ന നരകങ്ങൾ"
>
> (വിഷ്ണുപുരാണം ദ്വിതീയാംശം നരകവർണ്ണനം)

ഉദാഹരണമായി വെറും രണ്ടെണ്ണം ഞാൻ ഉദ്ധരിച്ചുവെന്നേയുള്ളൂ. മഹാകവി കെ. വി. സൈമൺ നിരവധി ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്. "ഗുരനാഥ പത്നിയെ പ്രാപിച്ച **പാപി**യാം പാഴനും", "വാദിച്ചതിരു ലംഘിച്ചു കൈയേറുന്ന **പാപി**യും" എന്നിങ്ങനെ 'പാപി' എന്ന വാക്കു ഉപയോഗിച്ചതിന് ധാരാളം ഉദാഹരണങ്ങൾ അദ്ദേഹം നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അതിനുശേഷം അദ്ദേഹം ഇപ്രകാരം എഴുതി:

പാപസ്വഭാവികളെയും പാപകർമ്മികളെയും പാപികളെന്നല്ലാതെ നീതിമാന്മാർ എന്നു വിളിക്കാൻ സാധിക്കുമോ?... കലം വില്ക്കുന്ന ആളിനെ കലക്കാരൻ എന്നു വിളിക്കുന്നതിൽ പരിഭവിക്കാനുണ്ടോ? അതു പരിഹാസമെന്നു തോന്നുന്നെങ്കിൽ അയാൾ ആ തൊഴിൽ ഉപേക്ഷിക്കയല്ലേ വേണ്ടത്? അങ്ങിനെ ചെയ്യാത്ത കാലത്തോളം കലക്കാരൻ എന്ന പേരിനു അയാൾ അർഹൻ തന്നെ. പാപം ചെയ്യു ന്നവരെ പാപികളെന്നും നീതി ചെയ്യുന്നവരെ നീതിമ്മാരെന്നും വിളി ക്കാതെ നിർവ്വാഹമില്ല. ഒരു മനുഷ്യനെ പാപിയെന്നു വിളിക്കുന്ന പക്ഷം അവൻ അശേഷം പാപിയായിത്തീർന്നുപോകുമെന്നു ചില ഹിന്തുക്കൾ ഇതിനൊരു പ്രതിവാദം പറയാറുണ്ട്. ഇതു നല്ല വിദ്യ തന്നെ. ഈ അഭി പ്രായം ശരിയെങ്കിൽ ഒരു ദരിദ്രനെ ധനവാൻ ധനവാൻ എന്നിങ്ങനെ തുടരെ വിളിക്കുന്നതുകൊണ്ട് അവൻ ധനവാനായിത്തീരുമെന്നു സമ്മതിക്കണം. വിരൂപിയെ സുന്ദരനാക്കുന്നതിനു സുന്ദരൻ എന്നു തുടരെ വിളിച്ചാൽ മതി. സ്നേഹിതന്മാരുടെ ഈ പ്രതിവാദം അബദ്ധ മെന്നല്ലാതെ എന്തു പറയട്ടെ. (page 44)

ooo

# സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനിരൂപണം

# 27

"ക്രിസ്തുമതം വ്യഭിചാരത്തിൽ തുടങ്ങിയ മതമാണ്. തന്തയില്ലാത്ത മതവുമാണ്"

വായനക്കാർ ദയവായി ക്ഷമിക്കുക. നിലവാരം അശേഷമില്ലാത്ത ഈ ഉദ്ധരണി ഹൈന്ദവപണ്ഡിതനായ കൃഷ്ണൻ നമ്പ്യാതിരിയുടേതാണ്. അദ്ദേഹം ക്രൈസ്തവർക്കു നേരെ ഉന്നയിച്ച വിമർശനങ്ങൾക്ക് മഹാകവി കെ. വി. സൈമൺ മറുപടി പറയുന്ന പുസ്തകമാണ് 1926 ൽ പ്രസിദ്ധീകരിച്ച *സത്യപ്രകാശിനി* എന്നു കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ.

ക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ ബൈബിൾ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് കൃഷ്ണൻനമ്പ്യാതിരി ഈ ആരോപണം ക്രൈസ്തവർക്കുനേരെ ഉന്നയിക്കുന്നത്. "വേദപുസ്തകമോ ഹിന്ദുമതഗ്രന്ഥങ്ങളോ പരിശോധിക്കുന്ന ഒരാൾക്ക് ഈ മാതിരി നികൃഷ്ട വാക്കുകൾ ഉപയോഗിക്കാൻ ഒരിക്കലും കഴികയില്ല" എന്നു തുടക്കത്തിലേ കെ. വി. സൈമൺ വ്യക്തമാക്കുന്നുണ്ട്. 'തന്തയില്ലാത്ത' എന്ന പ്രയോഗം യേശുവിനെക്കുറിച്ചാണ്. ഈ ആരോപണത്തിന് മറുപടി പറഞ്ഞുവന്ന കൂട്ടത്തിൽ, മഹാകവി ഹിന്ദുമതത്തിലെ പല ദിവ്യന്മാരുടെയും ജനനത്തെക്കുറിച്ചുള്ള കഥകൾ കുടഞ്ഞിടുന്നുണ്ട്.

അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യരുടെ ജനനത്തെക്കുറിച്ച് *കേരളോല്പത്തി*യിൽ കാണുന്നത്, വിധവയായ ഒരു ബ്രാഹ്മണസ്ത്രീയെ സ്വജനങ്ങൾ പുറംതള്ളിയ കാലത്ത് ശ്രീമഹാദേവന്റെ പുത്രനായി അവളിൽനിന്നും അദ്ദേഹം ജനിച്ചു എന്നാണ്. അതുകൊണ്ട് കൃഷ്ണൻ നമ്പ്യാതിരി ക്രിസ്തുമതത്തെപ്പറ്റി മേല്പറഞ്ഞ വിശേഷണങ്ങൾ ശങ്കരാചാര്യരുടെ അദ്വൈത മതത്തിനും നന്നായി ഇണങ്ങുമെന്ന് തിരിച്ചടിച്ചശേഷം, കെ. വി. സൈമൺ തുടർന്നെഴുതുന്നതു നോക്കുക:

> കർണ്ണന്റെ ജനനത്തെപ്പറ്റി വ്യാസൻ എന്തു പറയുന്നു? കുന്തി കന്യകയായിരിക്കുമ്പോൾ സൂര്യനാൽ അവൾ ഗർഭം ധരിച്ചതായിട്ടല്ലേ കാണുന്നത്. 'ഭാരതം' വിശ്വസിക്കാവുന്ന പ്രസംഗകർത്താവിനു ക്രിസ്തു

> വിന്റെ കന്യകാജനനത്തെ വിശ്വസിപ്പാൻ എന്തുകൊണ്ടു കഴിയുന്നില്ല? മാത്രമോ, ഒരു മനുഷ്യസ്ത്രീയിൽ നിന്നുള്ള ക്രിസ്തു വിന്റെ ജനനത്തെ സംശയിക്കുന്ന പ്രാസംഗികൻ ആരും ചിരിച്ചു പോകത്തക്ക എത്ര അസാദ്ധ്യജനനങ്ങളെയാണ് വിശ്വസിച്ചു വരുന്നത് എന്നോർക്കട്ടെ. (*സത്യ പ്രകാശിനി അഥവാ ഹൈന്ദവപ്രസംഗ നിരൂപണം*, published in 1926, page 55,56)

ഇത്രയും പറഞ്ഞിട്ട്, ആ 'അസാദ്ധ്യജനനങ്ങളുടെ' ലിസ്റ്റ് അദ്ദേഹം നിരത്തുന്നു. അചലമുനി ജനിച്ചത് പിടിയാനയിൽനിന്ന്; കേശപിംഗലൻ ജനിച്ചത് നത്തിൽനിന്ന്; അഗസ്ത്യൻ ജനിച്ചത് അകത്തിപ്പൂവിൽനിന്ന്; കൌശികൻ ജനിച്ചത് കശപ്പുല്ലിൽനിന്ന്! ജംബുകമഹർഷി ജനിച്ചത് കുറുക്കനിൽ നിന്നാണത്രേ!!

മഹാകവി കെ. വി. സൈമൺ തന്റെ പ്രത്യുക്തി ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്:

> ദ്രോണൻ കുടത്തിൽനിന്നും മധുകൈടഭന്മാർ വിഷ്ണുവിന്റെ ചെവിക്കായത്തിൽനിന്നും സഗരന്റെ അറുപതിനായിരം പുത്രന്മാർ ഒരു ചുരയ്ക്കയിൽനിന്നും ജനിച്ചതായും കാണുന്നുണ്ട്..... ഈ സർവ്വാബദ്ധങ്ങൾ വിശ്വസിക്കാവുന്ന പ്രാസംഗികനു മനുഷ്യസ്ത്രീയിൽ നിന്നു ജനിച്ച ക്രിസ്തുവിന്റെ ചരിത്രം വിശ്വസിക്കുന്നത് അസാദ്ധ്യമാണുപോൽ. അത്യാശ്ചര്യം തന്നെ. (page 56)

ചുരുക്കിപ്പറഞ്ഞാൽ, ക്രൈസ്തവർക്കു നേരെ ആഞ്ഞടിക്കുക എന്ന ലക്ഷ്യത്തോടെ, വസ്തുതകളും മാന്യതയും മറന്ന്, മുന്നോട്ടു തേരു തെളിച്ച ശ്രീ. കൃഷ്ണൻ നമ്പ്യാതിരി, 'വടി കൊടുത്ത് അടി വാങ്ങുക' എന്ന പഴഞ്ചൊല്ലിനെ തന്റെ ജീവിതത്തിൽ പകർത്തിക്കാണിക്കുകയായിരുന്നു.

ooo

# തിരശ്ശീല വീഴുന്നു

# 28

ഏതു മനുഷ്യനും ഒടുവിൽ മരണത്താൽ ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടേണ്ടതുണ്ട്. മഹാകവി കെ. വി. സൈമൺ എന്ന ക്രൈസ്തവമണ്ഡലത്തിലെ ധീരയോദ്ധാവിന്റെ ഭൗമികജീവിതത്തിനും തിരശ്ശീല വീഴേണ്ടതുണ്ടായിരുന്നു. 1883 ഫെബ്രുവരി 7 ന് ജനിച്ച അദ്ദേഹം 1944 ഫെബ്രുവരി 20 ന് നിദ്ര പ്രാപിച്ചു. ഒരു ഫെബ്രുവരി മുതൽ മറ്റൊരു ഫെബ്രുവരി വരെ നീണ്ട ഇഹലോകവാസം! 61 വർഷം മാത്രം നീണ്ടു നിന്ന ഭൗമികജീവിതം!

ഒരു സാഹിത്യസമിതിയുടെ വാർഷികയോഗത്തിൽ അദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ട അദ്ദേഹം, സാഹിത്യസംബന്ധമായ ഒരു പ്രസംഗം ചെയ്യവേ, തന്റെ നാവിനൊരു കുഴച്ചിൽ... വാക്കുകൾക്ക് ചെറിയൊരു സ്ഫുടതയില്ലായ്മ... ഇതായിരുന്നു തുടക്കം. പിന്നീടങ്ങോട്ട് ആരോഗ്യത്തിന്റെ പൊടുന്നനെയുള്ള പിന്മാറ്റം... അതെ, മഹാകവി കെ. വി. സൈമൺ എന്ന വലിയൊരു അദ്ധ്യായം അവസാനിക്കാൻ തുടങ്ങുകയായിരുന്നു. മഹാകവിയുടെ ജീവചരിത്രം എഴുതിയ ശ്രീ. ടി. എ. കുരിയന്റെ വാക്കുകൾ ഇപ്രകാരമാണ്:

> 117 മേടം 4. അയിരൂർ സാഹിത്യസമിതിയുടെ ക്ഷണമനുസരിച്ച് ഒരു വാർഷികയോഗത്തിൽ താൻ ആദ്ധ്യക്ഷം വഹിക്കയും സാഹിത്യപരമായ ഒരു പ്രസംഗം ചെയ്കയും ചെയ്തു. ഈ ഘട്ടത്തിൽ ജിഹ്വാഗ്രസ്തംഭനം മൂലം ഉച്ചാരണത്തിൽ തനിക്കു അൽപം അവ്യക്തതയുള്ളതായി തോന്നി. സുപ്രസിദ്ധമായ തന്റെ "അക്ഷരപ്രസ്ഫുടത്വ" ത്തിനു ഇതുവരെയും യാതൊരു അപകർഷവും നേരിട്ടിരുന്നില്ല. തന്റെ ശക്തി ദിനേന ക്ഷയിച്ചു. ഉന്മേഷവും പ്രസരിപ്പും കുറഞ്ഞുകൊണ്ടിരു ന്നു. ചില സന്ദർഭങ്ങളിൽ സംഭാഷണമദ്ധ്യേ, തന്റെ നിര്യാണകാലം സമീപിച്ചിരിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, നിര്യാണശേഷം, തന്നെ സ്വന്തം പുരയിടത്തിൽ ഇന്ന സ്ഥാനത്ത് സംസ്ക്കരിക്കണമെന്നും ശിഷ്യന്മാരിൽ ചിലരോട് മുൻകൂട്ടി പറയുകയുണ്ടായി. (*മഹാകവി കെ. വി. സൈമൺ* - ജീവചരിത്രം, രണ്ടാം പതിപ്പ്, by T. A. Kurian, published by Premier Printers, Angamaly in 1990, പേജ് 357)

തന്റെ ഭൗമകൂടാരം പൊളിഞ്ഞുപോകാറായിരിക്കുന്നുവെന്ന വസ്തുത മനസ്സിലാക്കിയ മഹാകവി, തന്റെ അന്ത്യാഭിലാഷങ്ങളായി ചില കാര്യങ്ങൾ

പറഞ്ഞിരുന്നുവെന്നു തന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തന്നെ എവിടെ അടക്കണം എന്നതാണ് ഒരു കാര്യം. നിശ്ചലമായ തന്റെ ഭൗതിക ശരീരത്തിൽ ആരും ചുംബിക്കരുത് എന്നതാണ് മറ്റൊരു നിർദ്ദേശം. കരയാം; പക്ഷേ കരച്ചിലിന്റെ ശബ്ദം പുറത്തേക്ക് ഉയരരുത് എന്നതാണ് മറ്റൊരു ആഗ്രഹം. (*മഹാകവി കെ.വി. സൈമൺ* – ജീവചരിത്രം, പേജ് 395)

1118 കുംഭം 8-ാം തീയതി – മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 1944 ഫെബ്രുവരി 20-ാം തീയതി – ശാരീരികമായി അത്യന്തം ബലഹീനനെങ്കിലും, തന്റെ അന്ത്യാഭിലാഷങ്ങളെ പങ്കുവെച്ച്, ഹൃദയത്തിൽ പോരാട്ടവീര്യം തെല്ലും കുറയാതെ സൂക്ഷിച്ച ആ "പട ചേർത്തവനെ പ്രസാദിപ്പിക്കുന്ന പടയാളി" (2 തിമൊഥെയൊസ് 2:4), തന്റെ ഓട്ടം പൂർത്തിയാക്കി. ആ കണ്ണുകൾ അടഞ്ഞു; ആ മേഘഗർജ്ജനം നിലച്ചു; ആ സൂര്യശോഭ മാഞ്ഞു...

മഹാകവിയുടെ വേർപാടിന്റെ വാർത്ത പരന്നത് കാട്ടുതീയിനെ വെല്ലുന്ന വേഗത്തിലാണ്. സംഗീതവാസനയുള്ള അന്നത്തെ സഹൃദയസമൂഹം മഹാകവിയുടെ ഭൗതികശരീരത്തെ അവസാനമായി ഒന്നു കാണാൻ തടിച്ചു കൂടി. അനുശോചനയോഗത്തിൽ കേരളവർമ്മരാജാ അവർകളും പങ്കെടുത്തിരുന്നു. അക്കാര്യങ്ങളെക്കുറിച്ച് ജീവചരിത്രകാരന്റെ വിവരണം തന്നെ നമുക്കു വായിക്കാം:

> ശ്രീമാൻ കേരളവർമ്മരാജാ അവർകൾ (ആറന്മുള) മി. സൈമന്റെ അനേകം വിശേഷഗുണങ്ങളെക്കുറിച്ച് പ്രസംഗിക്കവേ, 'അദ്ദേഹം കേരളത്തിലെ ഒരു മാർട്ടിൻ ലൂഥർ ആയിരുന്നു' എന്നു പ്രസ്താവിച്ചു.
>
> അനന്തരം മൂത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശി അവർകൾ പ്രസംഗിച്ചു. അര മണിക്കൂറോളം തന്റെ പ്രസംഗം നീണ്ടുനിന്നു. 'യോനാഥനേ എന്റെ സഹോദരാ നിന്നെച്ചൊല്ലി ഞാൻ ദുഃഖിക്കുന്നു. നീ എനിക്ക് അതിവത്സലനായിരുന്നു' എന്ന ഭാഗമാണ്, കർത്തൃസന്നിധിയിലേക്ക് കടന്നുപോയ തന്റെ പ്രിയ സ്നേഹിതന്റെ ഓർമ്മയ്ക്കായി താൻ വായിച്ചത്. യോനാഥനെക്കുറിച്ചുള്ള ദാവീദിന്റെ വിലാപം ഇത്ര കുറഞ്ഞു പോയതെന്താണെന്നു താൻ പലപ്പോഴും വിചാരിച്ചു ദുഃഖിച്ചിട്ടുണ്ടെന്നും അതിന്റെ യഥാർത്ഥ രഹസ്യം ഇപ്പോഴാണ് തനിക്കു ശരിയായി ബോധ്യപ്പെട്ടതെന്നും അദ്ദേഹം പറകയുണ്ടായി. ആത്മമിത്രങ്ങളുടെ വിരഹത്തിലുണ്ടാകുന്ന ദുഃഖം വാക്കുകൾ കൊണ്ട് വർണ്ണിക്കാവുന്നതോ വിലപിച്ചവസാനിപ്പിക്കാവുന്നതോ അല്ല എന്നു താൻ സമാശ്വസിച്ചു. ദുഃഖ

ത്തിന്റെ പരമ കാഷ്ഠയിൽ വാക്കുകൾ കുറഞ്ഞു പോകുന്നത് അദ്ദേഹം ദൃഷ്ടാന്തമായിട്ടെടുത്തു കാണിച്ചു. (പേജ് 367)

മഹാകവി ഉള്ളൂർ, ശ്രീ. സൈമന്റെ നിര്യാണത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "1118-മാണ്ടു കുംഭമാസം 8-ാം നു രക്തസമ്മർദ്ദം നിമിത്തം പരഗതിയെ പ്രാപിച്ചു" (*കേരളസാഹിത്യചരിത്രം* അഞ്ചാം വാല്യം, പേജ് 40 published by Kerala University in 1990).

വർഷങ്ങൾക്കു ശേഷം, 1983 ൽ, അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, ഉപമുഖ്യമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയ, വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബ് എന്നിവർ രക്ഷാധികാരികളായി ഒരു ആഘോഷസമിതി രൂപീകരിക്കുകയും മഹാകവി കെ. വി. സൈമന്റെ ജന്മശതാബ്ദി സമുചിതം ആഘോഷിക്കുകയും ചെയ്തു. 350-ഓളം പേജുകളുള്ള 'ജന്മശതാബ്ദിസ്മരണിക' നാഷണൽ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ സ്മരണികയിൽ, മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു എഴുതിയ ലേഖനത്തിലെ അവസാനഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനപരമ്പര ഇവിടെ അവസാനിപ്പിക്കുകയാണ്:

> സ്മര്യപുരുഷന്റെ കൃതികളിൽ പ്രകാശം കണ്ടിട്ടില്ലാത്തവയും പുനഃപ്രകാശനം ആവശ്യമുള്ളവയും തേടിപ്പിടിച്ച് പ്രകാശനം ചെയ്യുന്നതും അദ്ദേഹത്തിന്റെ സാഹിത്യസേവനങ്ങളെ വിലയിരുത്തുന്ന ഒരു ബൃഹദ്ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതും സമുചിതമായിരിക്കും. മഹാകവി എഴുതിയ ഡയറിക്കുറിപ്പുകൾ, അദ്ദേഹം ഉപയോഗിച്ചിരുന്ന വിലയേറിയ ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ കൃതികൾ മുതലായവ സംഭരിച്ച് ഒരു മ്യൂസിയം ഉണ്ടാക്കാൻ കഴിഞ്ഞാൽ അതും അദ്ദേഹത്തിന്റെ സ്മരണയെ ശാശ്വതീകരിക്കുവാൻ ഉപകരിക്കുന്നതോടൊപ്പം സാഹിത്യ വിദ്യാർത്ഥികളുടെ ഗവേഷണപഠനങ്ങൾക്കു സഹായിക്കുന്ന ഒരു വിജ്ഞാന ഭണ്ഡാഗാരവുമായിരിക്കും. (*മഹാകവി കെ. വി. സൈമൺ ജന്മശതാബ്ദി സ്മരണിക*, page 40, published by National Book Stall, in 1984)

ooo

# Bibliography


1. *മഹാകവി കെ.വി. സൈമൺ ജന്മശതാബ്ദി സ്മരണിക,*
2. *മഹാകവി കെ.വി. സൈമൺ – ജീവചരിത്രം* ടി. എ. കുരിയൻ
3. *കേരളസാഹിത്യചരിത്രം* (അഞ്ചാം വാല്യം) ഉള്ളൂർ
4. *ലീല* (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്)
5. *മലയാളകവിതാസാഹിത്യചരിത്രം,* ഡോ. എം. ലീലാവതി
6. *264 മാർപാപ്പമാർ* ജെ. പി. തോട്ടിൽ
7. *തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനിക പെന്തെക്കോസ്തിന്റെ ആത്മാവും* ഡോ. കെ. സി. തോമസ്
8. *വേദവിഹാരം* (നാലാം പതിപ്പ്) മഹാകവി കെ. വി. സൈമൺ
9. *ഷാലബത്യാ (ഉത്തമഗീതവ്യാഖ്യാനം)* മഹാകവി കെ. വി. സൈമൺ
10. *നിക്കൊലാവ്യമതം അഥവാ പട്ടം* മഹാകവി കെ. വി. സൈമൺ
11. *സത്യപ്രകാശിനി അഥവാ ഹൈന്ദവ പ്രസംഗനിരൂപണം* കെ. വി. എസ്.
12. *വെളിപ്പാടു പുസ്തകവ്യാഖ്യനം* കെ. വി. എസ്.
13. *മറുഭാഷാനികഷം* കെ. വി. എസ്.
14. *ശാപതാചാരത്തിന്റെ പാഷാണ്ഡത* കെ. വി. എസ്.
15. *സത്യപ്രകാശിനി അഥവാ ഹൈന്ദവപ്രസംഗനീരൂപണം* കെ. വി. എസ്.


ooo



## എം. വി. സെബാസ്റ്റ്യൻ, കൊട്ടേക്കാട്

1970 മെയ് 29ന്, ഒരു കത്തോലിക്കാ കുടുംബത്തിൽ ജനനം. 1987ൽ യേശുക്രിസ്തു മൂലമുള്ള രക്ഷയെക്കുറിച്ചു മനസ്സിലാക്കി. 1988 ജൂൺ 5 ന് സ്നാനമേറ്റു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും, ബിരുദാനന്തര ബിരുദവും, എം.ഫിൽ ബിരുദവും ഉണ്ട്. കൂടാതെ, ചരിത്രത്തിലും, എജ്യുക്കേഷൻ മാനേജ്മെന്റിലും, സോഷ്യോളജിയിലും ബിരുദാനന്തര ബിരുദങ്ങളുണ്ട്. *റിയൽ ലൈഫ് വോയ്സ്* എന്ന മാസികയുടെ എഡിറ്ററാണ്.

REAL LIFE
Kottekad
Kuttur P O
Thrissur - 680 013
Kerala, India

Mob: 95 44 557 557